VOL NO: 03 | ISSUE 17

# നേർപഥം


വാരിക

www.nerpatham.com | mail@nerpatham.com

2019 APRIL 27 | ₹12

## അബ്ദുൽ ജബ്ബാർ മൗലവി: വിജ്ഞാനവും വിനയവും ഒത്തിണങ്ങിയ വഴികാട്ടി

പാണ്ഡിത്യം, ക്ഷമ, വിനയം തുടങ്ങി ഒരു പണ്ഡിതനിൽ എന്തെല്ലാം ഗുണങ്ങളുണ്ടാവേണ്ടതുണ്ടോ അതെല്ലാം കൃത്യമായ അളവിൽ സമ്മേളിച്ച വ്യക്തിത്വമായിരുന്നു ഈയിടെ അന്തരിച്ച അബ്ദുൽ ജബ്ബാർ മൗലവി. നിരന്തരമായ വായനയും ഇസ്‌ലാമിക പ്രമാണങ്ങളിൽ ആഴത്തിലുള്ള പരിജ്ഞാനവും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കി. മൗലവിയുടെ ജീവിതരീതി, രചനകൾ, സംഘടനാ പാടവം തുടങ്ങിയവയിലേക്ക് ഒരു എത്തിനോട്ടം.



## മരണാനന്തരം?

എണ്ണിയാലൊടുങ്ങാത്ത അക്രമങ്ങളും അനീതിയുമാണ് സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. പലതും പിടിക്കപ്പെടുന്നു. എന്നാൽ, പിടിക്കപ്പെടാത്തതും ആരാണ് ചെയ്തത് എന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമാണ് ഭൂരിഭാഗവും. ചിലപ്പോഴെങ്കിലും നിരപരാധികൾ ശിക്ഷിക്കപ്പെടുന്നു; അപരാധികൾ രക്ഷപ്പെടുന്നു. കിട്ടിയ ശിക്ഷയാവട്ടെ പൂർണമല്ല താനും. എന്താണ് കുറ്റം ചെയ്തവർക്കുള്ള ആത്യന്തിക ശിക്ഷ? നിരപരാധികളെന്ന് കണ്ട് നീണ്ട വർഷത്തെ തടവിന് ശേഷം വിട്ടയക്കപ്പെടുന്നവർക്ക് എന്ത് നഷ്ടപരിഹാരം നൽകിയാലാണ് അനുഭവിച്ച പ്രയാസങ്ങൾക്ക് പകരമാവുക? തെല്ലും പക്ഷപാതിത്വമില്ലാതെ, നീതിയുക്തമായ പരിഹാരം നിർദേശിക്കാൻ സൃഷ്ടിച്ച സ്രഷ്ടാവിനേ കഴിയൂ. അതിന് മരണാനന്തര ജീവിതവും പരലോകത്തെ രക്ഷ-ശിക്ഷാ വിധികളും മാത്രമെ ഉപകരിക്കൂ.

|| വിദ്യാഭ്യാസരംഗത്തെ മലീമസമാക്കരുത്

|| മനസ്സിനെ ബാധിക്കുന്ന കഠിന രോഗം

|| ബറേൽവികളുടെ വഹാബി വിമർശനങ്ങൾ




# ഖുർആൻ പഠനം
## നിങ്ങളുടെ വിരൽ തുമ്പിൽ

peaceradio
annoor
QURAN LEARNING PROGRAMME

# അന്നൂർ
## ഖുർആൻ പഠന പദ്ധതി

**നിങ്ങളുടെ ഫോണിലും...!**

നിങ്ങളുടെ ഫോണിലെ പ്ലേ സ്റ്റോർ/ആപ് സ്റ്റോർ തുറന്ന ശേഷം PEACE RADIO എന്ന് സെർച്ച് ചെയ്യുക. റേഡിയോ ഇൻസ്റ്റാൾ ചെയ്ത് തുറന്ന ശേഷം താഴെ കാണുന്ന കോഴ്സ് ബട്ടൺ അമർത്തി അന്നൂർ കോഴ്സിൽ രജിസ്റ്റർ ചെയ്യുക. ക്ലാസ് തുടങ്ങുന്ന സമയത്ത് അറിയിപ്പുകൾ ലഭിക്കുന്നതാണ്




peaceradio
Tune to reality

റജിസ്റ്റർ ചെയ്യൂ...
ഇപ്പോൾ തന്നെ

WhatsApp +91 9020 840 840

നേർപഥം
വാരിക

0119 / 2019 ഏപ്രിൽ 27/ 1440 ശഅബാൻ 22 / പുസ്തകം 03 / ലക്കം 17

# മരണാനന്തരം?

**മുബാറക്ബിൻ ഉമർ / 10**


**മുഖമൊഴി**

വിദ്യാഭ്യാസരംഗത്തെ മലീമസമാക്കരുത് / 05
എഡിറ്റർ

**ചരിത്രപഥം**

ആകാശത്ത് നിന്നും ഭക്ഷണത്തളിക / 30
ഹുസൈൻ സലഫി, ഷാർജ

**ക്വുർആൻ ദർശനം**

ഇൻസാൻ (മനുഷ്യൻ), ഭാഗം: 3 / 16
ഹാരിസ് ബിൻ സലീം

**ബാലപഥം**

നമസ്കാരം / 34
ഉസ്മാൻ പാലക്കാഴി

**ലേഖനം**

അബ്ദുൽജബ്ബാർ മൗലവി: വിജ്ഞാനവും വിനയവും ഒത്തിണങ്ങിയ വഴികാട്ടി / 06
ഫൈസൽ പുതുപ്പറമ്പ്

ബറേൽവികളുടെ വഹാബി വിമർശനങ്ങൾ / 18
യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ

മനസ്സിനെ ബാധിക്കുന്ന കഠിന രോഗം / 22
ഫത്ഹുദ്ദീൻ ചുഴലി

രണ്ടാം അക്വബ ഉടമ്പടി / 26
ഫദ്‌ലുൽ ഹഖ് ഉമരി



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 9207525244 | mail@nerpatham.com | www.nerpatham.com | Facebook: www.facebook.com

## വായനക്കാർ എഴുതുന്നു



# ആദ്യം വോട്ട് മനഃസാക്ഷിക്ക്, പിന്നെ ഇന്ത്യയ്ക്കും

**ക**ഴിഞ്ഞ നാളുകളിലെ ഇന്ത്യയെ പഴിപറഞ്ഞ് സമയം കളയേണ്ട ഗതികേട് നമുക്കില്ല. കാരണം ഇന്ത്യ ഇന്ത്യക്കാരന്റേതാണ്; അതിനെതിരെയുള്ള ഒന്നും നമുക്ക് സഹിക്കില്ല. അത്രമേൽ മാതൃരാജ്യത്തെ സ്നേഹിക്കുന്നവരാണ് നാം. പക്ഷേ, മാതൃരാജ്യത്തിനുള്ളിലെ പിന്നിട്ട അഞ്ചു വർഷാനുഭവങ്ങളിൽ പലതും അത്ര കരണീയമായിരുന്നില്ല ഇന്ത്യക്കാരന്. അവയെക്കുറിച്ച് ഓർക്കാനോ, ആവർത്തിക്കാനോ ഇഷ്ടപ്പെടാത്തവരാണ് നാം.

അക്രമം ആഘോഷമാക്കിയ ന്യൂനാൽ ന്യൂനപക്ഷത്തിന്റെ സ്വൈരവിഹാരത്തിന് ആക്കം കൂട്ടുന്ന തരത്തിലേക്ക് ഇന്ത്യ പൊടുന്നനെ മാറിയത് ഭൂരിപക്ഷത്തിന്റെ ഉറക്കം കെടുത്തിയിട്ടുണ്ട്; ഇന്നലെകളിൽ. ബലിഷ്ഠമായ ഭരണഘടന സ്വന്തമായുള്ളവരും ഭരണീയർക്ക് ഭരണകർത്താക്കളെ തിരഞ്ഞെടുക്കാൻ തുറന്ന അവസരമുള്ളവരുമാണ് നാം. അവിടെയാണ് ഭരണീയരായ നാം അശാന്തിയിലകപ്പെട്ടത്. അതിനാൽ വരാനിരിക്കുന്ന സുവർണാവസരം ക്രാന്തദൃക്കോടെ ഉപയോഗിക്കാൻ ഇനിയും നമ്മെ ആരെങ്കിലും പഠിപ്പിക്കേണ്ടതുണ്ടോ?

ഇല്ല, ഒരിക്കലുമില്ല! നഷ്ടസ്വപ്നങ്ങൾ വീണ്ടെടുക്കാൻ ഇനിയുള്ള വർഷങ്ങളിൽ ആരുടെ കയ്യിൽ ഭരണമേൽപിക്കണമെന്ന് തിരിച്ചറിഞ്ഞവരാണ് നാം.

ഒരു വ്യക്തി, പാർട്ടി, വിഭാഗം എന്നിവയുടെ ഉന്നമനവും വികസനവുമാവരുത് നമ്മുടെ ലക്ഷ്യം. മറിച്ച് രാഷ്ട്രശിൽപികൾ ലക്ഷ്യം വെച്ച ശാന്തസുന്ദരമായ ഒരിന്ത്യ; ആ ഇന്ത്യയിലെ മുഴുവൻ മനുഷ്യരുടെയും സമാധാനജീവിതം, അതാവണം നമ്മുടെ സ്വപ്നവും ലക്ഷ്യവും.

എല്ലാ നല്ല വശങ്ങളെയും കോർത്തിണക്കി കഴിഞ്ഞ കാലങ്ങളിൽ മാഹാരഥന്മാരായ മഹത്തുകൾ അത്തരമൊരു ഇന്ത്യയെ നമുക്ക് കാണിച്ചുതന്നിട്ടുണ്ട്. ആ മഹിത മാർഗരേഖയെ തൃണവൽഗണിക്കാൻ തുടങ്ങിയ നിമിഷം മുതലാണ് നമ്മുടെമേൽ കരിനിഴൽ പതിയാനാരംഭിച്ചത്. അതിനാൽ അവരുടെ നിഷ്കളങ്ക ജീവിതത്തിലേക്കും ആശയത്തിലേക്കും മടങ്ങലാണ് ഏറ്റവും ഉത്തമം.

2019 ഏപ്രിൽ 23 വിളിപ്പാടകലെയാണ്. ആശങ്കകൾക്ക് മറുമരുന്ന് കുറിക്കാനുള്ള 'മഷിക്കോൽ' നമ്മുടെ കയ്യിലണയും. അന്ന് ചട്ടക്കടലാസിന്റെ താൽക്കാലിക മറക്കുള്ളിൽ വെച്ച് നമ്മളത് കുറിച്ചിരിക്കണം. സാമാശ്വാസത്തിന്റെ നെടുവീർപ്പ് അതുവഴി എല്ലാവർക്കും സമർപ്പിക്കാനാവണം.

അതെ, 23ന് നമ്മുടെ ഇന്ത്യയെ നമുക്ക് രക്ഷിച്ചേ മതിയാവൂ. അനാവശ്യ ചർച്ചകളും വാശികളും പഴയ ക്ലിപ്പുകളുടെ പ്രചാരണവും വാക്കിലെ പിഴവുകളുടെ ആഘോഷവും സ്വകാര്യമായി റെക്കോഡ് ചെയ്യപ്പെട്ട സംസാരങ്ങളും ഔദ്യോഗികമല്ലാത്ത ടെക്സ്റ്റ് മെസേജുകളും വികാരത്തെ വൃണപ്പെടുത്തുന്ന ട്രോളുകളും കൊടിയുടെ നിറ വ്യത്യാസങ്ങളും വോട്ടിനെ മാത്രം ലക്ഷ്യമാക്കിയുള്ള വാഗ്ദാനങ്ങളും നമ്മെ ലക്ഷ്യത്തിൽ നിന്ന് തെറ്റിക്കരുത്.

അനുഭവമാണ് ഗുരു. ഇന്നലെവരെയുള്ള അനുഭവ യാഥാർഥ്യങ്ങൾ മുന്നിൽ വെച്ച് ചില ചോദ്യങ്ങൾ നാം സ്വയം ചോദിക്കേണ്ടതുണ്ട്. അതിനെ ഇങ്ങനെ സംഗ്രഹിക്കാം:

II ഇനിയും ഫാസിസത്തെ പിന്തുണക്കുന്നവർ തന്നെ ഭരണം കയ്യാളണമോ?

II ഭരണമാറ്റം ഇന്ത്യയുടെ പൊതുവികാരമല്ലേ?

II ചെറു പാർട്ടികളിലൂടെ വോട്ടുകൾ ഭിന്നിക്കുന്നത് അപകടമല്ലേ?

II വലിയ പ്രയാസത്തെ നിർമാർജനം ചെയ്യുന്നതിനായി തെറ്റല്ലാത്ത അഡ്ജസ്റ്റ്മെന്റുകൾക്ക് തയ്യാറാവുന്നത് ഭീരുത്വമാണോ?

II മതേതര മൂല്യങ്ങളിൽ വിശ്വസിക്കുന്ന രാഷ്ട്രീയ പാർട്ടികളിൽ മാനുഷികമായ എന്തെങ്കിലും പാകപ്പിഴവുകൾ വന്ന് പോയിട്ടുണ്ടെങ്കിൽ അതിന് പകരം വീട്ടേണ്ട സമയമാണോ ഇപ്പോൾ?

II ഗൗരവ ചിന്തയില്ലാത്ത ഇടപെടൽ ഇനിയൊരവസരം നമുക്ക് നൽകുമെന്ന് തോന്നുന്നുണ്ടോ?

സുദൃഢമായ സാഹോദര്യം പൂത്തുലയാൻ ആദ്യം വോട്ട് മനഃസാക്ഷിയോട് അഭിപ്രായമാരാഞ്ഞ് ഭാവി ഇന്ത്യയുടെ നന്മക്കായി നൽകുക.

**-മുസ്‌ലിം ബിൻ ഹൈദർ**

# വിദ്യാഭ്യാസരംഗത്തെ മലീമസമാക്കരുത്

ഒരു രാജ്യത്തിന്റെ ഭാവി ആ രാജ്യത്തിന്റെ പാഠശാലകളിൽവെച്ചാണ് രൂപം കൊള്ളുന്നതെന്ന് പറയാറുണ്ട്. വിദ്യാഭ്യാസത്തിൽ ഭരണകൂടങ്ങൾ പിടിമുറുക്കുന്നത് അതുകൊണ്ടാണ്. പ്രത്യേകിച്ച് വ്യക്തമായ ഒരു പ്രത്യയശാസ്ത്രമുള്ള ഭരണകൂടങ്ങൾ. ഇതുകൊണ്ടായിരുന്നു സർക്കാറുകളെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇടപെടാൻ അനുവദിക്കരുതെന്ന് സർസയ്യിദിനെപ്പോലുള്ളവർ വാദിച്ചിരുന്നത്. പ്രത്യേകിച്ചും കരിക്കുലവും സിലബസും തയ്യാറാക്കുന്നതിൽ. അബുൽകലാം ആസാദ് ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയായിരിക്കെ പുരോഗമനവീക്ഷണമുള്ളവർക്കും മതേതരവിശ്വാസികൾക്കും ബൗദ്ധികമണ്ഡലത്തിൽ മേൽക്കൈ നേടാൻ അവസരമൊരുക്കുന്നതിൽ വിജയിച്ചു. പൊഫസർ താരാചന്ദിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്ര രചനാ സമിതി ഇതിന് ഉദാഹരണമാണ്.

ബി.ജെ.പി വർഗീയ അജണ്ടകളുള്ള ഒരു പാർട്ടിയാണ്. അതുകൊണ്ടുതന്നെ രാജ്യത്ത് മതേതരത്വം നിലിൽക്കണമെന്ന് ആഗ്രഹിക്കുന്ന ഭൂരിപക്ഷം ഇന്ത്യക്കാരും ആ പാർട്ടിയെ അംഗീകരിക്കുന്നില്ല. ഇന്ത്യൻ രാഷ്ട്രീയത്തിൽ മതേതരകക്ഷികൾക്കിടയിലുണ്ടായ പിളർപ്പും അനേകം ചെറുകക്ഷികളുടെ അവസരവാദ പിന്തുണയും നിലവിലെ ഭരണകൂടത്തിന്റെ കെടുകാര്യസ്ഥതയിൽ ജനങ്ങൾക്കുണ്ടായ അമർഷവുമാണ് ബി.ജെ.പിയെ ഭരണത്തിലെത്തിച്ചത്. പോൾചെയ്ത വോട്ടിന്റെ 31% മാത്രമാണ് ബി.ജെ.പിക്ക് ആകെ കിട്ടിയത് എന്നത് ശ്രദ്ധേയമാണ്. ആ 31% വോട്ടിന്റെ പിൻബലത്തിലാണ് അവർ ഇന്ത്യയെ ഭരിച്ചുകൊണ്ടിരിക്കുന്നത്!

വിവിധ സംസ്ഥാനങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പുകളുടെ ഫലമാകട്ടെ ബി.ജെ.പിക്ക് തിരിച്ചടിനൽകുന്നതും മതേതരകക്ഷികളുടെ കൂട്ടായ്മയുടെ വിജയം അറിയിക്കുന്നതുമാണ്. സാമുദായിക ധ്രുവീകരണത്തിലൂടെ വിജയം കൊയ്തെടുക്കാനുള്ള ബി.ജെ.പിയുടെ രാഷ്ട്രീയ തന്ത്രത്തിനാണ് ഉപതെരഞ്ഞെടുപ്പുകളിൽ കനത്ത തിരിച്ചടിയുണ്ടായത്. വികസനമെന്ന അജണ്ട മാറ്റിവെച്ച് 'ലൗ ജിഹാദ്' ഉൾപ്പെടെയുള്ള വിവാദവിഷയങ്ങളിലൂടെ മുസ്‌ലിം സമുദായത്തെ പ്രതിക്കൂട്ടിൽ നിർത്തി സാമുദായികവികാരം ആളിക്കത്തിക്കാനാണ് ബി.ജെ.പി പരിശ്രമിച്ചത്. ഇതിനെതിരെയുള്ള മതനിരപേക്ഷ ജനാധിപത്യശക്തികളുടെ കൂട്ടായ്മയാണ് ബി.ജെ.പിക്ക് കനത്ത തിരിച്ചടിയായത്. ആ കൂട്ടായ്മ വീണ്ടും വീണ്ടും ശക്തപ്പെടുത്തി മുന്നോട്ടുപോയില്ലെങ്കിൽ ഗുജറാത്ത് മോഡൽ 'ശുദ്ധീകരണം' ഇന്ത്യയിൽ പലയിടത്തും നടന്നേക്കാം. വിദ്യാഭ്യാസരംഗം മൊത്തം കാവിയിൽ പൊതിയപ്പെട്ടേക്കാം.

ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിലൊക്കെ പാഠ്യപദ്ധതിയിൽ ആകുന്നത്ര കാവിവത്കരണം നടത്തിയിട്ടുണ്ട്. നടത്താൻ ശ്രമിക്കുന്നുമുണ്ട്. 'വിദ്യാഭ്യാസത്തിന്റെ ഭാരതവത്കരണം' എന്നത് ഒരു ആർ.എസ്.എസ് അജണ്ടയാണ്. അതുകൊണ്ട് ഉദ്ദേശിക്കുന്നത് ഹൈന്ദവവത്കരണമാണ്. 2001ൽ ജോഷി അവതരിപ്പിച്ച 'രേഖ' അതിന് തെളിവാണ്. മതേതരത്വത്തിന്റെ പുനർനിർവചനം ആവശ്യപ്പെട്ട രേഖ വിദ്യാഭ്യാസത്തെ മൂല്യാധിഷ്ഠതമാക്കുന്നതിനുള്ള പദ്ധതികളാണ് സമർപ്പിക്കുന്നത് എന്നാണ് അവകാശപ്പെട്ടിരുന്നത്. ഇന്ത്യൻ പാരമ്പര്യം നിലനിർത്താൻ മാതാപിതാക്കളുടെ കാൽതൊട്ട് വന്ദിക്കുക, സംസ്കൃതം ലോകത്തിലെ എല്ലാ ഭാഷകളുടെയും മാതാവാണ്; അതിനാൽ അത് പഠിക്കൽ ആവശ്യമാണ്, വൈദികശാസ്ത്രവും വൈദികഗണിതവും പഠിപ്പിക്കുക... ഇങ്ങനെ പോകുന്നു ജോഷിയുടെ ആഗ്രഹങ്ങൾ. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ഘട്ടംഘട്ടമായി ഇതെല്ലാം നടപ്പിലാക്കിവരുന്നുണ്ട്. ആസന്നമായ തിരഞ്ഞെടുപ്പിൽ വീണ്ടും അധികാരത്തിൽ വന്നാൽ ഏകസിവിൽകോഡ് നടപ്പിലാക്കുമെന്നത് ഒരു വാഗ്ദാനമല്ല, ഭീഷണിയാണ്. ഇത് തിരിച്ചറിഞ്ഞ് വേണ്ടതു ചെയ്താൽ ഇന്ത്യ രക്ഷപ്പെടും.

ഫൈസൽ പുതുപ്പറമ്പ്
abuadilfaisal@gmail.com

ലേഖനം

# അബ്ദുൽജബ്ബാർ മൗലവി:
## വിജ്ഞാനവും വിനയവും ഒത്തിണങ്ങിയ വഴികാട്ടി

**ഈ** ലോകത്തിന് ഒരു അന്ത്യമുണ്ടെന്നും ആ അന്ത്യം അടുത്ത് വരുന്തോറും ചില അടയാളങ്ങൾ വെളിവാകുമെന്നും ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നു. അതിൽ ഒരു അടയാളമാണ് പണ്ഡിതന്മാർ ഇല്ലാതെയാവുകയും ആ സ്ഥാനം പിന്നീട് അവിവേകികൾ കയ്യേറുകയും ചെയ്യുമെന്നത്. ലോകത്തുനിന്ന് അറിവ് ഉയർത്തപ്പെടുമെന്നും അത് പണ്ഡിതന്മാരുടെ മരണം മുഖേനയാണെന്നും നബിﷺ പഠിപ്പിക്കുന്നു. തുറക്കൽ അബ്ദുൽജബ്ബാർ മൗലവിയുടെ മരണം (14.4.2019) ഈ ഹദീഥ് ഒരിക്കൽ കൂടി നമ്മെ ഓർമിപ്പിക്കുന്നു.

പാണ്ഡിത്യം, ക്ഷമ, വിനയം, വിരക്തി തുടങ്ങി എന്തൊക്കെ ഗുണങ്ങൾ ശരിയായ ഒരു പണ്ഡിതനിൽ ഉണ്ടാകേണ്ടതുണ്ടോ അതെല്ലാം ഒത്തിണങ്ങിയ വ്യക്തിയായിരുന്നു അബ്ദുൽജബ്ബാർ മൗലവി. പ്രഭാഷണ വേദികളിൽ അദ്ദേഹം നിറസാന്നിധ്യമായിരുന്നില്ല; എന്ന് മാത്രമല്ല, സ്റ്റേജിൽ കയറുന്നത് തന്നെ അദ്ദേഹത്തിന് ഇഷ്ടമായിരുന്നില്ല. സദസ്സിന്റെ ഏതെങ്കിലും ഒരു മൂലയിൽ ആരുടെയും ശ്രദ്ധയിൽ പെടാത്ത വിധം മാറിയിരിക്കാനായിരുന്നു അദ്ദേഹത്തിന് എന്നും താൽപര്യം. അഥവാ നിർബന്ധത്തിന് വഴങ്ങി കയറിയാൽ തന്നെയും അധികം താമസിക്കാതെ വേദിയിൽ നിന്ന് ഇറങ്ങുകയും ചെയ്യും. ഒരാളുടെയും ഔദാര്യം അദ്ദേഹം സ്വീകരിക്കുമായിരുന്നില്ല.

ഉസ്താദിന് എന്നും ഇഷ്ടം വിദ്യാർഥികളുടെയും ഗ്രന്ഥങ്ങളുടെയും ഇടയിൽ കഴിയാനായിരുന്നു. ഏത് കിതാബ് ചോദിച്ചാലും ആലോചിക്കുക പോലും ചെയ്യാതെ അതിന്റെ വിവരണങ്ങൾ നൽകുന്നത് കൗതുകത്തോടെയും അതിലേറെ ആശ്ചര്യത്തോടെയും പലപ്പോഴും നോക്കി നൽക്കാറുണ്ട്.

2001 മുതലാണ് ഞാൻ മൗലവിയെ പരിചയപ്പെടുന്നത്. ജംഇയ്യതുൽ ഉലമ പ്രതിമാസം സംഘടിപ്പിക്കുന്ന ദൗറ ഇൽമിയ്യഃയിൽ പങ്കെടുക്കാൻ കുഞ്ഞീതു മദനി(റഹ്)യുടെ കൂടെ ഞാനും പോകാറുണ്ടായിരുന്നു. പുളിക്കൽ ജാമിഅ സലഫിയ്യയുടെ ലൈബ്രറിയിൽ അലമാരകൾക്കിടയിലിരുന്ന് കിതാബുകൾ നോക്കുന്ന മൗലവിയെയാണ് ഞാനാദ്യം കാണുന്നത്. മിക്കവാറും ദിവസങ്ങളിൽ, മിക്കവാറും സമയങ്ങളിൽ അദ്ദേഹം ലൈബ്രറിയിലുണ്ടാകും. ജാമിഅ സലഫിയ്യ ലൈബ്രറിയിലെ ഏത് കിതാബിന്റെയും സ്ഥാനം ഏത് ഷെൽഫിൽ ഏത് കോണിലെന്ന് അദ്ദേഹത്തിന് മനപ്പാഠമായിരുന്നു. പലപ്പോഴും ചില സംശയങ്ങളുമായി ചെല്ലുമ്പോൾ അതിനാവശ്യമായ കിതാബ് മൗലവിയുടെ നിർദേശപ്രകാരം തിരഞ്ഞുപിടിച്ച് ശ്രമപ്പെട്ട് കണ്ടെത്തി അതുമായി ചെന്ന് മറിച്ച് നോക്കുമ്പോൾ പ്രസ്തുത പേജിൽ മൗലവിയുടെ ഏതെങ്കിലും ഒരു കയ്യടയാളം നമുക്ക് കാണാനാവും. പക്ഷേ, ആ മഹാന്റെ അറിവിന്റെ ആഴം അടുത്തറിഞ്ഞവർ ചുരുക്കം മാത്രം.

കിതാബുകളോടും ഇമാമുമാരോടും ഉള്ള മൗലവിയുടെ അങ്ങേയറ്റത്തെ ബഹുമാനം പലപ്പോഴും ആശ്ചര്യപ്പെടുത്തിയിട്ടുണ്ട്. പല വിഷയങ്ങളിലും സലഫി ആദർശത്തോട് പുറംതിരിഞ്ഞ് നിന്നവരും മദ്ഹബീ പക്ഷപാതിത്തം ഉള്ളവരുമായിരുന്ന മുൻകാല പണ്ഡിതരെ കുറിച്ച് പോലും ബഹുമാനം കുറഞ്ഞ വാക്കുകൾ ആരെങ്കിലും ഉപയോഗിച്ചാൽ അദ്ദേഹം അത് കേട്ട് കരയുന്നത് പല തവണ നേരിൽ കണ്ട് അനുഭവിച്ചിട്ടുണ്ട്.

2004ലെ മണ്ണാർക്കാട് സുന്നി, മുജാഹിദ് സംവാദ പശ്ചാത്തലത്തിലാണ് മൗലവിയുമായി കൂടുതൽ അടുത്തിടപഴകുവാൻ എനിക്ക് അവസരം കിട്ടിയത്. അന്ന് മുതൽ മൗലവിയുടെ അവസാന ശ്വാസം വരെയും ആ മാനസിക അടുപ്പം നിലനിർത്താൻ സാധിച്ചു, അൽഹംദുലില്ലാഹ്.

ശിർക്കിനും ബിദ്അത്തിനും എതിരെയുള്ള സംവാദങ്ങളും ഖണ്ഡനങ്ങളും അദ്ദേഹത്തിന് വലിയ താൽപര്യമായിരുന്നു. ഏത് സംവാദങ്ങത്തിന്റെയും മുന്നൊരുക്കങ്ങളിൽ കൃത്യമായ വഴികാട്ടിയായിരുന്നത് അബ്ദുൽ ജബ്ബാർ മൗലവി തന്നെയായിരുന്നു. മണ്ണാർക്കാട് സംവാദം മുതൽ മംഗലാപുരം സംവാദം വരെയുള്ള യാഥാസ്ഥിതികരുമായുള്ള സംവാദങ്ങളിലും കോഴിച്ചെനയിലും പത്തപ്പിരിയത്തും നടന്ന സംഘടനാ പക്ഷപാതികളുമായുള്ള സംവാദങ്ങളിലും വൈജ്ഞാനിക നേതൃത്വം നൽകിയത് അദ്ദേഹമായിരുന്നു. നമുക്ക് ചോദിക്കാവുന്ന ചോദ്യങ്ങളും അതിന് എതിരാളികൾ പറയാൻ സാധ്യതയുള്ള മറുപടികളും ആ മറുപടികൾക്ക് നാം നൽകേണ്ട പ്രതികരണങ്ങളും മൗലവി എഴുതി തയ്യാറാക്കി വരും; അത് ഓരോന്നും അദ്ദേഹം തന്നെ പഠിപ്പിച്ചു തരും. അത് മാത്രമല്ല എതിരാളികൾ കൊണ്ട് വരാൻ സാധ്യതയുള്ള ചോദ്യങ്ങളും മൗലവി നേരത്തെ എഴുതി തയ്യാറാക്കുമായിരുന്നു. ആ ചോദ്യങ്ങൾക്ക് നാം എന്തു മറുപടി നൽകണമെന്നും ആ മറുപടി നൽകിയാൽ അവർ പറയാൻ സാധ്യതയുള്ള പ്രതികരണങ്ങളും ചോദിച്ചേക്കാവുന്ന ഉപചോദ്യങ്ങളും അതിന് നാം നൽകേണ്ട മറുപടികളും പോലും എഴുതിക്കൊണ്ടുവന്ന് പഠിപ്പിച്ചു തരിക മൗലവിയുടെ പതിവായിരുന്നു. മൗലവി വൈജ്ഞാനിക നേതൃത്വം നൽകിയ സംവാദങ്ങളിൽ ഒന്നിൽ പോലും, എതിരാളികൾ ചോദിക്കാൻ സാധ്യതയുള്ള ചോദ്യങ്ങളായി അദ്ദേഹം പറഞ്ഞുതന്ന ചോദ്യങ്ങളല്ലാത്ത ഒരൊറ്റ ചോദ്യവും അവർ ചോദിച്ചിട്ടില്ല എന്നത്, അദ്ദേഹത്തിന്റെ അറിവിന്റെ ആഴമാണ് വ്യക്തമാക്കുന്നത്.

ആദർശ രംഗത്ത് അദ്ദേഹത്തിന് ബോധ്യപ്പെട്ട ഏതൊരു കാര്യവും തുറന്നു പറയാൻ അദ്ദേഹത്തിന് യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല എന്നതിന്റെ ഏറ്റവും വ്യക്തമായ തെളിവാണ് സംഘടനാ വിവാദങ്ങളിൽ അദ്ദേഹം സ്വീകരിച്ച നിലപാട്.

സത്യം തുറന്നെഴുതിയതിന്റെ പേരിൽ എന്തെല്ലാം ആക്ഷേപങ്ങളാണ് അദ്ദേഹത്തിന് കേൾക്കേണ്ടിവന്നത്! ശിർക്കിന്റെ പ്രചാരകർക്ക് മറുപടി എഴുതിയ ഒരു ലേഖനം എടുത്ത് അദ്ദേഹം ശിർക്കിലാണെന്നും മക്കയിൽ വിഗ്രഹാരാധനക്ക് തുടക്കമിട്ട അംറ് ബിൻ ലുഹയ്യിന്റെ സ്ഥാനത്താണെന്നും വരെ ചിലർ എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്തപ്പോൾ ആ മനസ്സ് എത്രമാത്രം വേദനിച്ചിട്ടുണ്ടാകും! താങ്കൾ ഇത് തിരുത്തിയില്ലെങ്കിൽ കാന്തപുരത്തിനെയും പൊൻമളയെയും എതിർക്കുന്ന പോലെ നിങ്ങളെ ഞങ്ങൾ എതിർക്കും എന്ന് കായക്കൊടിക്കാരൻ മൗലവിയുടെ മുഖത്ത് നോക്കി പറയുമ്പോൾ ഞാനുമുണ്ട് അതിന് സാക്ഷിയായിട്ട്. അപ്പോഴും മൗലവി പതിഞ്ഞ സ്വരത്തിൽ പറഞ്ഞു 'നിങ്ങൾ പോയി നിങ്ങളുടെ പണിചെയ്തുകൊള്ളുക' എന്ന്. അവസാനം ഒരു സംഘം ഒന്നിച്ച് മൗലവിയുടെ വീട്ടിൽ ചെന്ന് ഇത് തിരുത്തണമെന്ന് ആവശ്യപ്പെട്ടപ്പോഴും മൗലവി പറഞ്ഞു: 'അത് തിരുത്തണമെന്ന് എനിക്ക് അഭിപ്രായമില്ല. നിങ്ങൾക്ക് ആർക്കെങ്കിലും അങ്ങനെ അഭിപ്രായമുണ്ടെങ്കിൽ ആ അഭിപ്രായമുള്ളവർ തിരുത്തികൊള്ളുക.'

പ്രലോഭനങ്ങളും പ്രകോപനങ്ങളും പലതരത്തിൽ പല ഭാഗത്തുനിന്ന് വന്നപ്പോഴും അദ്ദേഹം ഉറച്ച് നിന്നത് അതാണ് സത്യം എന്ന ബോധ്യം കൊണ്ട് തന്നെയായിരുന്നു. പിന്നീട് ആ സത്യം വിജയിക്കുകയും ആദർശ മുജാഹിദുകൾ അത് ഏറ്റെടുക്കുകയും ചെയ്തതാണല്ലോ നാം കണ്ടത്.

**ലാളിത്യം**

ലളിത പൂർണമായിരുന്നു മൗലവിയുടെ ജീവിതം.

വേഷത്തിലും ജീവിത രീതിയിലും ആ എളിമ പ്രകടമായിരുന്നു. ചെറുപ്പ വലിപ്പ വ്യത്യാസമില്ലാതെ അദ്ദേഹം ആരുമായും ഇടപഴകും. വലിയ വാഹനങ്ങളിൽ കയറാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. പലപ്പോഴും ഏതെങ്കിലും ബൈക്കിന്റെ പുറകിൽ ഇരുന്ന് യാത്ര ചെയ്യാനായിരുന്നു മൗലവിക്ക് ഇഷ്ടം. ഒരാളും നൽകുന്ന ആനുകൂല്യങ്ങൾ അദ്ദേഹം സ്വീകരിക്കുമായിരുന്നില്ല. മക്കളൊന്നും അധ്വാനിക്കാൻ പ്രായമാവാത്ത സമയത്തും ജീവിത വിഷമങ്ങൾ അനുഭവിച്ചപ്പോഴും ഒരാളോടും ഇല്ലായ്മയെക്കുറിച്ച് പരാതി പറഞ്ഞില്ല. വളരെ തുഛമായ ശമ്പളത്തിന് സ്വകാര്യസ്ഥാപനത്തിൽ ജോലി ചെയ്തപ്പോഴും കുറഞ്ഞ ശമ്പളത്തെ കുറിച്ച് ഒരു പരാതി പോലും അദ്ദേഹത്തിനുണ്ടായിരുന്നില്ല. പാതിമാത്രം പണിതീർത്ത വീട്ടിൽ തുണികൊണ്ട് മറച്ച ജനലുകളും പാളികളില്ലാത്ത വാതിലുകളും തേച്ച് മിനുക്കാത്ത നിലവും അദ്ദേഹത്തിന് ഒരു പ്രയാസമായി ഒരിക്കലും അനുഭവപ്പെട്ടില്ല. അല്ലാഹുവേ, നീ സ്വർഗം നൽകി അനുഗ്രഹിക്കണേ.

### വിദ്യാർഥികളുടെ പ്രിയപ്പെട്ട ഉസ്താദ്

മൗലവിയിൽ നിന്ന് വിദ്യ നുകരാൻ അവസരം ലഭിച്ച ഏതൊരു വിദ്യാർഥിക്കും ധാരാളമുണ്ട് മൗലവിയെക്കുറിച്ച് പറയാൻ.

ഫലിതം നിറഞ്ഞതും ഏത് ഗഹനവിഷവും വളരെ ലഘുവായി കൈകാര്യം ചെയ്യുന്നതുമായ ആ ശൈലി ഒന്ന് വേറെത്തന്നെയായിരുന്നു. ക്ലാസിൽ ഇംഗ്ലീഷും ഹിന്ദിയുമെല്ലാം സംസാരത്തിനിടയിൽ കടന്നുവരും. പദ്യവും ഗദ്യവും നിറഞ്ഞതായിരുന്നു സംസാരങ്ങൾ. ക്ലാസിൽ വല്ലവനും ഉറക്കം തൂങ്ങിയാൽ മൗലവി പറയും: 'ഏക് ആദ്മീ ഉദർ സോതാ ഹേ.' അതോടെ ആരും ഉറങ്ങാത്ത വിധം ക്ലാസ് സജീവമാകും.

ഏത് സംശയവുമായി ചെന്നാലും കൃത്യമായ മറുപടി ഉടൻ കിട്ടും. എന്നാൽ പിന്നീട് എപ്പോഴെങ്കിലും കാണുമ്പോൾ അന്ന് പറഞ്ഞ മറുപടിയിലേക്ക് കൂട്ടിച്ചേർക്കാവുന്ന പോയിന്റുകൾ പറഞ്ഞുതരും. നാം ചോദ്യം ചോദിച്ചതിന് ശേഷം അദ്ദേഹം പിന്നെയും ആ വിഷയം മനസ്സിൽ കൊണ്ടുനടക്കുകയും അത് പരിശോധിച്ച് കണ്ടെത്തുകയും ചെയ്യുമായിരുന്നു എന്നർഥം.

### ഗുണകാംക്ഷിയായ ശ്രോതാവ്

എത്തിപ്പെടാവുന്ന പരിപാടികളിൽ എങ്ങനെയെങ്കിലും ഒരു ശ്രോതാവായി എത്തുക എന്നത് മൗലവിക്ക് നിർബന്ധമുള്ള കാര്യമായിരുന്നു. രോഗിയായി ഏകദേശം വീട്ടിൽ ഒതുങ്ങിയപ്പോഴും അടുത്തുള്ള പ്രോഗ്രാമുകളെ കുറിച്ച് ചോദിക്കുകയും അങ്ങോട്ട് കൊണ്ടുപോകാൻ മക്കളോട് നിർദേശിക്കുകയും ചെയ്യുമായിരുന്നു. മാസങ്ങൾക്ക് മുമ്പ് അരീക്കോട് നടന്ന ഹദീഥ് സെമിനാറിൽ മകന്റെ കൂടെ വന്നപ്പോൾ ഞാൻ ചോദിച്ചു: 'മൗലവീ, സുഖമില്ലാതെ താങ്കൾ എന്തിനാണ് വന്നത്?' 'നിങ്ങളെയൊക്കെ ഒന്ന് കാണാമല്ലോ എന്ന് കരുതി വന്നതാണ്' എന്നായിരുന്നു മറുപടി. പ്രഭാഷണങ്ങൾ സദസ്സിന്റെ ഏറ്റവും പുറകിൽ ഇരുന്ന് കേൾക്കുകയും വല്ല അബദ്ധവും സംഭവിച്ചിട്ടുണ്ടെങ്കിൽ പിന്നീട് സ്വകാര്യമായി കണ്ട് അത് ശ്രദ്ധയിൽ പെടുത്തുകയും ചെയ്യുക മൗലവിയുടെ പതിവായിരുന്നു. എതിരാളികളുടെ പോലും ഗ്രന്ഥങ്ങളിൽ അശ്രദ്ധമായി സംഭവിച്ച അബദ്ധങ്ങൾ ശ്രദ്ധയിൽ പെട്ടാൽ ഗ്രന്ഥകർത്താവിനെ ചെന്ന് കണ്ടോ കത്തയച്ചോ അദ്ദേഹം അത് ശ്രദ്ധയിൽ പെടുത്തുമായിരുന്നു.

### വിനയാന്വിതനായ സംഘടനാ അനുയായി

നേതൃത്വത്തെ അനുസരിക്കുന്നതിൽ വല്ലാത്ത മാതൃക നമുക്ക് മൗലവിയിലുണ്ട്. സ്ഥാപനത്തിലും പ്രസ്ഥാനത്തിലും നേതൃത്വം വഹിക്കുന്നവരുമായി കൂടിയാലോചിച്ചും അനുവാദം വാങ്ങിയും ചെയ്യേണ്ട കാര്യങ്ങൾ ഒരിക്കലും സ്വന്തം തീരുമാനത്തിൽ മൗലവി ചെയ്യുമായിരുന്നില്ല.

ഒരു സംഭവം ഓർത്തു പോകുന്നു: തീപ്പൊരി പ്രസംഗങ്ങളും എതിരാളികളെ വെല്ലുവിളിക്കുന്ന ശൈലിയും അദ്ദേഹത്തിന് എന്നും ഇഷ്ടമായിരുന്നു. ആ ഇഷ്ടം കൊണ്ട് മത, രാഷ്ട്രീയ രംഗത്തെ അത്തരം പ്രഭാഷണങ്ങൾ -അത് ഏത് വിഭാഗത്തിന്റെതാണെങ്കിലും- അദ്ദേഹം കേൾക്കാൻ പോകുമായിരുന്നു. ഒരിക്കൽ ജാമിഅ ഹിന്ദിൽ വന്ന മൗലവി എന്റെ ഓഫീസിൽ വന്നിട്ട് പറഞ്ഞു: 'എനിക്ക് ഒരു കാര്യത്തിന് താങ്കൾ അനുവാദം നൽകണം.' ഞാനാകെ അത്ഭുതപ്പെട്ടു. മൗലവിയുടെ ഒരെളിയ ശിഷ്യനായ എന്നോട് ഇദ്ദേഹം എന്തിനാണാവോ അനുവാദം ചോദിക്കുന്നത്! കാര്യമെന്താണെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഇപ്രകാരം: 'കോഴിക്കോട് കടപ്പുറത്ത് നാളെ ഒരു സംഘടനയുടെ പ്രോഗ്രാം നടക്കുന്നുണ്ട്. ദൂരെ മാറിനിന്ന് ആ പ്രസംഗം കേൾക്കാൻ എനിക്ക് ആഗ്രഹമുണ്ട്. കൈ ചൂണ്ടിയുള്ള സംസാരവും വീരവാദം മുഴക്കുന്നതും കണ്ട് ആസ്വദിക്കാനാണ്. ഞാൻ സദസ്സിലൊന്നും പോയി ഇരിക്കില്ല. നിങ്ങളുടെ സമ്മതം ഇല്ലെങ്കിൽ ഞാനൊട്ട് പോകുകയുമില്ല.'

നിറഞ്ഞ കണ്ണുകളോടെ ഞാൻ ചോദിച്ചു: 'മൗലവീ, നിങ്ങൾ എന്തിനാ ഞങ്ങളോടൊക്കെ അനുവാദം ചോദിക്കുന്നത്? നിങ്ങൾ ഇങ്ങോട്ട് കൽപിക്കുകയല്ലേ വേണ്ടത്?' അദ്ദേഹം പറഞ്ഞു: 'ഞാനീ സ്ഥാപനത്തിൽ ജോലി ചെയ്യുമ്പോൾ അതിന്റെ കൈകാര്യകർത്താവായ നിങ്ങളോട് അനുവാദം വാങ്ങാതെ ഇത്തരം കാര്യങ്ങൾ ചെയ്യാൻ പാടില്ലല്ലോ. ഓരോന്നിനും ഇല്ലേ ഓരോ ഇന്നത്!' സുബ്ഹാനല്ലാഹ്.

**നർമങ്ങൾ**

നർമങ്ങൾ മൗലവിക്കെന്നും പ്രിയമായിരുന്നു. എപ്പോൾ കണ്ടാലും എന്തെങ്കിലുമൊക്കെ തമാശ പറയും. ചെറിയ വാചകങ്ങളേ ഉണ്ടാകൂ; എന്നാലും അതിൽ ധാരാളം പാഠങ്ങളുണ്ടാകും.

ഇസ്‌ലാഹ് മാസികയിൽ വന്ന തിരുത്ത് മൗലവിക്ക് അത്ര ഇഷ്ടമായില്ല. അതിന്റെ പേരിൽ കുറച്ച് മാസങ്ങൾ അദ്ദേഹം ലേഖനം എഴുതിത്തരാൻ മടികാണിച്ചു. ഞങ്ങൾ എല്ലാവരും സ്നേഹത്തോടെ മൗലവിയെ നിർബന്ധിച്ചപ്പോൾ അവസാനം അദ്ദേഹം പറഞ്ഞു: 'ഞാനെഴുതാം. പക്ഷേ, രണ്ട് കാര്യങ്ങൾ നിങ്ങൾ ചെയ്യണം. ഒന്ന്, ഞാൻ എന്റെ പേരിലല്ലാതെ മറ്റു പേരുകളിൽ എഴുതാം. രണ്ട്, എഡിറ്റോറിയൽ ബോർഡിൽ നിന്ന് എന്റെ പേര് ഒഴിവാക്കണം.' ഒന്നാമത്തേത് അംഗീകരിച്ചു. രണ്ടാമത്തേത് ഞങ്ങൾ സമ്മതിച്ചില്ല. അവസാനം അദ്ദേഹം പറഞ്ഞു: 'എങ്കിൽ ബോർഡ് അംഗങ്ങളുടെ പേര് അച്ചടിച്ചു വരുമ്പോൾ എന്റെ പേര് വെക്കരുത്.' നിർവാഹമില്ലാതെ ഞങ്ങൾക്കത് സമ്മതിക്കേണ്ടിവന്നു. അതിനെ മറികടക്കാനായി ഞങ്ങൾ കണ്ടെത്തിയ മാർഗമായിരുന്നു; പിന്നീട് മാസികയിൽ എഡിറ്റോറിയൽ ബോർഡിലെ ഒരാളുടെയും പേര് വെക്കാതിരിക്കുക എന്നത്.

പിന്നീട് മൗലവി ലേഖനങ്ങൾ എഴുതിയപ്പോൾ പി.പി.പി; സി.സി.സി എന്നീ പേരുകളിലാണ് എഴുതിയത്. എന്താണ് മൗലവീ ഇത് എന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "പി.പി.പി എന്നത് 'പൂക്കൂം പാലക്കൽ പോക്കു' എന്നതിന്റെയും സി.സി.സി എന്നത് 'ചൂക്കു ചോലക്കൽ ചേക്കു' എന്നതിന്റെയും ചുരുക്ക രൂപമാണ്."

മരിക്കുന്നതിന് ഒരു മാസം മുമ്പ് സന്ദർശിക്കാൻ ചെന്നപ്പോഴും ധാരാളം തമാശകൾ പറഞ്ഞു. ചായ കുടിക്കാനുള്ള ക്ഷണം നിരസിച്ചപ്പോൾ മൗലവി പറഞ്ഞു: 'നിങ്ങൾക്ക് ചായ തരാനുള്ള ആഗ്രഹം കൊണ്ടൊന്നുമല്ല; ആ പേരിൽ എനിക്കും കുടിക്കാമല്ലോ ഒരു ചായ എന്ന നിലയ്ക്കാണ്!' ഒന്നിച്ച് ചായ കുടിച്ച് കുറച്ച് നേരം സംസാരിച്ച് പിരിഞ്ഞു.

**രചനകൾ**

തൗഹീദിന്റെ സംസ്ഥാപനത്തിനും അന്ധവിസ്വാസ നിർമാർജനത്തിനുമായി ധാരാളം ലേഖനങ്ങളും പുസ്തകങ്ങളും മൗലവി എഴുതി. അൽമനാർ, വിചിന്തനം, നേർപഥം, ഇസ്‌ലാഹ് എന്നിവയിലാണ് പ്രധാനമായും മൗലവി എഴുതിയത്. കൂടാതെ ലഘുലേഖകൾ, കുറിപ്പുകൾ എന്നിവയും മൗലവി തയ്യാറാക്കിയിട്ടുണ്ട്.

തൗഹീദ്: വിമർശനങ്ങൾക്ക് മറുപടി, ഇബ്നു തൈമിയ്യയും വിമർശകരും സലഫി അകീദയും, കൂട്ടു പ്രാർഥന നിസ്കാരാനന്തരം, അനന്തരാവകാശ നിയമങ്ങൾ എന്നിവയാണ് മുഖ്യകൃതികൾ. അനന്തരാവകാശ നിയമങ്ങൾ പദ്യ രൂപത്തിലാണ് മൗലവി രചിച്ചത്.

തൗഹീദ്, ശിർക്ക് വിഷയങ്ങളിൽ മുൻകാല പണ്ഡിതന്മാരുടെ ഉദ്ധരണികൾ ചേർത്തുവെച്ച് കൊണ്ട് മൗലവി തയ്യാറാക്കിയ അറബി സമാഹാരം ആറു വാല്യങ്ങളുണ്ട്. ആദർശ പ്രബോധന രംഗത്തുള്ളവർക്ക് വലിയ മുതൽക്കൂട്ടാണ് പ്രസ്തുത സമാഹാരം.

**നികത്താനാവാത്ത വിടവ്**

വൈജ്ഞാനിക രംഗത്ത് ഏത് കിതാബുമായും എപ്പോഴും ഓടിച്ചെല്ലാവുന്ന അപൂർവം വ്യക്തികളിൽ ഒരാളായ അബ്ദുൽ ജബ്ബാർ മൗലവിയുടെ വിയോഗത്തോടെ ഇനി ആര് എന്ന ചോദ്യം ഉത്തരം കണ്ടെത്താനാവാതെ അവശേഷിക്കുന്നു. ആ വിടവ് നികത്താൻ പറ്റുന്ന ഒരു പേര് കിട്ടുമോ എന്ന് മൗലവിയുടെ മരണ വാർത്ത കേട്ടത് മുതൽ മനസ്സ് ചോദിക്കുന്നു. പക്ഷേ, നിരാശ മാത്രം ഫലം. പ്രായവും പക്വതയും ജീവിതാനുഭവങ്ങളും ഒത്തിണങ്ങിയ, പ്രമാണങ്ങളിൽ പരിജ്ഞാനമുള്ള ആർക്കും ഓടിച്ചെല്ലാവുന്ന ഒരത്താണിയെ മുജാഹിദ് സമൂഹത്തിൽ ഇപ്പോൾ വേറെ കാണുന്നില്ല. വളർന്നുവരുന്ന തലമുറയിലെങ്കിലും അതുണ്ടായി വരാൻ നാം പ്രാർഥിക്കുക. അത്തരം പണ്ഡിതരെ വാർത്തെടുക്കാൻ പ്രയത്നിക്കുക.

**മൗലവിയുടെ ജാമിഅ**

ജാമിഅ അൽഹിന്ദും അതിലെ സന്തതികളും മൗലവിക്ക് വല്ലാത്ത മനസ്സമാധാനം നൽകുമായിരുന്നു. ഒരാശ്വാസത്തിന്നായി മൗലവി കണ്ടെത്തിയ മാർഗം ജാമിഅയിലേക്ക് വരിക എന്നതായിരുന്നു. മരിച്ചതിന്റെ തൊട്ടടുത്ത ദിവസം വീട്ടിൽ ചെന്നപ്പോഴും മകൻ പറഞ്ഞു: 'ബാപ്പാക്ക് സമാധാനം കിട്ടാൻ ഏറ്റവും നല്ല മാർഗമായിരുന്നു ജാമിഅ. മരുന്ന് കഴിക്കാനോ ഭക്ഷണം കഴിക്കാനോ വിസമ്മതിച്ചാൽ ഞങ്ങൾ പറയും നമുക്ക് ജാമിഅയിൽ ഒന്ന് പോയാലോ എന്ന്. അത് കേൾക്കുന്നതോടെ കൊച്ചുകുട്ടിയെപ്പോലെ ഭക്ഷണവും മരുന്നും എല്ലാം കഴിച്ച് ജാമിഅയിൽ പോകാൻ തയ്യാറാകും.'

'അല്ലാഹുവേ, അദ്ദേഹത്തിന് ശേഷം ഞങ്ങളെ പരീക്ഷണത്തിലകപ്പെടുത്തരുതേ' എന്ന ജനാസ നമസ്കാരത്തിലെ പ്രാർഥന ഏറ്റവും മനസ്സിൽ തട്ടി പ്രർഥിച്ച മറ്റൊരു ജനാസയുണ്ടോ എന്ന് സംശയമാണ്. നമുക്കിനിയും ആ പ്രാർഥന തുടരാം. വിജ്ഞാന ദാഹികൾക്കും ശിഷ്യഗണങ്ങൾക്കും സർവോപരി ജാമിഅ അൽഹിന്ദിനും വഴികാട്ടിയായിരുന്ന വിളക്കാണ് മൗലിയുടെ നിര്യാണത്തോടെ അണഞ്ഞത്. ഇനി ആകെയുള്ളത് ചെറിയ മെഴുകുതിരികൾ മാത്രം. അതെങ്കിലും കെടാതെ സൂക്ഷിക്കാൻ നമുക്കൊന്നിച്ച് പരിശ്രമിക്കാം. അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ. ●

മുബാറക്ബിൻ ഉമർ
mail@nerpatham.com





# മരണാനന്തരം?

**എണ്ണിയാലൊടുങ്ങാത്ത അക്രമങ്ങളും അനീതിയുമാണ് സമൂഹത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. പലതും പിടിക്കപ്പെടുന്നു. എന്നാൽ, പിടിക്കപ്പെടാത്തതും ആരാണ് ചെയ്തത് എന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമാണ് ഭൂരിഭാഗവും. ചിലപ്പോഴെങ്കിലും നിരപരാധികൾ ശിക്ഷിക്കപ്പെടുന്നു; അപരാധികൾ രക്ഷപ്പെടുന്നു. കിട്ടിയ ശിക്ഷയാവട്ടെ പൂർണമല്ല താനും. എന്താണ് കുറ്റം ചെയ്തവർക്കുള്ള ആത്യന്തിക ശിക്ഷ? നിരപരാധികളെന്ന് കണ്ട് നീണ്ട വർഷത്തെ തടവിന് ശേഷം വിട്ടയക്കപ്പെടുന്നവർക്ക് എന്ത് നഷ്ടപരിഹാരം നൽകിയാലാണ് അനുഭവിച്ച പ്രയാസങ്ങൾക്ക് പകരമാവുക? തെല്ലും പക്ഷപാതിത്വമില്ലാതെ, നീതിയുക്തമായ പരിഹാരം നിർദേശിക്കാൻ സൃഷ്ടിച്ച സ്രഷ്ടാവിനേ കഴിയൂ. അതിന് മരണാനന്തര ജീവിതവും പരലോകത്തെ രക്ഷ-ശിക്ഷാ വിധികളും മാത്രമെ ഉപകരിക്കൂ.**

അമേരിക്കയിലെ വാഷിംഗ്ടണിൽ നിന്നൊരു വാർത്ത: ഇരട്ട കൊലപാതകത്തിന് ശിക്ഷിക്കപ്പെട്ട് 39 വർഷം ജയിലിൽ കഴിയുകയും ഒടുവിൽ നിരപരാധിയെന്നു കണ്ടെത്തി വിട്ടയക്കപ്പെടുകയും ചെയ്ത ക്രെഗ് കോലിക്ക് കാലിഫോർണിയയിലെ സിമിവാലി നഗരസഭ നഷ്ടപരിഹാരം നൽകിയത് 150 കോടി രൂപ. 1978ൽ കാമുകി റോൻഡവിറ്റ് (24), മകൻ ഡോണൾഡ് (4) എന്നിവരെ ശ്വാസം മുട്ടിച്ച് കൊന്നുവെന്ന കേസിലാണ് കോലി പരോളില്ലാത്ത ജീവപര്യന്ത തടവിന് ശിക്ഷിക്കപ്പെട്ടത്. 32 വയസ്സുകാരനായി ജയിലിൽ പോയ കോലി കഴിഞ്ഞവർഷം 71-ാം വയസ്സിലാണ് ജയിൽ മോചിതനായത്. കൊലനടന്ന സ്ഥലത്തിനടു

ത്ത് കോലിയുടെ ട്രക്കും കോലിയെന്ന് തോന്നിക്കുന്ന ഒരാളിനെയും കണ്ടു എന്ന അയൽക്കാരിയുടെ മൊഴിയാണ് ശിക്ഷയിലേക്ക് നയിച്ചത്. 1989ൽ കേസ് പുനരന്വേഷണത്തിനെടുക്കുകയായിരുന്നു. കുറ്റകൃത്യസ്ഥലത്ത് നിന്നു ശേഖരിച്ച ഡി.എൻ.എ. തെളിവുകൾ അന്നു പരിശോധിച്ചിരുന്നില്ല. അവ പരിശോധന നടത്തിയപ്പോഴാണ് കൊലനടത്തിയത് കോലിയല്ലെന്നു തെളിഞ്ഞത്.

കുറ്റവാളിയല്ലാത്തയാൾക്ക് ജയിലിൽ കഴിച്ചുകൂട്ടേണ്ടിവന്നത് 39 വർഷം. ഇത് പോലെ എത്രയെത്ര നിരപരാധികൾ ലോകരാജ്യങ്ങളിലെ ജയിലുകളിൽ തീ തിന്നു കഴിഞ്ഞുകൂടുന്നുണ്ടാകും?! നമ്മുടെ മലയാളക്കരയിൽ തന്നെ എത്രയോ പേരുണ്ട് ജയിലുകളിൽ കഴിഞ്ഞുകൂടുന്നു; കുറ്റപത്രം പോലും തയ്യാറാക്കപ്പെടാത്തവരായി. യഥാർഥത്തിൽ വിചാരണ കഴിഞ്ഞ്, ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുന്നവരെക്കാൾ അധികമുള്ളത് കുറ്റപത്രം പോലും സമർപിക്കപ്പെടാതെ, റിമാൻഡിൽ കഴിയുന്നവരാണ് എന്നൊരു കണക്ക് കണ്ടതോർക്കുന്നു. ഒരു റിട്ടയേർഡ് ജഡ്ജി എഴുതിയ ലേഖനത്തിൽ പറയുന്നു; സംശയത്തിന്റെ പേരിൽ ആരെയും പൊലീസിനു പിടിക്കാം. പൊക്കി അകത്തിടാം. അകത്തായാൽ പിന്നെ, പുറത്തുവരാതിരിക്കാനുള്ള എല്ലാ ഏർപ്പാടും അവർ തന്നെ ചെയ്ത് കൊള്ളും എന്ന്! എന്തൊരു ലോകമാണിത്! നിയമവും പൊലീസും കോടതിയുമെല്ലാമുള്ള നാട്ടിലാണിത്! ശക്തമായ ജനാധിപത്യ വ്യവസ്ഥ നിലനിൽക്കുന്നു എന്നു കൊട്ടിഘോഷിക്കപ്പെടുന്ന ഒരു രാജ്യത്താണിതെന്നോർക്കണം.

കുറ്റമാരോപിക്കപ്പെട്ട ആ അമേരിക്കക്കാരൻ 32ാം വയസ്സിൽ കൽതുറുങ്കിലായി. 71ാം വയസ്സിൽ പുറത്തുവന്നു. നീണ്ട മുപ്പത്തിയൊമ്പത് വർഷം! ആ യാതനകൾക്കും വേദനകൾക്കും പകരമാകുമോ 150 കോടി? അത്രയും പണം കൊണ്ട് ആ സാധുവിന് നഷ്ടമായതെല്ലാം തിരിച്ചുകൊടുക്കാനാകുമോ? അവിടത്തെ നിയമത്തിന്റെ ശക്തികൊണ്ട് നഷ്ടപരിഹാരം കിട്ടുകയെങ്കിലുമുണ്ടായി എന്ന് സമാധാനിക്കാം. ഒരു നഷ്ടപരിഹാരവും കിട്ടാത്തവരോ? നെൽസൻ മണ്ടേല 28 വർഷം ജയിലിൽ കിടന്നു! എന്നാൽ അത് തന്റെ നാട്ടിന്റെയും നാട്ടുകാരുടെയും വർണവെറിയിൽ നിന്നുള്ള മോചനത്തിനായിരുന്നു. ജയിൽ മോചിതനായ മണ്ടേല ദക്ഷിണാഫ്രിക്കയുടെ പ്രസിഡന്റായി നാടുഭരിക്കുകയും ചെയ്തു. അതൊക്കെ അപൂർവങ്ങളിൽ അപൂർവമായി സംഭവിക്കുന്ന കാര്യം!

ഇതിന്റെ നേരെ മറുവശത്ത് ഒരു കാഴ്ചയുണ്ട്; കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ സർവതന്ത്രസ്വതന്ത്രരായി നടക്കുന്ന കാഴ്ച! നമ്മുടെ സംസ്ഥാനത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ഇത്തരത്തിലുള്ള അനേകമനേകം സംഭവങ്ങൾ കാണാം. കൊലയോ കൊള്ളിവെപ്പോ പെൺവാണിഭമോ എന്ത് തന്നെ നടത്തിയവരായാലും പണവും അധികാരവും ഉന്നതങ്ങളിൽ പിടിപാടും സമർഥരായ വക്കീലുമാരുമുണ്ടെങ്കിൽ ജയിലിനു പുറത്തുതന്നെ സുഖമായി, സ്വൈര്യമായി ജീവിക്കാം എന്നതാണ് നമ്മുടെ നാട്ടിലെ അവസ്ഥ. അതൊന്നുമില്ലാത്തവർ ജയിലിലടക്കപ്പെടുകയും ചെയ്യുന്നു. വമ്പൻ അഴിമതി നടത്തി കോടാനുകോടികൾ മുക്കി അന്യനാട്ടിൽ പോയി ചിലരൊക്കെ വിലസുന്നതായി നാം അറിയുന്നു. കർണാടകയിലെ ഒരു നേതാവ് ഉന്നതരായ നേതാക്കൾക്ക് 1800 കോടി വീതംവെച്ചു നൽകിയ വാർത്ത പത്രങ്ങൾ വൻ പ്രാധാന്യത്തോടെ കൊടുത്തത് നാം വായിച്ചു.



**ഭ്രാന്തമായ പക്ഷപാതിത്വ ചിന്തയാൽ ജനലക്ഷങ്ങളെ കൊന്നൊടുക്കിയ സ്റ്റാലിനും ലെനിനും ഹിറ്റ്ലറും പോൾപോട്ടും, അവരാൽ കൊല്ലപ്പെട്ടവരും ഒരേ പോലെയായാൽ പറ്റുമോ? വിഷപദാർഥങ്ങൾ മനുഷ്യർ ഭക്ഷിക്കുന്ന വസ്തുക്കളിൽ കലർത്തി വമ്പൻ ലാഭം കൊയ്യുന്ന കമ്പനിയുടമകളും കോർപറേറ്റുകളും, അവ തിന്ന് മാരകമായ രോഗങ്ങൾക്ക് അടിമകളാകുന്ന സാധാരണക്കാരും തുല്യമാകുന്നതെങ്ങനെ? സമൂഹത്തിന്റെ കുഴപ്പങ്ങളുണ്ടാക്കി ഛിദ്രതയും കൊലയും നടത്തി മറക്കുപിന്നിൽ നിൽക്കുന്നവർ ശിക്ഷിക്കപ്പെടേണ്ടതല്ലേ?**


യഥാർഥത്തിൽ ഇങ്ങനെയായാൽ മതിയോ? പോരാ! ഇത് നീതിയല്ല, ന്യായമല്ല എന്ന് നമ്മുടെ മനസ്സ് പറയുന്നു. കുറ്റവാളി ശിക്ഷിക്കപ്പെടണം. നിരപരാധി ശിക്ഷിക്കപ്പെട്ടുകൂടാ. ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെട്ടുകൂടാ എന്ന ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ ആധാരം മതിയോ? ഓരോരുത്തർക്കും അവനവൻ ചെയ്ത പ്രവർത്തനങ്ങൾക്കും പ്രതിഫലം കിട്ടണം. മർദിതനും അക്രമിക്കപ്പെട്ടവനും നഷ്ടപരിഹാരം ലഭിക്കണം. അക്രമവും അന്യായവും ചെയ്തവന് അതിന് തക്കതായ പ്രതിഫലവും നന്മയും ന്യായവും സൽകർമവും ചെയ്തവന് കൃത്യമായ പ്രതിഫലവും ലഭിക്കണം. ഈ ലോകത്ത് അത് കിട്ടുന്നില്ലെന്നത് വ്യക്തം. നാം നിത്യേന പല തവണ കാണുന്ന അനുഭവമാണത്.

ഭ്രാന്തമായ പക്ഷപാതിത്വ ചിന്തയാൽ ജനലക്ഷങ്ങളെ കൊന്നൊടുക്കിയ സ്റ്റാലിനും ലെനിനും ഹിറ്റ്ലറും പോൾ പോട്ടും, അവരാൽ കൊല്ലപ്പെട്ടവരും ഒരേ പോലെയായാൽ പറ്റുമോ? വിഷപദാർഥങ്ങൾ മനുഷ്യർ ഭക്ഷിക്കുന്ന വസ്തുക്കളിൽ കലർത്തി വമ്പൻ ലാഭം കൊയ്യുന്ന കമ്പനിയുടമകളും കോർപറേറ്റുകളും, അവ തിന്ന് മാരകമായ രോഗങ്ങൾക്ക് അടിമകളാകുന്ന സാധാരണക്കാരും തുല്യമാകുന്നതെങ്ങനെ? സമൂഹത്തിന്റെ കുഴപ്പങ്ങളുണ്ടാക്കി ഛിദ്രതയും കൊലയും നടത്തി മറക്കു പിന്നിൽ നിൽക്കുന്നവർ ശിക്ഷിക്കപ്പെടേണ്ടതല്ലേ?

തീർച്ചയായും! ഈ ഭൗതികലോകത്തെ നിയമങ്ങൾക്കോ നീതിപാലകർക്കോ കോടതികൾക്കോ അതിന് സാധ്യമല്ല. കുറച്ചൊക്കെ നടപ്പാക്കാം. എന്നാൽ പൂർണമായ നീതി നടപ്പിലാക്കപ്പെടുന്ന ഒരു വേദിയുണ്ടെന്ന് ഇസ്‌ലാം വ്യക്തമാക്കുന്നു. ഈ ഭൂമുഖത്ത് വന്ന ഒരു ലക്ഷത്തിൽ പരം ദൈവദൂതന്മാരും ദൈവികഗ്രന്ഥങ്ങളും മനുഷ്യസമൂഹത്തെ പഠിപ്പിച്ച അടിസ്ഥാന വിഷയങ്ങളിൽ ഒന്നാണത്. വിശുദ്ധ വേദഗ്രന്ഥങ്ങളിൽ ഒടുവിലവതരിപ്പിക്കപ്പെട്ട ക്വുർആന്റെ മൊത്തം പ്രതിപാദ്യത്തിന്റെ മൂന്നിലൊന്ന് ഇക്കാര്യമാണ്. മരണശേഷം മനുഷ്യരെയൊന്നടങ്കം രണ്ടാമതും ജീവിപ്പിക്കും. കൃത്യമായ വിചാരണ നടക്കും. നന്മക്ക് ഇരട്ടിയിരട്ടിയായി പ്രതിഫലം നൽകപ്പെടും. തിന്മക്ക് അതിന് തുല്യമായ പ്രതിഫലം മാത്രം ശിക്ഷയായി നൽകപ്പെടും.

ഇങ്ങനെ മരണശേഷം മനുഷ്യരെ വീണ്ടും ജീവിപ്പിക്കുമെന്നോ? മണ്ണിൽ നുരുമ്പി നശിച്ചുപോയ, കത്തിച്ചാമ്പലായ, വെള്ളത്തിൽ ജീവികൾ തിന്നു തീർത്ത... കോടാനുകോടി മനുഷ്യരെയൊക്കെ രണ്ടാമതും ജീവിപ്പിക്കുമെന്നു പറയുന്നത് സാധ്യമാണോ? മുൻകഴിഞ്ഞ എല്ലാ സമൂഹങ്ങളിലും ഇതിനെ നിഷേധിക്കുകയോ, ഇതിൽ സംശയമുന്നയിക്കുകയോ ചെയ്തവർ ധാരാളമുണ്ടായിട്ടുണ്ട്. നുരുമ്പിപ്പോയ എല്ലിൽ തുണ്ടെടുത്ത് കയ്യിലിട്ട് ഉരച്ചുപൊടിയാക്കി ഊതിപ്പറപ്പിച്ച്, ഊതിയാൽ പാറിപ്പോകുന്ന ഈ എല്ലിനെ ആര് ജീവിപ്പിക്കും എന്ന് ഒരു നിഷേധി ചോദിക്കുന്ന രംഗ് ക്വുർആനിൽ സൂറഃ യാസീന്റെ അവസാന ഭാഗത്ത് വരച്ചുകാണിക്കുന്നുണ്ട്.

“മനുഷ്യൻ കണ്ടില്ലേ; അവനെ നാം ഒരു ബീജകണത്തിൽ നിന്നാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന്? എന്നിട്ട് അവനതാ ഒരു പ്രത്യക്ഷമായ എതിർപ്പുകാര




**ഭൗതികലോകത്തെ നിയമങ്ങൾക്കോ നീതിപാലകർക്കോ കോടതികൾക്കോ അതിന് സാധ്യമല്ല. കുറച്ചൊക്കെ നടപ്പാക്കാം. എന്നാൽ പൂർണമായ നീതി നടപ്പിലാക്കപ്പെടുന്ന ഒരു വേദിയുണ്ടെന്ന് ഇസ്‌ലാം വ്യക്തമാക്കുന്നു. ഈ ഭൂമുഖത്ത് വന്ന ഒരു ലക്ഷത്തിൽ പരം ദൈവദൂതന്മാരും ദൈവികഗ്രന്ഥങ്ങളും മനുഷ്യസമൂഹത്തെ പഠിപ്പിച്ച അടിസ്ഥാന വിഷയങ്ങളിൽ ഒന്നാണത്. വിശുദ്ധ വേദഗ്രന്ഥങ്ങളിൽ ഒടുവിലവതരിപ്പിക്കപ്പെട്ട ക്വുർആന്റെ മൊത്തം പ്രതിപാദ്യത്തിന്റെ മൂന്നിലൊന്ന് ഇക്കാര്യമാണ്. മരണശേഷം മനുഷ്യരെയൊന്നടങ്കം രണ്ടാമതും ജീവിപ്പിക്കും. കൃത്യമായ വിചാരണ നടക്കും. നന്മക്ക് ഇരട്ടിയിരട്ടിയായി പ്രതിഫലം നൽകപ്പെടും. തിന്മക്ക് അതിന് തുല്യമായ പ്രതിഫലം മാത്രം ശിക്ഷയായി നൽകപ്പെടും.**

നായിരിക്കുന്നു. അവൻ നമുക്ക് ഒരു ഉപമ എടുത്തു കാണിക്കുകയും ചെയ്തിരിക്കുന്നു. തന്നെ സൃഷ്ടിച്ചത് അവൻ മറന്നുകളയുകയും ചെയ്തു. അവൻ പറഞ്ഞു: എല്ലുകൾ ദ്രവിച്ച് പോയിരിക്കെ ആരാണ് അവയ്ക്ക് ജീവൻ നൽകുന്നത്? പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻ തന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ" (ക്വുർആൻ 36:77-79).

ആ എല്ലിനെ ആദ്യമാര് സൃഷ്ടിച്ചുവോ അവൻ രണ്ടാമതും ജീവിപ്പിക്കും എന്ന് മറുപടി കൊടുക്കാൻ ക്വുർആൻ കൽപിക്കുന്നു. ആ എല്ല് ഒരു ജീവിയുടെ ശരീരത്തിലിവിടെ ഉണ്ടായിരുന്നു. ആ ജീവി ഭൂമിയിൽ ജീവനോടെ നടന്നിരുന്നു. അന്ന് ആ ജീവിയെ സൃഷ്ടിച്ചതാരായിരുന്നു? ആ സ്രഷ്ടാവ് രണ്ടാമതും ജീവൻ നൽകും. ഒരിക്കൽ ജീവൻ കൊടുത്ത് സൃഷ്ടിച്ച് സംവിധാനിച്ചവന്ന് വീണ്ടും ഒരിക്കൽ കൂടി സൃഷ്ടിക്കുവാൻ എന്തുണ്ട് പ്രയാസം?

അതിനു ശേഷം ക്വുർആൻ ചില കാര്യങ്ങൾ ചിന്തിക്കാനായി ബുദ്ധിയുള്ളവർക്ക് മുമ്പിലിട്ടുതരുന്നു: "പച്ചമരത്തിൽ നിന്ന് നിങ്ങൾക്ക് തീ ഉണ്ടാക്കിത്തന്നവനത്രെ അവൻ. അങ്ങനെ നിങ്ങളതാ അതിൽ നിന്ന് കത്തിച്ചെടുക്കുന്നു" (36:80).

പച്ച മരത്തിൽ നിന്ന് തീയുണ്ടാക്കിത്തരുന്നവനാണവൻ. നിങ്ങളതാ അതിൽ നിന്ന് കത്തിക്കുന്നു. പച്ചമരത്തിൽ നിന്നെങ്ങനെയാണ് കത്തുന്ന തീയുണ്ടാകുന്നത്? ഒരത്ഭുതമല്ലേ അത്? എങ്ങനെയാണത് സംഭവിക്കുന്നത്? ഓട തമ്മിൽ ഉരസിയാൽ തീയുണ്ടാകും. അങ്ങനെ കൊടുംകാട്ടിൽ കാട്ടുതീ പടരും. മരങ്ങളുടെയും ജീവികളുടെയും ഫോസിലുകളിൽ നിന്നാണ് ഇപ്പോൾ നാമുപയോഗിക്കുന്ന പെട്രോളും ഡീസലും ഗ്യാസുമുണ്ടാക്കുന്നത്. ഒരു കാലത്ത് പച്ചമരമായിരുന്നത് ഇപ്പോൾ നമ്മുടെ ഇന്ധനമായിത്തീർന്നിരിക്കുന്നു! ബയോഗ്യാസ്എന്തിൽ നിന്നാണുണ്ടാകുന്നത്?

തുടർന്ന് ക്വുർആൻ ചൂണ്ടിക്കാണിക്കുന്നത് പ്രപഞ്ചസൃഷ്ടിപ്പിനെ സംബന്ധിച്ചാണ്: "ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചവൻ അവരെപ്പോലുള്ളവരെ സൃഷ്ടിക്കാൻ കഴിവുള്ളവനല്ലേ? അതെ, അവനത്രെ സർവവും സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനും. താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു" (36:81,82).

അനന്തവിശാലമായ ഈ അണ്ഡകടാഹവും മനുഷ്യജീവിതത്തിന്നായി എല്ലാം സംവിധാനിച്ച ഭൂമിയും സൃഷ്ടിച്ചൊരുക്കി നിയന്ത്രിക്കുന്ന മഹാസ്രഷ്ടാവിന് മനുഷ്യരെ രണ്ടാമതും സൃഷ്ടിക്കാനാണോ ഇത്രപാട് എന്ന് ക്വുർആൻ ചോദിക്കുകയാണ്.

**പച്ച മരത്തിൽ നിന്ന് തീയുണ്ടാക്കിത്തരുന്നവനാണവൻ. നിങ്ങളതാ അതിൽ നിന്ന് കത്തിക്കുന്നു. പച്ചമരത്തിൽ നിന്നെങ്ങനെയാണ് കത്തുന്ന തീയുണ്ടാകുന്നത്? ഒരത്ഭുതമല്ലേ അത്? എങ്ങനെയാണത് സംഭവിക്കുന്നത്? ഓട തമ്മിൽ ഉരസിയാൽ തീയുണ്ടാകും. അങ്ങനെ കൊടുംകാട്ടിൽ കാട്ടുതീ പടരും. മരങ്ങളുടെയും ജീവികളുടെയും ഫോസിലുകളിൽ നിന്നാണ് ഇപ്പോൾ നാമുപയോഗിക്കുന്ന പെട്രോളും ഡീസലും ഗ്യാസുമുണ്ടാക്കുന്നത്. ഒരു കാലത്ത് പച്ചമരമായിരുന്നത് ഇപ്പോൾ നമ്മുടെ ഇന്ധനമായിത്തീർന്നിരിക്കുന്നു! ബയോഗ്യാസ്എന്തിൽ നിന്നാണുണ്ടാകുന്നത്?**

വളരെ അർഥവത്തായ, ചിന്താർഹമായ ചോദ്യമാണിത്. ഈ പ്രപഞ്ചത്തെയൊന്ന് നോക്കുക. സൂര്യൻ പ്രകാശിക്കുന്ന ഒരു നക്ഷത്രമാണ്. സൂര്യനുൾക്കൊള്ളുന്ന നമ്മുടെ ക്ഷീരപഥത്തിൽ പതിനായിരം കോടി നക്ഷത്രങ്ങൾ! അത്തരത്തിലുള്ള 1300 ഗ്യാലക്സികൾ ഒരു ക്ലസ്റ്ററിൽ. അനേക കോടി ക്ലസ്റ്ററുകൾ! നമ്മുടെ ക്ഷീരപഥത്തിന്റെ വ്യാസം ഒരു ലക്ഷം പ്രകാശവർഷം. പ്രകാശം ഒരു വർഷത്തിൽ സഞ്ചരിക്കുന്ന ദൂരമാണ് പ്രകാശവർഷമെന്നത്. ഒരു സെക്കന്റിൽ പ്രകാശരശ്മികൾ മൂന്നുലക്ഷം കി.മീറ്റർ സഞ്ചരിക്കുന്നു. അപ്പോൾ 3 ലക്ഷം x 60 x 60 x 24 x 365. അതായത് ഏകദേശം ഒമ്പതര ലക്ഷം കോടി കി.മീറ്റർ. സൂര്യൻ ക്ഷീരപഥ കേന്ദ്രത്തെ ചുറ്റുന്ന വേഗത മണിക്കൂറിൽ ഒരു ലക്ഷം കി.മീ. സൗരയൂഥം വൃത്താകാര പഥത്തിലൂടെ താരസമൂഹ കേന്ദ്രത്തെ ഭ്രമണം ചെയ്യുന്നു. സൗരയൂഥ (ഭൂമിയടക്കമുള്ള ഗ്രഹങ്ങളുൾക്കൊള്ളുന്ന)ത്തിലെ ദ്രവ്യത്തിന്റെ 99.87% സൂര്യനാണ്. ബാക്കിയുള്ള ഒമ്പത് (എട്ട് എന്നും അഭിപ്രായമുണ്ട്) ഗ്രഹങ്ങളും ഉപഗ്രഹങ്ങളും എല്ലാം കൂടി 0.13% മാത്രമേ വരൂ.

ഭൂമിയിൽ നിന്ന് 14,94,07,000 കി.മീ. അകലെയാണ് സൂര്യൻ. സൂര്യനിൽ 81.76% ഹൈഡ്രജൻ, 18.7% ഹീലിയം, സോഡിയം, കാൽസ്യം 0.07%... ഒരോ സെക്കന്റിലും സൂര്യനിൽ 6570 ലക്ഷം ടൺ ഹൈഡ്രജൻ ഹീലിയമായി മാറിക്കൊണ്ടിരിക്കുന്നു. അവിടെ ഒരു സെക്കന്റിൽ ഉൽപാദിപ്പിക്കപ്പെടുന്ന 1025

ജൂൾ ഊർജം ഭൂമിയിൽ പതിനായിരം വർഷത്തേക്കാവശ്യമായ വൈദ്യുതി ഉൽപാദിപ്പിക്കാൻ മതിയാകും. ഒന്നര കോടി സെൽഷ്യസാണ് താപനില. ഭൂതലത്തിലെ മർദത്തിന്റെ പത്ത് കോടി മടങ്ങാണവിടെ. ഭൂമി ഇപ്പോഴുള്ളതിൽ നിന്ന് അൽപം കൂടി സൂര്യനിൽ നിന്ന് അകന്നിരുന്നെങ്കിൽ യൂറാനസ്, പ്ലൂട്ടോ ഗ്രഹങ്ങളെ പോലെ തണുത്തുറഞ്ഞ ഒരു ഗ്രഹമായി മാറുമായിരുന്നു. അൽപം കൂടി അടുത്തിരുന്നെങ്കിൽ ബുധനെയും ശുക്രനെയും പോലെ ചുട്ടുപൊള്ളുന്ന ഗ്രഹമായി മാറുമായിരുന്നു. ഒരു സെക്കന്റിൽ 30 കി.മീ. (മണിക്കൂറിൽ 10,800) വേഗതയിൽ ഭൂമി സൂര്യനെ ചുറ്റുന്നു. അതോടൊപ്പം ഭൂമി സ്വയം ഭ്രമണം ചെയ്യുന്നുണ്ട്. ഉപരിതലത്തിൽ അനുഭവപ്പെടുന്ന വേഗത മണിക്കൂറിൽ 1670 കി.മീറ്റർ. ഒരു ദിവസം 24 മണിക്കൂറല്ല. കൃത്യമായി പറഞ്ഞാൽ 23 മണിക്കൂർ, 56 മിനുട്ട്, 4.09 സെക്കന്റ് ആണ് ഒരുതവണ സ്വയം കറങ്ങാൻ വേണ്ടത്. സുര്യനിൽ നിന്നുള്ള അകലം, സൂര്യനു ചുറ്റും കറങ്ങുന്നതിന്റെ വേഗത, സ്വയം ഭ്രമണത്തിന്റെ വേഗത, അച്ചുതണ്ടിന്റെ 23.27% ചെരിവ് ഇതൊക്കെ ഭൂമിയുടെ ജീവജാലങ്ങളുടെ നിലനിൽപ്, കാലാവസ്ഥ മാറ്റം, ഋതുഭേദങ്ങൾ, ദിനരാത്രങ്ങളുടെ ഏറ്റക്കുറച്ചിൽ എന്നിവയുടെ നിദാനമാണ്. ചെരിവില്ലായിരുന്നെങ്കിൽ എല്ലാകാലത്തും ഒരേ കാലാവസ്ഥയാകുമായിരുന്നു. ചെരിവ് അൽപം കൂടിയിരുന്നെങ്കിൽ അത്യുഷ്ണത്തോടെ ഗ്രീഷ്മകാലവും അതിശൈത്യത്തോടെയുള്ള ശിശിരകാലവുമുണ്ടാകുമായിരുന്നു.

'അനന്തമജ്ഞാതമവർണനീയ'മായ ഈ മഹാപ്രപഞ്ചത്തെ ഇത്ര സൂക്ഷ്മവും കൃത്യവുമായി സൃഷ്ടിച്ച്, സംവിധാനിച്ച്, നിയന്ത്രിക്കുന്നവന് മനുഷ്യരെ രണ്ടാമതും ജീവിപ്പിക്കാൻ ഒരു പ്രയാസവുമില്ല എന്ന് ക്വുർആൻ ചൂണ്ടിക്കാണിക്കുന്നു.

ഇക്കാര്യത്തിൽ സംശയമുള്ളവരുടെ മുമ്പിൽ വിശുദ്ധ ക്വുർആൻ സൂറഃ അൽഹജ്ജിൽ മൂന്നു കാര്യങ്ങൾ എടുത്തുകാണിക്കുന്നു:

"മനുഷ്യരേ, ഉയിർത്തെഴുന്നേൽപിനെ പറ്റി നിങ്ങൾ സംശയത്തിലാണെങ്കിൽ (ആലോചിച്ച് നോക്കുക). തീർച്ചയായും നാമാണ് നിങ്ങളെ മണ്ണിൽ നിന്നും പിന്നീട് ബീജത്തിൽ നിന്നും പിന്നീട് ഭ്രൂണത്തിൽനിന്നും അനന്തരം രൂപം നൽകപ്പെട്ടതും രൂപം നൽകപ്പെടാത്തതുമായ മാംസപിണ്ഡത്തിൽ നിന്നും സൃഷ്ടിച്ചത്. നാം നിങ്ങൾക്ക് കാര്യങ്ങൾ വിശദമാക്കിത്തരാൻ വേണ്ടി (പറയുകയാകുന്നു)..." (അൽഹജ്ജ്: 5).

ഗർഭസ്ഥ ശിശുവിന്റെ ഘട്ടങ്ങളെക്കുറിച്ച് പറയുമ്പോൾ നുത്ഫഃ, അലക്വഃ, മുദ്ഗഃ എന്നിങ്ങനെയുള്ള വിസ്മയിപ്പിക്കുന്ന പദപ്രയോഗങ്ങളാണ് ക്വുർആിലൂടെ അല്ലാഹു നടത്തിയിട്ടുള്ളത്. (അടുത്ത കാലത്ത് മാത്രമാണ് ഇവ സൂക്ഷ്മവും കൃത്യവുമായ പദങ്ങളാണെന്ന് ശാസ്ത്രം മനസ്സിലാകിയത്. പതി




**ഭൂമി ഇപ്പോഴുള്ളതിൽ നിന്ന് അൽപം കൂടി സൂര്യനിൽ നിന്ന് അകന്നിരുന്നെങ്കിൽ യൂറാനസ്, പ്ലൂട്ടോ ഗ്രഹങ്ങളെ പോലെ തണുത്തുറഞ്ഞ ഒരു ഗ്രഹമായി മാറുമായിരുന്നു. അൽപം കൂടി അടുത്തിരുന്നെങ്കിൽ ബുധനെയും ശുക്രനെയും പോലെ ചുട്ടുപൊള്ളുന്ന ഗ്രഹമായി മാറുമായിരുന്നു. ഒരു സെക്കന്റിൽ 30 കി.മീ. (മണിക്കൂറിൽ 10,800) വേഗതയിൽ ഭൂമി സൂര്യനെ ചുറ്റുന്നു. അതോടൊപ്പം ഭൂമി സ്വയം ഭ്രമണം ചെയ്യുന്നുണ്ട്. ഉപരിതലത്തിൽ അനുഭവപ്പെടുന്ന വേഗത മണിക്കൂറിൽ 1670 കി.മീറ്റർ. ഒരു ദിവസം 24 മണിക്കൂറല്ല. കൃത്യമായി പറഞ്ഞാൽ 23 മണിക്കൂർ, 56 മിനുട്ട്, 4.09 സെക്കന്റ് ആണ് ഒരുതവണ സ്വയം കറങ്ങാൻ വേണ്ടത്. സുര്യനിൽ നിന്നുള്ള അകലം, സൂര്യനു ചുറ്റും കറങ്ങുന്നതിന്റെ വേഗത, സ്വയം ഭ്രമണത്തിന്റെ വേഗത, അച്ചുതണ്ടിന്റെ 23.27% ചെരിവ് ഇതൊക്കെ ഭൂമിയുടെ ജീവജാലങ്ങളുടെ നിലനിൽപ്, കാലാവസ്ഥ മാറ്റം, ഋതുഭേദങ്ങൾ, ദിനരാത്രങ്ങളുടെ ഏറ്റക്കുറച്ചിൽ എന്നിവയുടെ നിദാനമാണ്. ചെരിവില്ലായിരുന്നെങ്കിൽ എല്ലാകാലത്തും ഒരേ കാലാവസ്ഥയാകുമായിരുന്നു. ചെരിവ് അൽപം കൂടിയിരുന്നെങ്കിൽ അത്യുഷ്ണത്തോടെ ഗ്രീഷ്മകാലവും അതിശൈത്യത്തോടെയുള്ള ശിശിരകാലവുമുണ്ടാകുമായിരുന്നു.**

നാലു നൂറ്റാണ്ടുമുമ്പ് എങ്ങനെ ഇത് കൃത്യമായറിഞ്ഞു എന്ന് ആശ്ചര്യപ്പെട്ട്, പഠിച്ച് ക്വുർആനിൽ ആകൃഷ്ടരായവർ ഏറെ!) ഈ മൂന്നു ഘട്ടങ്ങൾ കഴിഞ്ഞ് ഒടുവിൽ മനുഷ്യക്കുഞ്ഞായി പുറത്തുവരുന്നു. ഒറ്റ കോശം ഒമ്പത് മാസം കൊണ്ട് 2000 കോടി കോശങ്ങളും ഏതാനും മില്ലിഗ്രാം ഏതാണ്ട് മൂന്ന് കിലോഗ്രാമും ആയിത്തീരുന്നു! കോശങ്ങൾ വിഭജിച്ച് വളരുമ്പോൾ കണ്ണിന്റെ ഭാഗത്ത് കണ്ണും കാതിന്റെ ഭാഗത്ത് കാതും വായും നാവും ചുണ്ടും മോണയും ഹൃദയവും കരളും പാൻക്രിയാസും... അങ്ങനെയങ്ങനെ ഓരോ ശരീരഭാഗങ്ങളും ഏറ്റവും വിസ്മയിപ്പിക്കുന്ന തലച്ചോറും ഉണ്ടാകണമെന്ന് ആര് പ്ലാൻ ചെയ്തു? അതാതിന്റെ സ്ഥാനത്ത് ആര് ഓരോന്നിനെയും ഘടിപ്പിച്ചു? ഇതെല്ലാം ചെയ്തവന്ന് മനുഷ്യരെ വീണ്ടും സൃഷ്ടിക്കാൻ ഒരു വിഷമവുമില്ല.

ജനിച്ചതിനു ശേഷം മനുഷ്യൻ വിവിധ ഘട്ടങ്ങൾ പിന്നിടുന്നതാണ് രണ്ടാമത് ചൂണ്ടിക്കാട്ടുന്നത്: "...നാം ഉദ്ദേശിക്കുന്നതിനെ നിശ്ചിതമായ ഒരു അവധിവരെ നാം ഗർഭാശയങ്ങളിൽ താമസിപ്പിക്കുന്നു. പിന്നീട് നിങ്ങളെ നാം ശിശുക്കളായി പുറത്ത് കൊണ്ടുവരുന്നു. അനന്തരം നിങ്ങൾ നിങ്ങളുടെ പൂർണശക്തി പ്രാപിക്കുന്നതു വരെ (നാം നിങ്ങളെ വളർത്തുന്നു). (നേരത്തെ) ജീവിതം അവസാനിപ്പിക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്. അറിവുണ്ടായിരുന്നതിന് ശേഷം യാതൊന്നും അറിയാതാകും വിധം ഏറ്റവും അവശമായ പ്രായത്തിലേക്ക് മടക്കപ്പെടുന്നവരും നിങ്ങളുടെ കൂട്ടത്തിലുണ്ട്..." (അൽഹജ്ജ്: 5).

മലർന്ന് കിടന്നു കരയാൻ മാത്രമറിയുന്ന കുഞ്ഞ് ക്രമേണ കമിഴ്ന്ന് കിടന്നു, മുട്ടുകുത്തി, ഇരുന്നു, നടന്നു, ഓടി... ശൈശവ പ്രായം കഴിഞ്ഞ് ബാലനായിത്തീർന്നു. ശേഷം കുതൂഹലങ്ങളുടെ കൗമാരപ്രായം. പിന്നെ ചോരത്തിളപ്പിന്റെ യൗവനം. ശേഷം മധ്യവയസ്കനായി, വയസ്സനായി... ഒടുവിൽ മരണത്തിലെത്തിച്ചേരുന്നു. ചെറുപ്രായത്തിൽ മരിക്കുന്നവരുമുണ്ട്. വാർധക്യത്തിലെത്തി സ്വന്തം പേര് പോലും മറന്ന് അടുത്ത് ബന്ധുക്കളെയും മക്കളെയും പോലും തിരിച്ചറിയാതെയാകുന്നവരുമുണ്ട്. രണ്ടും ക്വുർആൻ സൂചിപ്പിക്കുന്നുണ്ട്. ഈ ഘട്ടങ്ങളിൽ മനുഷ്യാ, നിനക്ക് വല്ല നിയന്ത്രണവുമുണ്ടോ? ഇല്ലെങ്കിൽ ഉറപ്പായും ഗ്രഹിച്ചുകൊള്ളുക; ഇതൊക്കെ നിയന്ത്രിക്കുന്നവന് മനുഷ്യരെ ഉയർത്തെഴുന്നേൽപിക്കാൻ ഒട്ടും പ്രയാസമില്ല.

വരണ്ടുണങ്ങിയ ഭൂമിയിൽ മഴപെയ്താലുണ്ടാകുന്ന മാറ്റമാണ് മൂന്നാമതായി ക്വുർആൻ ശ്രദ്ധയിൽ കൊണ്ടുവരുന്നത്: "...ഭൂമി വരണ്ടു നിർജീവമായി കിടക്കുന്നതായി നിനക്ക് കാണാം. എന്നിട്ട് അതിൻമേൽ നാം വെള്ളം ചൊരിഞ്ഞാൽ അത് ഇളകുകയും വികസിക്കുകയും കൗതുകമുള്ള എല്ലാതരം ചെടികളെയും അത് മുളപ്പിക്കുകയും ചെയ്യുന്നു" (അൽഹജ്ജ്: 5).



മണ്ണിൽനിന്ന് വിവിധങ്ങളായ ചെടികളുടെ മുളകൾ ഉയർന്നുവരുന്നു. വൈവിധ്യമാർന്ന നിറങ്ങളിലും രൂപങ്ങളിലും രുചിയിലുമുള്ള കായ്കനികളും ഫലമൂലാദികളും അവയിലുണ്ടാകുന്നു. പാറപോലെ ഉറച്ചു കിടന്നിരുന്ന മണ്ണിൽ ഇത്രയധികം വിത്തുകളുണ്ടായിരുന്നോ? വെള്ളമെത്തിയപ്പോഴുണ്ടായ മാറ്റം അത്ഭുതപ്പെടുത്തുന്നത് തന്നെ! വരണ്ടുണങ്ങിയ മണ്ണിൽ നിന്ന് ചെടികളെ മുളപ്പിച്ചവന്ന്, നുരുമ്പി മണ്ണോട് ചേർന്ന മനുഷ്യരെ രണ്ടാമത് പടക്കാൻ കഴിയുമെന്ന് മനസ്സിലാക്കിക്കോള്ളുക.

ഗർഭസ്ഥ ശിശുവിന്റെ ഘട്ടങ്ങൾ, ജനിച്ചതിനു ശേഷമുള്ള മനുഷ്യന്റെ വളർച്ചയുടെ ഘട്ടങ്ങൾ, വരണ്ട ഭൂമിയിൽ വെള്ളം നൽകി ചെടികളുൽപാദിപ്പിച്ച് വളർത്തിക്കൊണ്ടുവരുന്നത്... ഇത് മൂന്നും സത്യമാണെങ്കിൽ, യാഥാർഥ്യമാണെന്ന് നിങ്ങൾക്ക് ബോധ്യമാകുന്നുണ്ടെങ്കിൽ, അത് പോലെ തന്നെ സത്യമാണ് മരണ ശേഷം വീണ്ടും മനുഷ്യർക്ക് ജീവൻ നൽകി ഒരുമിച്ചു കൂട്ടി രക്ഷാശിക്ഷകൾ നടപ്പാക്കുമെന്നത്. അതിൽ ആർക്കും ഒരു സംശയവും വേണ്ട. ●

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 76, ഭാഗം: 3

# ഇൻസാൻ (മനുഷ്യൻ)

മദീനയിൽ അവതരിച്ചത്

19. അനശ്വര ജീവിതം നൽകപ്പെട്ട ചില കുട്ടികൾ അവർക്കിടയിലൂടെ ചുറ്റി നടന്നുകൊണ്ടുമിരിക്കും. അവരെ നീ കണ്ടാൽ വിതറിയ മുത്തുകളാണ് അവരെന്ന് നീ വിചാരിക്കും.

20. അവിടം നീ കണ്ടാൽ സുഖാനുഗ്രഹവും വലിയൊരു സാമ്രാജ്യവും നീ കാണുന്നതാണ്.

21. അവരുടെ മേൽ പച്ചനിറമുള്ള നേർത്ത പട്ടുവസ്ത്രങ്ങളും കട്ടിയുള്ള പട്ടു വസ്ത്രവും ഉണ്ടായിരിക്കും. വെള്ളിയുടെ വളകളും അവർക്ക് അണിയിക്കപ്പെടുന്നതാണ്. അവർക്ക് അവരുടെ രക്ഷിതാവ് തികച്ചും ശുദ്ധമായ പാനീയം കുടിക്കാൻ കൊടുക്കുന്നതുമാണ്.

22. (അവരോട് പറയപ്പെടും:) തീർച്ചയായും അത് നിങ്ങൾക്കുള്ള പ്രതിഫലമാകുന്നു. നിങ്ങളുടെ പരിശ്രമം നന്ദിപൂർവം സ്വീകരിക്കപ്പെട്ടിരിക്കയാകുന്നു.

وَيَطُوفُ عَلَيْهِمْ وِلْدَانٌ مُّخَلَّدُونَ إِذَا رَأَيْتَهُمْ حَسِبْتَهُمْ
لُؤْلُؤًا مَّنثُورًا ﴿١٩﴾ وَإِذَا رَأَيْتَ ثَمَّ رَأَيْتَ نَعِيمًا وَمُلْكًا
كَبِيرًا ﴿٢٠﴾ عَالِيَهُمْ ثِيَابُ سُندُسٍ خُضْرٌ وَإِسْتَبْرَقٌ
وَحُلُّوا أَسَاوِرَ مِن فِضَّةٍ وَسَقَاهُمْ رَبُّهُمْ شَرَابًا
طَهُورًا ﴿٢١﴾ إِنَّ هَٰذَا كَانَ لَكُمْ جَزَاءً وَكَانَ
سَعْيُكُم مَّشْكُورًا ﴿٢٢﴾

19). (ചുറ്റി നടന്നുകൊണ്ടിരിക്കും) സ്വർഗക്കാർക്കിടയിൽ അവരുടെ ഭക്ഷണത്തിലും പാനീയത്തിലും സേവനത്തിലും. (അനശ്വര ജീവിതം നൽകപ്പെട്ട ചില കുട്ടികൾ) പ്രായമാവുകയോ മാറ്റംവരുകയോ ചെയ്യാതെ സ്വർഗത്തിൽ ശേഷിക്കുന്നവരായി സൃഷ്ടിക്കപ്പെട്ടവർ. അവർ വളരെയധികം ഭംഗിയുള്ളവരായിരിക്കും. (അവരെ നീ കണ്ടാൽ) സ്വർഗക്കാരുടെ സേവനത്തിൽ വ്യാപിച്ചവരായി. (അവരെപ്പറ്റി നീ വിചാരിക്കും) അവരുടെ ഭംഗിയാൽ (ചിതറിയ മുത്തുകളാണെന്ന്). ഇതെല്ലാം സ്വർഗത്തിലെ സമ്പൂർണ സുഖങ്ങളാണ്. കാണാൻ ഭംഗിയുള്ള ശാശ്വതരാക്കപ്പെട്ട കുട്ടികൾ സേവകൻമാരായിരിക്കും. അവർ അവരുടെ താമസ സ്ഥലങ്ങളിൽ വരികയും അവരുടെ മനസ്സ് ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതുമെല്ലാം അവർക്ക് എത്തിച്ചുകൊടുക്കുകയും ചെയ്യും.

20). (അവിടം നീ കണ്ടാൽ) സ്വർഗത്തെയും അതിലുള്ള സുഖാനുഗ്രഹങ്ങളെയും നീ കണ്ടാൽ. (സുഖാനുഗ്രഹവും വലിയൊരു സാമ്രാജ്യവും നീ കാണുന്നതാണ്) സ്വർഗക്കാരിൽ പെട്ട ഒരാളുടെ അടുക്കൽ തന്നെ നിനക്ക് കാണാൻ കഴിയും. വർണിക്കാനാവാത്ത മണിമന്ദിരങ്ങളും ഭവനങ്ങളും കൊട്ടാരങ്ങളും പുഷ്പിച്ചുനിൽക്കുന്ന തോട്ടങ്ങളും അടുത്ത് നിൽക്കുന്ന പഴങ്ങളും രുചികരമായ ഫലങ്ങളും ഒഴുകുന്ന നദികളും വിസ്മയിപ്പിക്കുന്ന ഉദ്യാനങ്ങളും പാട്ടുപാടുന്ന, ആനന്ദം പകരുന്ന, ഹൃദയത്തെ സ്വാധീനിക്കുന്ന, മനസ്സിനെ സന്തോഷിപ്പിക്കുന്ന പക്ഷികളും. അവന് ഇണകളും ഉണ്ടായിരിക്കും. അവരാകട്ടെ, അങ്ങേയറ്റം സൗന്ദര്യവതികളായിരിക്കും. ബാഹ്യവും ആന്തരികവുമായ സൗന്ദര്യം ഒന്നിച്ചവർ, മനസ്സിൽ സന്തോഷവും ആഹ്ലാദവും നിറക്കുന്നവർ. ചുറ്റുമാകട്ടെ, അനശ്വരരാക്കപ്പെട്ട കുട്ടികളും സേവകരും. അവർ സമാധാനവും സന്തോഷവും നൽകുന്നു. ജീവിതാസ്വാദനം പൂർണമാകുന്നു. സന്തോഷം അതിന്റെ പാരമ്യതയിലെത്തുന്നു. അതിനെല്ലാമപ്പുറം കരുണാമയനായ റബ്ബിനെ കാണുന്നതിലൂടെ ഏറ്റവും വലിയ വിജയം കരസ്ഥമാക്കുന്നു. അവന്റെ സംസാരം ശ്രവിക്കുന്നു. അവന്റെ സാമീപ്യത്തിന്റെ ആസ്വാദനം അനുഭവിക്കുന്നു. അവന്റെ തൃപ്തിയിൽ സന്തോഷമടയുന്നു. ഓരോ നിമിഷവും ആ സുഖാനുഗ്രഹങ്ങൾ വർധിച്ചുകൊണ്ടിരിക്കും. വ്യക്തമായ സത്യവും അധികാരസ്ഥനുമായവൻ എത്ര പരിശുദ്ധൻ. അവന്റെ ഖജനാവ് തീർന്നുപോവുകയില്ല. അവന്റെ നന്മ കുറയുകയില്ല. അവന്റെ വിശേഷണങ്ങളും നന്മയും അവസാനിക്കാത്ത പോലെ തന്നെ.

21). (അവരുടെ മേൽ പച്ച നിറമുള്ള നേർത്ത പട്ടുവസ്ത്രങ്ങളുണ്ട്). നേരിയതും കട്ടിയുള്ളതുമായ പച്ചപ്പട്ടുകൾ അവർക്ക് മഹത്ത്വം നൽകി. ഇവ രണ്ടും പട്ടിന്റെ ഇനങ്ങളാണ്. ഒന്ന് കട്ടിയുള്ളതും മറ്റേത് നേരിയതും. (വെള്ളിയുടെ വളകളും അവർക്ക് അണിയിക്കപ്പെടുന്നതാണ്) അതായത് സ്ത്രീകളുടെയും പുരുഷന്മാരുടെയും കൈകളിൽ വെള്ളിയുടെ വളകൾ അണിയിക്കപ്പെടും. ഇതവർക്ക് അല്ലാഹു നൽകിയ വാഗ്ദത്തമാണ്. അവന്റെ വാഗ്ദാനം നടപ്പിലാക്കപ്പെടും. കാരണം അവൻ സത്യം പറയുന്നവരിൽ ഏറ്റവും സത്യവാനാണ്.

**വർണിക്കാനാവാത്ത മണിമന്ദിരങ്ങളും ഭവനങ്ങളും കൊട്ടാരങ്ങളും പുഷ്പിച്ചുനിൽക്കുന്ന തോട്ടങ്ങളും അടുത്ത് നിൽക്കുന്ന പഴങ്ങളും രുചികരമായ ഫലങ്ങളും ഒഴുകുന്ന നദികളും വിസ്മയിപ്പിക്കുന്ന ഉദ്യാനങ്ങളും പാട്ടുപാടുന്ന, ആനന്ദം പകരുന്ന, ഹൃദയത്തെ സ്വാധീനിക്കുന്ന, മനസ്സിനെ സന്തോഷിപ്പിക്കുന്ന പക്ഷികളും. അവന് ഇണകളും ഉണ്ടായിരിക്കും. അവരാകട്ടെ, അങ്ങേയറ്റം സൗന്ദര്യവതികളായിരിക്കും. ബാഹ്യവും ആന്തരികവുമായ സൗന്ദര്യം ഒന്നിച്ചവർ, മനസ്സിൽ സന്തോഷവും ആഹ്ലാദവും നിറക്കുന്നവർ. ചുറ്റുമാകട്ടെ, അനശ്വരരാക്കപ്പെട്ട കുട്ടികളും സേവകരും. അവർ സമാധാനവും സന്തോഷവും നൽകുന്നു. ജീവിതാസ്വാദനം പൂർണമാകുന്നു. സന്തോഷം അതിന്റെ പാരമ്യതയിലെത്തുന്നു. അതിനെല്ലാമപ്പുറം കരുണാമയനായ റബ്ബിനെ കാണുന്നതിലൂടെ ഏറ്റവും വലിയ വിജയം കരസ്ഥമാക്കുന്നു. അവന്റെ സംസാരം ശ്രവിക്കുന്നു. അവന്റെ സാമീപ്യത്തിന്റെ ആസ്വാദനം അനുഭവിക്കുന്നു. അവന്റെ തൃപ്തിയിൽ സന്തോഷമടയുന്നു.**

(അവർക്ക് അവരുടെ രക്ഷിതാവ് തികച്ചും ശുദ്ധമായ പാനീയം കുടിക്കാൻ കൊടുക്കുന്നതാണ്) ഒരു തരത്തിലുള്ള അശുദ്ധിയും അതിലുണ്ടാവില്ല. വയറിലെ എല്ലാ ഉപദ്രവങ്ങളെയും മാലിന്യങ്ങളെയും അത് ശുദ്ധീകരിക്കും.

22). (തീർച്ചയായും അത്) ഉന്നതമായ പ്രതിഫലവും മനോഹരമായ ദാനവും. (നിങ്ങൾക്കുള്ള പ്രതിഫലമാകുന്നു) നിങ്ങൾ മുമ്പ് ചെയ്ത പ്രവർത്തനങ്ങൾക്കുള്ള. (നിങ്ങളുടെ പരിശ്രമം നന്ദിപൂർവം സ്വീകരിക്കപ്പെട്ടിരിക്കുകയാകുന്നു) അതിൽ നിന്ന് ഒരൽപം; അങ്ങനെ അല്ലാഹു നിങ്ങൾക്ക് അതുമൂലം ക്ലിപ്തപ്പെടുത്താനാവാത്ത നിത്യസുഖം ഏർപ്പെടുത്തിയിരിക്കുന്നു.

ലേഖനം

യൂസുഫ് സാഹിബ് നദ്‌വി ഓച്ചിറ
ynadwi@gmail.com



# ബറേൽവികളുടെ വഹാബി വിമർശനങ്ങൾ

ശൈഖുൽ ഇസ്‌ലാം ഇബ്‌നു തീമിയ്യ, ഇബ്‌നുൽഖയ്യിം, ഇമാം ശൗകാനി തുടങ്ങിയ പ്രമുഖ പണ്ഡിതന്മാരെപ്പറ്റി കേട്ടാൽ അറക്കുന്ന പദപ്രയോഗങ്ങളും ഫത്‌വകളും കൊണ്ട് കുപ്രസിദ്ധമാണ് ബറേൽവിയുടെ രചനകൾ. ശൈഖ് ഇബ്‌നു അബ്ദുൽ വഹാബിന്റെ ചിന്തകളും നവോത്ഥാന, പരിഷ്‌കരണങ്ങളും ഇന്ത്യയിൽ വ്യാപകമാകുന്നതിനെ ഏറ്റവുമധികം ഭയപ്പെട്ട വിഭാഗങ്ങളാണ് ബറേൽവികളും ശിയാക്കളും പിന്നെ സ്വൂഫി ഗ്രൂപ്പുകളും. വരുമാന മാർഗങ്ങൾക്ക് വിലങ്ങുതടിയാകുന്ന എല്ലാ സംരംഭങ്ങളെയും പല്ലും നഖവുമുപയോഗിച്ച് വിമർശിക്കാനും പ്രതിരോധിക്കാനും ഇതര ഗ്രൂപ്പുകൾക്കൊപ്പം ബറേൽവികളും മുന്നോട്ടുവന്നു. നിന്ദ്യവും നികൃഷ്ടവുമായ പദപ്രയോഗങ്ങളാണ് മുകളിൽ പറഞ്ഞ പണ്ഡിതന്മാരെപ്പറ്റി ഈ വിഭാഗം പ്രയോഗിക്കുന്നത്.

ശൈഖ് മുഹമ്മദ് ഇബ്‌നു അബ്ദുൽ വഹാബിനോടുള്ള വിരോധം നിമിത്തം അദ്ദേഹത്തെ വിമർശിക്കാൻ വ്യാജഹദീഥ് പോലും ബറേൽവി സ്വയം നിർമിച്ചു! ഏറ്റവും നികൃഷ്ടരായ മുർതദ്ദുകൾ (മതഭ്രഷ്ടർ) വഹാബികളാണന്ന് ബറേൽവി തന്റെ 'അഹ്കാമുശ്ശരീഅഃ' എന്ന വാറോലയിൽ എഴുതിവിട്ടു. അവിടെയും അവസാനിച്ചില്ല ബറേൽവിയുടെ വഹാബി വിരോധം; 'വഹാബികൾ യഹൂദികളെക്കാളും ബിംബാരാധകരെക്കാളും മജൂസികളെക്കാളും

ഏറ്റവും നികൃഷ്ടരും ഉപദ്രവകാരികളും അശുദ്ധരുമാണ്' എന്ന് അയാൾ ഇതേ വാറോലയിൽ തന്നെ എഴുതിവിട്ടു. വഹാബികൾ മുശ്‌രിക്കുകളാണന്നും അവരെ കർമശാസ്ത്രപരമായി തന്നെ കാഫിറാക്കൽ നിർബന്ധമാണെന്നും അയാൾ പ്രചരിപ്പിച്ചു.

ഹിജാസിൽ ശൈഖ് മുഹമ്മദ് നടത്തിയ ശുദ്ധീകരണ പ്രവർത്തനങ്ങളെ ഏറ്റവും ക്രൂരമായ ഭാഷയിലാണ് ബറേൽവിയും അയാളുടെ ശിഷ്യന്മാരും പരിചയപ്പെടുത്തിയത്. 'അകാരണമായി നിരവധി നിരപരാധികളെ വഹാബികൾ ഹറമൈനിയിൽ വെച്ച് കൊലപ്പെടുത്തി. അവരുടെ ഭാര്യമാരെയും പെൺമക്കളെയും വഹാബികൾ വ്യഭിചരിച്ചു. അവരെ തടവിൽ പാർപ്പിച്ചു. അവരെ അടിമകളാക്കി' എന്നെല്ലാം ബറേൽവിയും ശിഷ്യന്മാരും എഴുതിവിട്ടു. സുൽത്വാൻ ഇബ്നു സുഊദിനെയും ബറേൽവികൾ വെറുതെവിട്ടില്ല. ഹിജാസിലെ നേതാക്കളെയും പണ്ഡിതന്മാരെയും കഴിയുന്നത്ര തേജോവധം ചെയ്യുന്നതിൽ അയാളും അനുയായികളും സുഖം കണ്ടെത്തി. മുർതദ്ദുകൾ, നിരീശ്വര വാദികൾ, ഇബ്‌ലീസുകൾ, കാഫിറുകൾ, ശപിക്കപ്പെട്ടവർ തുടങ്ങിയ പദപ്രയോഗങ്ങൾകൊണ്ട് നിറഞ്ഞവയാണ് ബറേൽവികളുടെ രചനകൾ.

ഹിജാസിലെ സുൽത്വാൻ ഇബ്നുസുഊദിന്റെ കുടുംബത്തിലെ ചിലർ അക്കാലത്ത് ഇന്ത്യ സന്ദർശിച്ചിരുന്നു. ബോംബെയിലെത്തിയ അവരെ ബോംബെ ജുമുഅ മസ്ജിദിലെ ഇമാം ശൈഖ് അഹ്മദ് യൂസുഫും സ്വീകരിക്കാനെത്തി. ഇതും ബറേൽവിയെ പ്രകോപിപ്പിക്കാൻ കാരണമായി. ഇബ്നു സുഊദിന്റെ മക്കളെ സ്വീകരിക്കുകയും നജ്ദിലെ ഭരണകൂടത്തെ പുകഴ്ത്തുകയും വാഴ്ത്തുകയും ചെയ്ത ഇമാം അഹ്മദ് യൂസുഫിനെ ഇക്കാരണത്താൽ കാഫിറും മുർതദ്ദുമായി ചിത്രീകരിക്കാൻ ബറേൽവിക്ക് യതോരു മടിയുമുണ്ടായില്ല.

### പ്രമുഖന്മാരായ പണ്ഡിതന്മാരെയും നേതാക്കളെയും ബറേൽവികൾ വെറുതെ വിട്ടില്ല

ഇന്ത്യയിൽ സമുന്നതമായ നിലയിൽ മദ്റസാ പ്രസ്ഥാനവുമായി കടന്നുവന്ന ദയൂബന്തിലെ പ്രമുഖന്മാരായ പണ്ഡിതന്മാരെയും നേതാക്കളെയും ബറേൽവികൾ വെറുതെ വിട്ടിട്ടില്ല. മൗലാനാ ക്വാസിം നാനൂത്തവി(റഹ്)യുടെ സേവനങ്ങൾ ചരിത്രത്തിന്റെ ഭാഗംതന്നെയായിരുന്നു. സാധാരണ പണ്ഡിത പ്രമുഖന്മാർ ധരിക്കാറുള്ള വേഷഭൂഷാധികളോ തലപ്പാവോ നീളക്കുപ്പായമോ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. സമൂഹത്തിൽനിന്നും ഒഴിഞ്ഞ് കഴിയുന്നതിനായിരുന്നു അദ്ദേഹത്തിന് എന്നും താൽപര്യം. വലിയ ഭക്തനായിരുന്നു. ആർക്കും എന്തിനും ഫത്‌വ നൽകുന്ന സ്വഭാവവും ഇല്ലായിരുന്നു. ഹിജ്റ 1297ൽ മരണപ്പെട്ട മഹാനവർകളെപ്പറ്റി ബറേൽവികൾ ഏറ്റവും മോശമായ ഭാഷയിൽ ഫത്‌വയിറക്കി. മൗലാനാ ക്വാസിം നാനൂത്തവി മതഭ്രഷ്ടനും അദ്ദേഹത്തിന്റെ രചനകൾ അശുദ്ധമാണെന്നും അവർ പ്രചരിപ്പിച്ചു.

മൗലാനാ റഷീദ് അഹ്മദ് ഗാംഗോഹി(റഹ്)യെപ്പറ്റിയും നിരവധി അപരാധങ്ങളാണ് ബറേൽവി നേതാവും അയാളുടെ അനുയായികളും പ്രചരിപ്പിച്ചത്. ഗാംഗോഹി കാഫിറും മുർതദ്ദുമാണന്ന് തുറന്ന് പറയാനും എഴുതാനും ബറേൽവികൾ മടിച്ചിട്ടില്ല. ഗാംഗോഹി കാഫിറാണോയെന്ന് സംശയിക്കുന്നവരും കാഫിറാണെന്ന് ബറേൽവി മൗലാനാ വിധിയെഴുതി! അദ്ദേഹം ബറേൽവികൾക്കെതിരിൽ എഴുതിയ ചില രചനകളെപ്പറ്റി 'മൂത്രത്തെക്കാൾ മ്ലേച്ഛം' എന്നാണ് ബറേൽവി എഴുതിയത്!

**പ്രമുഖ പണ്ഡിതന്മാരെപ്പറ്റി കേട്ടാൽ അറക്കുന്ന പദപ്രയോഗങ്ങളും ഫത്‌വകളും കൊണ്ട് കുപ്രസിദ്ധമാണ് ബറേൽവിയുടെ രചനകൾ. ശൈഖ് ഇബ്നു അബ്ദുൽ വഹാബിന്റെ ചിന്തകളും നവോത്ഥാന, പരിഷ്‌കരണങ്ങളും ഇന്ത്യയിൽ വ്യാപകമാകുന്നതിനെ ഏറ്റവുമധികം ഭയപ്പെട്ട വിഭാഗങ്ങളാണ് ബറേൽവികളും ശിയാക്കളും പിന്നെ സ്വൂഫി ഗ്രൂപ്പുകളും. വരുമാന മാർഗങ്ങൾക്ക് വിലങ്ങുതടിയാകുന്ന എല്ലാ സംരംഭങ്ങളെയും പല്ലും നഖവുമുപയോഗിച്ച് വിമർശിക്കാനും പ്രതിരോധിക്കാനും ഇതര ഗ്രൂപ്പുകൾക്കൊപ്പം ബറേൽവികളും മുന്നോട്ടുവന്നു. നിന്ദ്യവും നികൃഷ്ടവുമായ പദപ്രയോഗങ്ങളാണ് മുകളിൽ പറഞ്ഞ പണ്ഡിതന്മാരെപ്പറ്റി ഈ വിഭാഗം പ്രയോഗിക്കുന്നത്.**



ദയൂബന്തികളുടെ പ്രമുഖ നേതാവും പണ്ഡിതനുമായിരുന്ന മൗലാനാ അഷ്‌റഫ് അലി ഥാനവിയെപ്പറ്റിയും ഇതേനിലപാട് തന്നെയായിരുന്നു ബറേൽവികൾക്ക്. 'പൈശാചികനായ വഹാബി'യെന്നാണ് ബറേൽവി അദ്ദേഹത്തെ പരിചയപ്പെടുത്തിയത്. ദയൂബന്തി പണ്ഡിതനിരയിലെ പ്രഗത്ഭരും പതിനായിരങ്ങളുടെ ഗുരുവര്യന്മാരുമായ മൗലാനാ ഖലീൽ അഹ്മദ് സഹാറൻപൂരി, മഹ്മൂദുൽ ഹസൻ ദയൂബന്തി, ഷബ്ബീർ അഹ്മദ് തുടങ്ങിയ പരമ്പരകളെത്തന്നെ കാഫിറും മുർതദ്ദുമായി വിശേഷിപ്പിച്ചുകൊണ്ട് ബറേൽവി ഫത്‌വയിറക്കിയിട്ടുണ്ട്. ദയൂബന്തികളുടെ പിന്നിൽ നിസ്‌ക്കരിച്ചാൽ തന്നെ കാഫിറാകുമെന്നും അവരുടെ കുഫ്‌റിൽ സംശയിക്കുന്നവരും കാഫിറാണെന്നും ബറേൽവി തുറന്നെഴുതിയിട്ടുണ്ട്.

ദാറുൽഉലൂം ദയൂബന്ധിനെ പ്രകീർത്തിച്ചു പറയുന്നവരും മുസ്‌ലിംകളോട് പെരുമാറുന്ന നിലയിൽ അവരോട് പെരുമാറുന്നവരും അവരെ കൂലിവേലക്ക് വിളിക്കുന്നവരും ഹറാം പ്രവർത്തിക്കുന്നവരാണെന്നും ബറേൽവിയുടെ ഫത്‌വയിൽ പറയുന്നു! അവർക്ക് ഉദ്വുഹിയ്യതിന്റെ മാംസം പോലും നൽകാൻ പാടില്ലെന്നാണ് ബറേൽവികളുടെ മതം പഠിപ്പിക്കുന്നത്. ഇത്തരം മുർതദ്ദുകളുമായി യോജിക്കുന്നതിനെക്കാൾ കാഫിറുകളുമായി യോജിക്കുന്നതാണ് നല്ലതെന്നും ബറേൽവി വാദിക്കുന്നു. ദയൂബന്തികളുടെ ഗ്രന്ഥങ്ങളുടെ മേൽ കാർക്കിച്ചുതുപ്പാനും അതിന്മേൽ മൂത്രമൊഴിക്കാനും ബറേൽവി ആഹ്വാനം ചെയ്യുന്നു.

ലക്നോ ദാറുൽ ഉലൂം നദ്‌വത്തുൽ ഉലമയിലെ അധ്യാപകരും അതിന്റെ സ്ഥാപകരും മുർതദ്ദുകളും നിരീശ്വരവാദികളുമാണെന്നും ബറേൽവി നിർലജ്ജം പ്രചരിപ്പിച്ചു. അവരെയെല്ലാം നരകത്തിന്റെ അവകാശികളായിട്ടാണ് ബറേൽവി വിശേഷിപ്പിച്ചിട്ടുള്ളത്. നദ്‌വത്തുൽ ഉലമയിലെ പ്രമുഖന്മാരായ പണ്ഡിതനേതാക്കളെ കാഫിറാക്കിക്കൊണ്ടുള്ള ബറേൽവി മൗലാനായുടെ ഫത്‌വയെപ്പറ്റിയും അവരോട് ബറേൽവികൾക്കുള്ള അരിശത്തെപ്പറ്റിയും മൗലാനാ സയ്യിദ് അബ്ദുൽഹയ്യ് അൽഹസനി(റഹ്) തന്റെ 'നുസ്ഹതുൽ ഖവാത്വിറി'ൽ വിശദമാക്കിയിട്ടുണ്ട്.

**ഖാദിയാനികൾക്കും ബ്രിട്ടീഷുകാർക്കുമെതിരിൽ ഒരുപോലെ ശക്തമായ നിലപാട് പ്രകടിപ്പിച്ചിരുന്ന പ്രമുഖ നേതാവ് ഉഫർ അലിഖാനെ ബറേൽവികൾ ഫത്‌വക്ക് ഇരയാക്കി ക്രൂശിച്ചു. ബ്രിട്ടീഷ് ഭരണത്തിനെതിരിൽ ഒന്നിക്കാൻ ആഹ്വാനം ചെയ്യുകയും ബ്രിട്ടൺ ഇന്ത്യ വിടണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തവരെയെല്ലാം ബറേൽവികൾ കടന്നാക്രമിച്ചു. ഇംഗ്ലണ്ടിനോടുള്ള കടുത്ത വിധേയത്വവും അനുസരണവുമാണ് ഇതിലൂടെ അയാൾ പ്രകടിപ്പിച്ചത്.**




നദ്‌വികളെയും ദയൂബന്തികളെയും അഹ്‌ലുൽ ഹദീഥുകാരെയും സംയുക്തമായിട്ടാണ് ബറേൽവി 'വഹാബികൾ' എന്ന് വിശേഷിപ്പിക്കുന്നത്. ശിർക്ക്, ഖുറാഫാത്തുകൾക്കെതിരിലുള്ള ഉത്ബോധനവും ചിന്തകളും ഉൾക്കൊള്ളുന്ന എല്ലാ സമൂഹവും ബറേൽവികളുടെ ഭാഷയിൽ വഹാബികളാണ്. അറപ്പും വെറുപ്പുമുളവാക്കുന്ന നിരവധി ഫത്‌വകളും പ്രയോഗങ്ങളും ബറേൽവി ഇവർക്കെതിരിൽ തൊടുത്തുവിട്ടു. ഹനഫികൾക്ക് വഹാബികളുടെ കിണറ്റിലെ വെള്ളവും ഹറാമാണന്ന് ബറേൽവി പ്രചരിപ്പിച്ചു.

ക്വുർആനും സുന്നത്തും അനുസരിച്ചുകൊണ്ട് സംശുദ്ധമായ ജീവിതം നയിച്ച എല്ലാ സമൂഹങ്ങളെയും ബറേൽവികളും അനുയായികളും കടന്നാക്രമിക്കുകയും അവരെപ്പറ്റി കല്ലുവെച്ച നുണകൾ പ്രചരിപ്പിക്കുകയും ചെയ്തു. സുൽത്താൻ ഇബ്നു സുഊദിന്റെ നേതൃത്വത്തിൽ ഹിജാസിൽ നടന്ന ശുദ്ധീകരണ നടപടികളിൽ ഏറ്റവും അസ്വസ്ഥത പ്രകടിപ്പിച്ചത് ശിയാക്കളും ബറേൽവികളുമായിരുന്നു. ശിയാക്കൾക്ക് മുന്നിൽ ബറേൽവികൾ അണിനിരന്നുവെന്ന് പറയുന്നതാകും കൂടുതൽ ശരി. വഹാബികളായ ഹിജാസിലെ നേതാക്കൾ നേതൃത്വം നൽകുന്ന വിശുദ്ധമായ ഹജ്ജ് കർമത്തിന് പുറപ്പെട്ട ഇന്ത്യൻ സമൂഹത്തെ വിലക്കുന്ന നടപടികൾക്കും ബ

റേൽവികൾ ചുക്കാൻ പിടിച്ചു. വഹാബികളുടെ കീഴിൽ ഹജ്ജ് നിർവഹിച്ചാൽ അത് സാധുവാകുകയില്ലെന്ന് സമർഥിച്ചുകൊണ്ട് ബറേൽവികൾ കുപ്രസിദ്ധമായ ഫത്‌വ പുറപ്പെടുവിച്ചു. 'തൻവീറുൽ ഹുജ്ജ ലിമൻ യജൂസു ഇൻതിവാഅൽ ഹിജ്ജ്' എന്ന വാറോല പുറത്തിറക്കുന്നതിന് ചുക്കാൻ പിടിച്ചത് ബറേൽവിയുടെ മകൻ മുസ്ത്വഫ രിദ ആയിരുന്നു.

പ്രമുഖന്മാരായ 50 ബറേൽവി നേതാക്കൾ ഇതിനെ പിന്താങ്ങി ഒപ്പുവെച്ചു. ഹശ്മത്ത് അലി, ബറേൽവിയുടെ മകൻ ഹാമിദ് രിദ, നഈമുദ്ദീൻ മുറാദാബാദി, ദിൽദാർ അലി തുടങ്ങിയ ബറേൽവികൾ അതിൽ ഒപ്പുവെച്ചവരിൽ ഉൾപെടുന്നു. യാതൊരുവിധ അടിസ്ഥാനങ്ങളുമില്ലാത്ത കല്ലുവെച്ച നുണകളും തെറികളുമാണ് സുഊദി ഭരണാധികാരികളെപ്പറ്റി ബറേൽവികൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഹജ്ജിനെ ദുർബലമാക്കിക്കൊണ്ടുള്ള ഫത്‌വകൊണ്ട് താൻ ഉദ്ദേശിക്കുന്നത് നജ്ദിലെ ചെകുത്താനിൽ നിന്നും ഹറമൈനിയുടെ മണ്ണിനെ പവിത്രമാക്കലാണെന്നും ബറേൽവി തട്ടിവിടുന്നു.

ശംസുൽ ഉലമ ഷിബിലി ഉമാനി, സയ്യിദ് അൽത്വാഫ് ഹുസൈൻ ഹാലി, ശൈഖ് ദഖാഉല്ലാ, നവാബ് മഹ്ദി അലി ഖാൻ തുടങ്ങിയ പ്രമുഖന്മാരുടെ നീണ്ട നിരതന്നെ ബറേൽവിയുടെ കുഫ്ർ ഫത്‌വയുടെ കൂരമ്പിന് ഇരയായവരാണ്. നവാബ് മഹ്ദി അലി ഖാനെപ്പറ്റി പ്രത്യേകിച്ച് എടുത്ത് പറയേണ്ടുന്നത്, അറിയപ്പെടുന്ന ശിയാ കുടുംബത്തിലായിരുന്നു അദ്ദേഹം ജനിച്ചത് എന്നതാണ്. നിരന്തരമായ പഠനവും ഗവേഷണവും കാരണം ശിയാക്കളുടെ അപകടകരമായ മാർഗത്തെ അദ്ദേഹം തിരിച്ചറിഞ്ഞു. അങ്ങനെ അതിനെ ഉപേക്ഷിക്കാനും തയ്യാറായി. അഹ്‌ലുസ്സുന്നയുടെ ആദർശമാണ് സത്യമെന്ന് മനസ്സിലാക്കിയ അദ്ദേഹം അതിന്റെ വക്താവും പ്രചാരകനുമായിത്തീർന്നു. ശിയാക്കളെ ഖണ്ഡിച്ചുകൊണ്ട് 'ആയാതുൻ ബയ്യിനാത്' എന്ന പേരിൽ അദ്ദേഹം ഒരു ഗ്രന്ഥം തന്നെ രചിച്ചു. അദ്ദേഹം ശിയാ, ബറേൽവി ആശയങ്ങൾ കയ്യൊഴിഞ്ഞതും പിന്നീട് അവരുടെ വിമർശകനായിത്തീർന്നതും ബറേൽവികളെ ശരിക്കും പ്രകോപിപ്പിച്ചു.


ഇമാമുൽഹിന്ദ് മൗലാനാ അബുൽകലാം ആസാദിനെയും ബറേൽവികൾ വേട്ടയാടി. ശൈഖുൽ ഇസ്‌ലാം ഇബ്നു തീമിയ്യയുടെ ഗ്രന്ഥങ്ങൾ ഇന്ത്യൻ സമൂഹത്തിന് പരിചയപ്പെടാൻ സാധിക്കുന്ന നിലയിൽ ഉർദുവിലേക്ക് പരിഭാഷപ്പെടുത്താൻ അബുൽകലാം ആസാദ് നിർദേശം നൽകിയത് ബറേൽവികളെ പ്രകോപിതരാക്കി. തകിയ്യകളും സ്വൂഫി മജ്‌ലിസുകളും ഒഴിവാക്കാൻ കവിതയിലൂടെ ആഹ്വാനം ചെയ്ത സർ അല്ലാമാ ഇഖ്ബാലിനെയും ബറേൽവികൾ വെറുതെ വിട്ടില്ല. നിരീശ്വരവാദിയും തത്ത്വശാസ്ത്രത്തിന്റെ വക്താവുമായ ഇഖ്ബാലിന്റെ നാവിലൂടെ ഇബ്‌ലീസ് സംസാരിക്കുന്നുവെന്ന് ബറേൽവികൾ പ്രചരിപ്പിച്ചു.

**മക്ക ഹറമിലെ ഇമാം പാകിസ്ഥാൻ സന്ദർശിച്ചപ്പോൾ പാകിസ്ഥാൻ നേതാവ് സിയാവുൾ ഹക്ക്, പഞ്ചാബ് പ്രവിശ്യ അമീർ സുവാൻ ഖാൻ, പാകിസ്ഥാനിലെ നിരവധി മന്ത്രിമാർ, നേതാക്കൾ തുടങ്ങിയവർ ഇമാമിനെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ പിന്നിൽ നിന്ന് നിസ്കരിക്കുകയും ചെയ്തു. ഇതും ഒരുവലിയ പാതകമായിട്ടാണ് ബറേൽവികൾ പ്രചരിപ്പിച്ചത്. ഇവരെയെല്ലാം കൂട്ടത്തോടെ കാഫിറും മുർത്തദ്ദുമാക്കി ബറേൽവികൾ സ്വയം അപഹാസ്യരായി. തുർക്കിയിലെ ഖലീഫയോടുള്ള അനുകമ്പ കാരണമായി ആരെങ്കിലും 'തുർക്കിത്തൊപ്പി' ധരിച്ചാൽ അവരും ഇസ്‌ലാമിന്ന് പുറത്തായിയെന്ന് ബറേൽവി പ്രചരിപ്പിച്ചു.**



ഖാദിയാനികൾക്കും ബ്രിട്ടീഷുകാർക്കുമെതിരിൽ ഒരുപോലെ ശക്തമായ നിലപാട് പ്രകടിപ്പിച്ചിരുന്ന പ്രമുഖ നേതാവ് ളഫർ അലിഖാനെയും ബറേൽവികൾ ഫത്‌വക്ക് ഇരയാക്കി ക്രൂശിച്ചു. ബ്രിട്ടീഷ് ഭരണത്തിനെതിരിൽ ഒന്നിക്കാൻ ആഹ്വാനം ചെയ്യുകയും ബ്രിട്ടൺ ഇന്ത്യവിടണമെന്ന് ആഹ്വാനം ചെയ്യുകയും ചെയ്തവരെയെല്ലാം ബറേൽവികൾ കടന്നാക്രമിച്ചു. ഇംഗ്ലണ്ടിനോടുള്ള കടുത്ത വിധേയത്വവും അനുസരണവുമാണ് ഇതിലൂടെ അയാൾ പ്രകടിപ്പിച്ചത്.

അലീഗഢ് സർവകലാശാലയുടെ സ്ഥാപകൻ സർ സയ്യിദ് അഹമദ്ഖാൻ ബ്രിട്ടീഷ് പക്ഷക്കാരനായിരുന്നു. ബ്രിട്ടന്റെ നല്ല ചിന്തകളെ ഉൾക്കൊള്ളുകയും അതിനെ സമൂഹത്തിന് ഉപയോ



ഗപ്രദമാകുന്ന നിലയിൽ ഉപയോഗിക്കുകയും ചെയ്യണമെന്ന വാദമായിരുന്നു സർ സയ്യിദിന്റെത്. എന്നിട്ടും ബറേൽവികൾസർ സയ്യിദിനെ വെറുതെ വിട്ടില്ല. അദ്ദേഹത്തിനെതിരിലും കുഫ്റിന്റെ ഫത്വ ബറേൽവികൾ പ്രചരിപ്പിച്ചു. പാകിസ്ഥാൻ സ്ഥാപകനും മുസ്ലിം ലീഗിന്റെ അധ്യക്ഷനുമായിരുന്ന മുഹമ്മദലി ജിന്നയും ബറേൽവികളുടെ കടുത്ത കോപത്തിനിരയായി. അദ്ദേഹത്തെയും ബറേൽവിൾ കാഫിറും മുർതദ്ദുമാക്കി പുറംതള്ളി. ജിന്നയെ വാഴ്ത്തിപ്പറയുന്നവന്റെ നിക്കാഹ് ഫസ്ഖാകുമെന്നും ബറേൽവികൾ അണികൾക്ക് മുന്നറിയിപ്പ് നൽകി.

മക്ക ഹറമിലെ ഇമാം പാകിസ്ഥാൻ സന്ദർശിച്ചപ്പോൾ പാകിസ്ഥാൻ നേതാവ് സിയാഉൽ ഹക്ക്, പഞ്ചാബ് പ്രവിശ്യ അമീർ സുവാൻ ഖാൻ, പാകിസ്ഥാനിലെ നിരവധി മന്ത്രിമാർ, നേതാക്കൾ തുടങ്ങിയവർ ഇമാമിനെ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ പിന്നിൽ നിന്ന് നിസ്ക്കരിക്കുകയും ചെയ്തു. ഇതും ഒരുവലിയ പാതകമായിട്ടാണ് ബറേൽവികൾ പ്രചരിപ്പിച്ചത്. ഇവരെയെല്ലാം കൂട്ടത്തോടെ കാഫിറും മുർത്തദ്ദുമാക്കി ബറേൽവികൾ സ്വയം അപഹാസ്യരായി. തുർക്കിയിലെ ഖലീഫയോടുള്ള അനുകമ്പ കാരണമായി ആരെങ്കിലും 'തുർക്കിത്തൊപ്പി' ധരിച്ചാൽ അവരും ഇസ്ലാമിന്ന് പുറത്തായിയെന്ന് ബറേൽവി പ്രചരിപ്പിച്ചു. ചുരുക്കത്തിൽ കാഫിറിലും മുർതദ്ദിലും കുറഞ്ഞതൊന്നും ബറേൽവിയുടെ ഖജനാവിൽ ലഭ്യമായിരുന്നില്ല.


മക്കയിലെ ഉസ്മാനിയാ ഖിലാഫത്തിന്റെ ശാഫിഈ മുഫ്തി അഹ്മദ് സൈനീ ദഹ്ലാനിൽനിന്നും പകർന്നുകിട്ടിയ അറിവുകളാണ് ബറേൽവി ഇന്ത്യയിൽ വാരിവിതറിയത്. തെന്നിന്ത്യൻ മുഫ്തിയായി അറിയപ്പെട്ട അഹ്മദ് കോയ ശാലിയാത്തി അഹ്മദ് രിളാഖാന്റെ ശിഷ്യനും മുരീദുമായിരുന്നു. കേരളത്തിലെ സുന്നികളെന്നറിയപ്പെടുന്നവർ ബറേൽവികളുമായുള്ള ബാന്ധവം ശക്തമാക്കിയതോടെ അവർക്കിടയിൽ ശക്തമായ ആദർശ വ്യതിയാനവും അന്ധവിശ്വാസങ്ങളും കടന്നുകയറി. ശാഫിഈ മദ്ഹബിന്റെ മേൽക്കുപ്പായമായിരുന്നു ശാലിയാത്തി ധരിച്ചതെങ്കിലും അതിനകത്ത് ഒളിപ്പിച്ചത് മുഴുവനും ശിയാ-ബറേൽവി ആശയങ്ങളായിരുന്നു. ഒരുകാലത്ത് പേരിലെങ്കിലും അഹ്ലുസ്സുന്നയുടെ പ്രചാരകരായി അറിയപ്പെട്ട കേരളീയ പണ്ഡിതന്മാരെ ക്രമേണ ബറേൽവിസത്തിന്റെ മേൽക്കുപ്പായമണിഞ്ഞ ശിയാ തത്ത്വശാസ്ത്രം പിടികൂടി അടിമകളാക്കിയെന്ന് പറയുന്നതാകും ശരിയായ വീക്ഷണം.

മുസ്ലിം ലോകത്തിനെയും അവരുടെ സമാദരണീയരായ നേതാക്കളെയും ബറേൽവികൾ വീക്ഷിച്ചിരുന്ന രീതികളെ വിശദമാക്കിക്കൊണ്ട് അറബി ഉൾപെടെയുള്ള നിരവധി ഭാഷകളിൽ ഒട്ടനവധി ഗ്രന്ഥങ്ങൾ ഇന്ന് ലഭ്യമാണ്. അറബികളും അനറബികളും ബറേൽവികളുടെ തനിനിറം ഏകദേശം മനസ്സിലാക്കിയിട്ടുണ്ട്. ബറേൽവികളെപ്പറ്റി പ്രമുഖ പാകിസ്ഥാൻ പണ്ഡിതൻ ശഹീദ് ഇഹ്സാൻ ഇലാഹി രചിച്ച മൂല്യവത്തായ രചന ഒട്ടനവധി ഭാഷകളിൽ പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ട്.

അതിനാൽ അടുത്തകാലം വരെയും ദുരൂഹമായി തുടർന്നിരുന്ന ബറേൽവികളുടെ തനിനിറം ഇന്ന് അറബികളും ഏറെക്കുറെ മനസ്സിലാക്കിയിട്ടുണ്ട്. ഇക്കാരണത്താൽ 'ബറേൽവികൾ' എന്ന നാമംതന്നെ ഇവർക്ക് ഒരു ഭാരമായി അനുഭവപ്പെട്ട് തുടങ്ങിയിട്ടുണ്ട്. കേരളത്തിലെ പ്രമുഖ മതവാണിഭ നേതാവ് വടക്കേ ഇന്ത്യയിലെ ബറേൽവികളുമായി അടുത്തബന്ധം സ്ഥാപിച്ചത് പുതിയമാറ്റത്തിന് കാരണമായിട്ടുണ്ട്. ബറേൽവികളെന്ന പ്രയോഗം പരിഷ്ക്കരിച്ച് 'ബറകാത്ത് രിദാ' എന്ന പേരിലാണ് ഇന്ന് ഇവർ കൂടുതലായി അറിയപ്പെടുന്നത്. കാലോചിതമായ ഒരു പരിഷ്ക്കരണമായി അവസരവാദത്തെ മനസ്സിലാക്കാം. ●

ഫത്ഹുദ്ദീൻ ചുഴലി
mail@nerpatham.com

ലേഖനം



# മനസ്സിനെ ബാധിക്കുന്ന കഠിന രോഗം

**ഏ**തൊരു മനുഷ്യന്റെയും ഇഹപരവിജയത്തിന് നന്മനിറഞ്ഞ ജീവിതം അനിവാര്യമാണ്. മനസ്സ് മലിനമാകുന്നതോടു കൂടി മനുഷ്യന്റെ ജീവിതത്തിൽ നിന്നും നന്മകൾ ഇല്ലാതാകുന്നു. മനസ്സിനെ ബാധിക്കുന്ന രോഗം മനുഷ്യന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും അപകടങ്ങൾ സൃഷ്ടിക്കുന്നു. പരിശുദ്ധ ക്വുർആനിൽ അല്ലാഹു ഉണർത്തുന്നു: "തീർച്ചയായും അതിനെ (മനസ്സിനെ) പരിശുദ്ധമാക്കിയവൻ വിജയം കൈവരിച്ചു" (91:9).

മലിനമായ മനസ്സിൽ പിശാച് ഉണ്ടാക്കിയെടുക്കുന്ന ഒരു മാരകമായ അസുഖമാണ് ഹസദ് അഥവാ അസൂയ എന്നത്. മനുഷ്യന്റെ സർവ നന്മകളെയും ഇല്ലാതാക്കി, അവനെ നഷ്ടക്കാരനാക്കിത്തീർക്കുന്ന ദുർഗുണമാണിത്. അസൂയക്ക് പണ്ഡിതന്മാർ പല നിർവചനങ്ങളും നൽകിയിട്ടുണ്ട്.

ഇമാം ജുർജാനി(റഹ്) പറയുന്നു: 'ഹസദ് എന്ന് പറഞ്ഞാൽ അസൂയ വെക്കപ്പെടുന്നവന് ലഭിച്ച അനുഗ്രഹം അസൂയ വെക്കുന്നവനിലേക്ക് നീങ്ങാൻ ആഗ്രഹിക്കലാണ്.'

അല്ലാമ മുനാവി(റഹ്) പറയുന്നു: 'ഹസദ് എന്നാൽ അനുഗ്രഹത്തിന് അർഹനായവനിൽ നിന്നും അത് നീങ്ങിപ്പോകാൻ ആഗ്രഹിക്കലാണ്.'

മാവർദി(റഹ്) പറയുന്നു: 'അറിയണം, ഹസദ് വളരെ മോശമായ ഒരു സ്വഭാവമാണ്. അതിന്റെ അപകടം ശരീരത്തിനെയും ദീനിനെയും ബാധിക്കുന്നതാണ്. ഹസദിൽ നിന്നും കാവൽ ചോദിക്കാൻ അല്ലാഹു കൽപിക്കുക പോലും ചെയ്തിട്ടുണ്ട്. ചരിത്രത്തിൽ ഹസദ് ഉണ്ടാക്കിയ വിപത്തുകൾ ചെറുതല്ല. ആദം നബി(ﷺ)യുടെ മക്കളിൽ ഒരാളിൽ ഈ ഒരു രോഗം കാരണം സഭവിച്ചത് എന്ത് എന്ന് ക്വുർആൻ വിവരിക്കുന്നുണ്ട്.

"(നബിയേ,) നീ അവർക്ക് ആദമിന്റെ രണ്ടു പുത്രൻമാരുടെ വൃത്താന്തം സത്യപ്രകാരം പറഞ്ഞുകേൾപിക്കുക: അവർ ഇരുവരും ഓരോ ബലിയർപ്പിച്ച സന്ദർഭം, ഒരാളിൽ നിന്ന് ബലി സ്വീകരിക്കപ്പെട്ടു. മറ്റവനിൽ നിന്ന് സ്വീകരിക്കപ്പെട്ടില്ല. മറ്റവൻ പറഞ്ഞു: ഞാൻ നിന്നെ കൊലപ്പെടുത്തുക തന്നെ ചെയ്യും. അവൻ (ബലി സ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു: ധർമനിഷ്ഠയുള്ളവരിൽ നിന്നു മാത്രമെ അല്ലാഹു സ്വീകരിക്കുകയുള്ളൂ. എന്നെ കൊല്ലുവാൻ വേണ്ടി നീ എന്റെ നേരെ കൈനീട്ടിയാൽ തന്നെയും നിന്നെ കൊല്ലുവാൻ വേണ്ടി ഞാൻ നിന്റെ നേരെ കൈനീട്ടുന്നതല്ല. തീർച്ചയായും ഞാൻ ലോകരക്ഷിതാവായ അല്ലാഹുവെ ഭയപ്പെടുന്നു. എന്റെ കുറ്റത്തിനും നിന്റെ കുറ്റത്തിനും നീ അർഹനായിത്തീരുവാനും, അങ്ങനെ നീ നരകാവകാശികളുടെ കൂട്ടത്തിലാകുവാനുമാണ് ഞാൻ ആഗ്രഹിക്കുന്നത്. അതാണ് അക്രമികൾക്കുള്ള പ്രതിഫലം. എന്നിട്ട് തന്റെ സഹോദരനെ കൊല്ലുവാൻ അവന്റെ മനസ്സ് അവന്ന് പ്രേരണ നൽകി. അങ്ങനെ അവനെ കൊലപ്പെടുത്തി. അതിനാൽ അവൻ നഷ്ടക്കാരിൽപെട്ടവനായിത്തീർന്നു" (5:27-30).

യൂസുഫ് നബി(ﷺ)യുടെ ചരിത്രത്തിലും നമുക്ക് അസൂയയുടെ പിന്നാമ്പുറ കഥ കാണുവാൻ സാധിക്കും.

"യൂസുഫും അവന്റെ സഹോദരനുമാണ് നമ്മുടെ പിതാവിന് നമ്മളെക്കാൾ ഇഷ്ടപ്പെട്ടവർ. നമ്മളാകട്ടെ ഒരു (പ്രബലമായ) സംഘമാണ് താനും. തീർച്ചയായും നമ്മുടെ പിതാവ് വ്യക്തമായ വഴിപിഴവിൽ തന്നെയാണ്" (12:8).

പിതാവിന്റെ സ്നേഹം തങ്ങൾക്ക് നഷ്ടപ്പെടുന്നുണ്ടെന്നും യുസുഫിന് അത് കൂടുതൽ ലഭിക്കുന്നുണ്ട് എന്നും ഊഹിച്ച സഹോദരന്മാർ യുസുഫ് നബിയോട് അസൂയാലുക്കളായിരുന്നു. അവരിലുണ്ടായ ഈ രോഗം അവരെ ചെന്നെത്തിച്ചത് സ്വന്തം സഹോദരനെ പൊട്ടക്കിണറ്റിൽ വലിച്ചെറിയുന്നതിലേക്കാണ്. കൊന്നുകളയണം എന്നുവരെ അവരിൽ ചിലർ അഭിപ്രായപ്പെടുകയുണ്ടായി.

മുഹമ്മദ് നബി(ﷺ) വളരെ ഗൗരവത്തിലാണ് അസൂയ എന്ന ദുസ്സ്വഭാവത്തെ കുറിച്ച് നമ്മെ ഉണർത്തിയിട്ടുള്ളത്. അബ്ദുല്ലാഹിബ്നു അംറ്(റ) പറയുകയാണ്: "ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠനായ മനുഷ്യൻ ആരാണെന്ന് നബി(ﷺ) ചോദിക്കപ്പെടുകയുണ്ടായി. അവിടുന്ന് പറഞ്ഞു: 'മഖ്മൂമുൽ ക്വൽബും സ്വദാക്വുല്ലിസാനും (സത്യം മാത്രം പറയുന്നവൻ).' നബി(ﷺ)യിൽ നിന്നും ഇത് കേട്ടപ്പോൾ ആ മനുഷ്യൻ പറഞ്ഞു: 'സ്വദാക്വുല്ലിസാൻ (സത്യം മാത്രം പറയുന്ന ആൾ) എന്നത് മനസ്സിലായി. എന്താണ് മഖ്മൂമുൽ ക്വൽബ് എന്ന് പറഞ്ഞാൽ?' നബി(ﷺ) വിവരിച്ച് കൊടുത്തു: 'അതൊരു ഹൃദയമാണ്. പാപക്കറകളോ പകയോ വിദ്വേഷമോ അസൂയയോ ഇല്ലാത്ത ഹൃദയം."

മറ്റുള്ളവർക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ നീങ്ങിക്കാണാൻ ആഗ്രഹിക്കുക എന്ന വിപത്ത് ഇന്ന് സമൂഹത്തിൽ പടർന്നുപിടിച്ചുകൊണ്ടിക്കുകയാണ്. സ്വന്തം കൂടെപ്പിറപ്പുകളെപ്പോലും അറുകൊല ചെയ്യാൻ ഈ രോഗം കാരണമായിത്തീരാറുണ്ട്. തന്നെക്കാൾ മറ്റുള്ളവർക്ക് എന്ത് അനുഗ്രഹം ലഭിച്ചാലും അതിനെ നല്ല മനസ്സോട്കൂടി കാണാനും അംഗീകരിക്കാനും തയ്യാറാവുകയും അതിന്റെ നിലനിൽപിനും വർധനവിനും വേണ്ടി പ്രാർഥിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അന്യരുടെ നേട്ടങ്ങൾ തകർന്ന് കാണാനും ഇല്ലാതാകാനും ആഗ്രഹിക്കുന്നത് യഥാർഥ വിശ്വാസിയുടെ സ്വഭാവമല്ല.

'ഒരു മനുഷ്യന്റെ ഹൃദയത്തിൽ സത്യവിശ്വാസവും (ഈമാൻ) അസൂയയും ഒരുമിച്ച് കൂടുകയില്ല' എന്ന നബിവചനം ഇതിന്റെ ഗൗരവം ചൂണ്ടിക്കാണിക്കുന്നു. ഈമാനുള്ള ഒരാളും തന്റെ സഹോദരന്റെ

**മറ്റുള്ളവർക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ നീങ്ങിക്കാണാൻ ആഗ്രഹിക്കുക എന്ന വിപത്ത് ഇന്ന് സമൂഹത്തിൽ പടർന്നുപിടിച്ചുകൊണ്ടിക്കുകയാണ്. സ്വന്തം കൂടെപ്പിറപ്പുകളെപ്പോലും അറുകൊലചെയ്യാൻ ഈ രോഗം കാരണമായിത്തീരാറുണ്ട്. തന്നെക്കാൾ മറ്റുള്ളവർക്ക് എന്ത് അനുഗ്രഹം ലഭിച്ചാലും അതിനെ നല്ല മനസ്സോട്കൂടി കാണാനും അംഗീകരിക്കാനും തയ്യാറാവുകയും അതിന്റെ നിലനിൽപിനും വർധനവിനും വേണ്ടി പ്രാർഥിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അന്യരുടെ നേട്ടങ്ങൾ തകർന്ന് കാണാനും ഇല്ലാതാകാനും ആഗ്രഹിക്കുന്നത് യഥാർഥ വിശ്വാസിയുടെ സ്വഭാവമല്ല.**

നന്മകൾ നശിച്ച് കാണാൻ ആഗ്രഹിക്കുകയില്ല. മുസ്‌ലിംകൾ പരസ്പരമുള്ള കടമകളും കടപ്പാടുകളും സ്നേഹബന്ധങ്ങളും എന്തൊക്കെയെന്നും എങ്ങനെയൊക്കെയെന്നും ക്വുർആനും സുന്നത്തും കൃത്യമായി പഠിപ്പിക്കുന്നുണ്ട്.

തന്റെ വാഹനത്തെക്കാൾ മുന്തിയ വാഹനം കൂട്ടുകാരൻ വാങ്ങിയാൽ മനസ്സിനകത്ത് ഒരു ചൊറിച്ചിൽ അല്ലെങ്കിൽ ഒരു അസ്വസ്ഥത അനുഭവപ്പെടുന്നു എങ്കിൽ അത് തന്നെയാണ് അസൂയ. അതേ വാഹനത്തിന് എന്തെങ്കിലും കേട് പറ്റിക്കഴിഞ്ഞാൽ മനസ്സിൽ ഒരു സുഖവും സന്തോഷവും അനുഭവപ്പെടുകയും ചെയ്യുന്നു. ഒരുപക്ഷേ, ബാഹ്യമായി സങ്കടം അഭിനയിക്കുമെങ്കിലും ഉള്ളിൽ ഗൂഢമായ ആനന്ദമുണ്ടായിരിക്കും.

അതുകൊണ്ട് തന്നെ പണ്ഡിതന്മാർ പറഞ്ഞു: മറ്റു രോഗങ്ങളെ പോലെ എളുപ്പത്തിൽ ചികിത്സിച്ചു മാറ്റാൻ കഴിയുന്ന ഒന്നല്ല അസൂയ എന്നത്. ഇത് ബാഹ്യമായി പ്രകടമാവാത്ത ഒന്നായത് കൊണ്ട് മറ്റുള്ളവർക്ക് ഇതുള്ളവരെ ഗുണദോഷിക്കാൻ കഴിയില്ല. സ്വന്തം തന്നെ തിരുത്തൽ അനിവാര്യമായി വരുന്നു. അസൂയാലുക്കളുടെ അസൂയ ഉപദ്രവമുണ്ടാക്കും എന്നത് കൊണ്ട് തന്നെ പരിശുദ്ധ ക്വുർആൻ അസൂയയിൽനിന്ന് അല്ലാഹുവിനോട് ശരണം തേടാൻ ആവശ്യപ്പെടുന്നുണ്ട്. അല്ലാഹു പറയുന്നു:

“പറയുക: പുലരിയുടെ രക്ഷിതാവിനോട് ഞാൻ ശരണം തേടുന്നു. അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ കെടുതിയിൽ നിന്ന്. ഇരുളടയുമ്പോഴുള്ള രാത്രിയുടെ കെടുതിയിൽനിന്നും. കെട്ടുകളിൽ ഊതുന്ന സ്ത്രീകളുടെ കെടുതിയിൽനിന്നും. അസൂയാലു അസൂയപ്പെടുമ്പോൾ അവന്റെ കെടുതിയിൽനിന്നും” (ക്വുർആൻ 113:1-5).

അസൂയാലുവാണെന്ന് ബോധ്യമുള്ളവരോട് സ്വന്തം നേട്ടങ്ങളും നന്മകളും എടുത്ത് പറയാതിരിക്കൽ നല്ലതാണ്. യൂസുഫ് നബി(അ)യുടെ സ്വപ്നം തന്റെ സഹോദരങ്ങളോട് അറിയിക്കരുതെന്ന് യഅ്ക്വൂബ്(അ) പറഞ്ഞത് ശ്രദ്ധേയമാണ്.

“അദ്ദേഹം (പിതാവ് പറഞ്ഞു: എന്റെ കുഞ്ഞുമകനേ, നിന്റെ സ്വപ്നം നീ നിന്റെ സഹോദരൻമാർക്ക് വിവരിച്ചുകൊടുക്കരുത്. അവർ നിനക്കെതിരെ വല്ല തന്ത്രവും പ്രയോഗിച്ചേക്കും. തീർച്ചയായും പിശാച് മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാകുന്നു” (ക്വുർആൻ 12:5).

ഒരു വ്യക്തിയുടെ മനസ്സിൽ ഇത് പോലുള്ള രോഗങ്ങൾ ഉണ്ടാകുന്നത് പിശാചിന്റെ ഇടപെടൽ മൂലമാണെന്ന് വ്യക്തം. എല്ലാ ദുസ്സ്വഭാവങ്ങൾക്കും തെറ്റുകൾക്കും പ്രേരണ നൽകുന്നത് പിശാചാണല്ലോ. അതിനാൽ തന്നെ ശത്രുവായി ക്വുർആൻ പഠിപ്പിച്ച പിശാചിന്റെ കുതന്ത്രങ്ങൾ തിരിച്ചറിഞ്ഞ് ജീവിക്കൽ അനിവാര്യമാണ്.

**മറ്റുള്ളവർക്ക് അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ നീങ്ങിക്കാണാൻ ആഗ്രഹിക്കുക എന്ന വിപത്ത് ഇന്ന് സമൂഹത്തിൽ പടർന്നുപിടിച്ചുകൊണ്ടിക്കുകയാണ്. സ്വന്തം കൂടെപ്പിറപ്പുകളെപ്പോലും അറുകൊലചെയ്യാൻ ഈ രോഗം കാരണമായിത്തീരാറുണ്ട്. തന്നെക്കാൾ മറ്റുള്ളവർക്ക് എന്ത് അനുഗ്രഹം ലഭിച്ചാലും അതിനെ നല്ല മനസ്സോടുകൂടി കാണാനും അംഗീകരിക്കാനും തയ്യാറാവുകയും അതിന്റെ നിലനിൽപിനും വർധനവിനും വേണ്ടി പ്രാർഥിക്കുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. അന്യരുടെ നേട്ടങ്ങൾ തകർന്ന് കാണാനും ഇല്ലാതാകാനും ആഗ്രഹിക്കുന്നത് യഥാർഥ വിശ്വാസിയുടെ സ്വഭാവമല്ല.**

ആരെങ്കിലും നമ്മോട് അസൂയ വെക്കുന്നുണ്ട് എന്ന് മനസ്സിലായാൽ നമ്മോടുള്ള ആ വ്യക്തിയുടെ അസൂയ ഇല്ലാതാക്കാൻ ചില കാര്യങ്ങൾ നമുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ഇബ്നുൽ ക്വയ്യിം(റഹ്) പറയുന്നു: “ആരെങ്കിലും നമ്മോട് അസൂയ വെക്കുന്നുവെങ്കിൽ അവനിൽ നിന്നും അത് ഇല്ലാതാക്കാനുള്ള ഏറ്റവും നല്ല വഴി അവനോട് നല്ലരീതിയിൽ വർത്തിക്കുക എന്നത് തന്നെ. ഇങ്ങനെ ചെയ്യുമ്പോൾ ‘ഞാൻ അവനോട് അസൂയാലുവായിട്ടും എന്നോട് അവൻ എത്ര നല്ല രീതിയിലാണ് പെരുമാറുന്നത്’ എന്ന കുറ്റബോധം അവനിൽ ഉണ്ടാവുകയും അവന്റെ മനസ്സിൽ നിന്നും സ്വാഭാവികമായും ഈ രോഗം ഇല്ലാതാവുകയും ചെയ്യും. പരിശുദ്ധ ക്വുർആനിൽ സൂറഃ ഫുസ്സിലത്ത് 24ാം വചനത്തിലൂടെ അല്ലാഹു നമ്മെ ഉണർത്തിയ തത്ത്വമാണിത്. അല്ലാഹു പറയുന്നു: ‘നല്ലതും ചീത്തയും സമമാവുകയില്ല. ഏറ്റവും നല്ലത് ഏതോ അത് കൊണ്ട് നീ തിന്മയെ പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും ശത്രുതയുണ്ടോ അവനതാ (നിന്റെ) ഉറ്റ ബന്ധു എന്നോണം ആയിത്തീരുന്നു.”

അസൂയ എന്ന മാരകമായ രോഗത്തെ നമ്മുടെ മനസ്സിൽ നിന്നും ഒഴിവാക്കുകയും മറ്റുള്ളവരുടെ നന്മയിലും നേട്ടങ്ങളിലും നാം സന്തോഷിക്കുകയും ചെയ്യുക. അതാണ് യഥാർഥ വിശ്വാസിയുടെ ഗുണം.

ലേഖനം

മുഹമ്മദ് നബിﷺ: 19

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com



# രണ്ടാം അക്വബ ഉടമ്പടി

മദീനയിൽ ഇസ്‌ലാം ഏറെ പ്രചരിച്ചു. പ്രവാചകത്വത്തിന്റെ പതിമൂന്നാം വർഷം; ഹജ്ജിന് സമയമായപ്പോൾ അൻസ്വാറുകളിൽ നിന്നുള്ള 73 ആളുകൾ ഒരുമിച്ചുകൂടി. മുഹമ്മദ് നബിﷺയെ മക്കയുടെ മലയിടുക്കുകളിലൂടെ ആട്ടിയോടിക്കപ്പെട്ടുകൊണ്ടും ഭയത്തോടുകൂടിയുള്ള ജീവിതം നയിച്ചുകൊണ്ടുംഎത്രകാലമാണ് നമ്മൾ വിട്ടേക്കുക എന്ന് അൻസ്വാറുകൾ ചിന്തിച്ചു. എല്ലാവരും ഒന്നിച്ച് ഹജ്ജിനു വേണ്ടി പുറപ്പെടുകയും മുഹമ്മദ് നബിﷺയെ അവിടെ വെച്ച് കണ്ടുമുട്ടുകയും ചെയ്യാമെന്ന് അവർ തീരുമാനിച്ചു.

അങ്ങനെ ശിർക്കിന്റെ ആളുകൾ ഉൾപ്പെടെ 500 ഓളം പേർ മക്കയിലേക്ക് പുറപ്പെട്ടു. തങ്ങൾ മുസ്‌ലിംകളാണ് എന്നുള്ള കാര്യം രഹസ്യമാക്കി വെച്ചുകൊണ്ടാണ് അവർ മക്കയിലേക്ക് പ്രവേശിച്ചത്. അവരുടെ കൂടെ മിസ്ബ്അബ് ഇബ്നു ഉമൈറും ഉണ്ടായിരുന്നു. മക്കയിലെത്തിയ ഉടനെ അദ്ദേഹം ആദ്യമായി നബിﷺയു

ടെ വീട്ടിലേക്ക് ചെന്നു. എന്നിട്ട് അൻസ്വാറുകളെ കുറിച്ചുള്ള വിവരങ്ങൾ നബിയെ അറിയിച്ചു. അവർ ഇസ്‌ലാമിലേക്ക് കാണിക്കുന്ന ധൃതിയെക്കുറിച്ചും വ്യത്യസ്ത ഗോത്രങ്ങളുടെ കാര്യങ്ങളെക്കുറിച്ചും അവരുടെ ശക്തിയെക്കുറിച്ചും കഴിവിനെക്കുറിച്ചുമെല്ലാം അദ്ദേഹം നബിﷺക്ക് വിശദീകരിച്ചുകൊടുത്തു. ഇതെല്ലാം കേട്ട നബിﷺക്ക് ഏറെ സന്തോഷമാവുകയും അവർക്കുവേണ്ടി അദ്ദേഹം പ്രാർഥിക്കുകയും ചെയ്തു. അതിനുശേഷം നബിﷺക്കും അൻസ്വാരികൾക്കും ഇടയിൽ രഹസ്യമായ ബന്ധങ്ങൾ നടന്നു. ഈ രഹസ്യ ബന്ധങ്ങളിലൂടെ അയ്യാമുത്തശ്‌രീകിന്റെ രാത്രിയിൽ രണ്ടു വിഭാഗവും ഒരു സ്ഥലത്ത് ഒരുമിച്ച് കൂടുവാനുള്ള തീരുമാനത്തിലെത്തി. മിനായിൽ നിന്നും വരുമ്പോൾ ഒന്നാമത്തെ ജംറയുടെ അടുത്തുള്ള മലയിടുക്ക് ആയിരുന്നു അത്. ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും മുഖ്യമായ ഒരു കരാർ അവിടെ വെച്ചു നടക്കാൻ പോവുകയാണ്. രാത്രിയിൽ പൂർണമായും രഹസ്യമായിക്കൊണ്ടായിരിക്കണം ഇത് ഉണ്ടായിരിക്കേണ്ടത് എന്നുള്ള തീരുമാനവും അവരിലുണ്ടായിരുന്നു. മദീനയിൽ നിന്നും വന്ന ആളുകളുടെ കൂടെ മുശ്‌രിക്കുകളും ഉണ്ടായിരുന്നു എന്ന് സൂചിപ്പിച്ചുവല്ലോ. അത്കൊണ്ടു തന്നെ അവർ ആരും കാണാതെ രാത്രിയുടെ അവസാന സമയമായപ്പോൾ അതീവ രഹസ്യമായി അക്വബയുടെ അടുക്കലേക്ക് പോവുകയാണ്. അവർ 70 പേരുണ്ടായിരുന്നു. കൂട്ടത്തിൽ രണ്ട് സ്ത്രീകളും ഉണ്ടായിരുന്നു. നസ്വീബ ബിൻത് കഅ്ബ് ആയിരുന്നു അതിലൊന്ന്. ഉമ്മു അമ്മാറ എന്ന പേരിലായിരുന്നു അവർ അറിയപ്പെട്ടിരുന്നത്. അസ്മാഅ് ബിൻത് അംറ് ഇബ്നു അദിയ്യ്ബ്നു സാബിത് ആയിരുന്നു രണ്ടാമത്തെ സ്ത്രീ. ഉമ്മു മനീഅ് എന്നപേരിലായിരുന്നു അവർ അറിയപ്പെട്ടിരുന്നത്.

മദീനക്കാർ മലയിടുക്കിൽ നബിﷺയെ കാത്തിരുന്നു. അവസാനം നബിﷺ അവരിലേക്ക് വന്നു. അന്ന് നബിയുടെ പിതൃവ്യൻ അബ്ബാസുബ്നു അബ്ദുൽ മുത്ത്വലിബും കൂടെയുണ്ടായിരുന്നു. അബ്ദുൽ മുത്ത്വലിബ് തന്റെ ജനതയുടെ മതത്തിൽ തന്നെയായിരുന്നു ഉണ്ടായിരുന്നത്. പക്ഷേ, തന്റെ സഹോദര പുത്രന്റെ കൂടെ സന്നിഹിതനാകാൻ അദ്ദേഹം ഇഷ്ടപ്പെട്ടു എന്നു മാത്രം. മദീനയിൽ നിന്ന് വന്നവരും നബിയും ഒന്നിച്ചിരുന്നു. ആദ്യമായി സംസാരിച്ചത് അബ്ബാസ് ഇബ്നു അബ്ദുൽ മുത്ത്വലിബ് ആയിരുന്നു. അദ്ദേഹം പറഞ്ഞു:

'അല്ലയോ ഖസ്‌റജ് ഗോത്രക്കാരേ, (അറബികൾ മദീനയിലുള്ള ഖസ്‌റജുകാരെയും ഔസുകാരെയും ഖസ്‌റജുകാർ എന്ന് ഒന്നിച്ചായിരുന്നു വിളിച്ചിരുന്നത്. അതുകൊണ്ടാണ് അബ്ബാസ് ഇബ്നു അബ്ദുൽ മുത്ത്വലിബ് ഇങ്ങനെ അഭിസംബോധന ചെയ്തത്). മുഹമ്മദിന്റെ അവസ്ഥ നിങ്ങൾക്ക് അറിയാമല്ലോ. ഈ സമൂഹത്തിൽ നിന്നും മുഹമ്മദിനെ ഞങ്ങൾ സംരക്ഷിച്ചിട്ടുണ്ട്. മുഹമ്മദിന് ഇപ്പോൾ സുരക്ഷിതത്വം ലഭിക്കുന്നു എന്നുള്ള കാര്യം നിങ്ങൾക്ക് അറിയാമല്ലോ.'

മദീനക്കാർ പറഞ്ഞു: 'നിങ്ങൾ പറഞ്ഞതെല്ലാം ഞങ്ങൾ കേട്ടു. ഇനി പ്രവാചകരേ, താങ്കൾ സംസാരിക്കുക. അതുകൊണ്ട് താങ്കൾക്കും താങ്കളുടെ റബ്ബിനും വേണ്ടി താങ്കൾ ഇഷ്ടപ്പെടുന്ന നയം സ്വീകരിക്കുക.'

നബിﷺ സംസാരിക്കാൻ തുടങ്ങി . അവർക്ക് ക്വുർആൻ ഓതിക്കേൾപിച്ചു. അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചു. ഇസ്‌ലാമിന്റെ കാര്യത്തിൽ അവരിൽ താൽപര്യം ഉണ്ടാക്കി. എന്നിട്ട് പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ ഭാര്യമാരെയും നിങ്ങളുടെ മക്കളെയും സംരക്ഷിക്കുന്നത് പോലെ എന്നെയും സംരക്ഷിക്കുമെന്നതിൽ ഞാൻ നിങ്ങളോട് ഉടമ്പടി ചെയ്യുന്നു.'

ഇത് കേട്ടയുടനെ ബർറാഉബ്നു മഅ്റൂർ നബിﷺയുടെ കൈ പിടിച്ചുകൊണ്ട് പറഞ്ഞു: 'അതെ, അല്ലാഹുവാണ് സത്യം! ഞങ്ങൾ ഞങ്ങളുടെ കുടുംബങ്ങളെ സംരക്ഷിക്കുന്ന വിഷയത്തിലെല്ലാം നിങ്ങളെയും സംരക്ഷിക്കാം. അതുകൊണ്ട് അല്ലാഹുവിന്റെ പ്രവാചകരേ, ഞങ്ങളോട് ഉടമ്പടി ചെയ്യുക. ഞങ്ങൾ യുദ്ധത്തിന്റെയും സത്യത്തിന്റെയും ആളുകളാണ്. മുൻഗാമികളിൽ നിന്ന് പകർന്നുകിട്ടിയ ആവേശമാണത്.'



സംസാരത്തിനിടയിൽ കയറിക്കൊണ്ട് അബുൽ ഹൈസം ഇബ്നുത്തൈഹാൻ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ഞങ്ങൾക്കും മദീനയിലുള്ള മറ്റാളുകൾക്കും ഇടയിൽ ചില കരാറുകൾ ഉണ്ട്; അതായത് ജൂതന്മാരുമായി. ആ കരാറുകൾ അവർ ലംഘിച്ചിരിക്കുന്നു. ഇപ്പോൾ എനിക്ക് ചോദിക്കുവാനുള്ളത് നിങ്ങൾ ഞങ്ങളിലേക്ക് വരികയും അങ്ങനെ അല്ലാഹു നിങ്ങൾക്ക് വിജയം നൽകുകയും ചെയ്താൽ ഞങ്ങളെ ഉപേക്ഷിച്ചുകൊണ്ട് നിങ്ങൾ തിരിച്ചു പോകുമോ എന്നാണ്.'

ഇത് കേട്ടപ്പോൾ പുഞ്ചിരിച്ചുകൊണ്ട് നബിﷺ പറഞ്ഞു: 'രക്തത്തിനു പകരം രക്തം. തകർച്ചക്കു പകരം തകർച്ച. ഞാൻ നിങ്ങളിൽ പെട്ടവനാണ്. നിങ്ങൾ എന്നിൽ പെട്ടവരുമാണ്. നിങ്ങൾ യുദ്ധം ചെയ്യുന്നവരോട് ഞാനും യുദ്ധം ചെയ്യും. നിങ്ങൾ സന്ധിയിൽ ഏർപ്പെടുന്നവരുമായി ഞാനും സന്ധിയിൽ ഏർപ്പെടും.'

അങ്ങനെ പരസ്പരമുള്ള ചർച്ചകൾക്കു ശേഷം നബിﷺയും മദീനക്കാരും തമ്മിൽ ഉടമ്പടി നടന്നു. ആദ്യമായി നബിﷺയുടെ കൈ പിടിച്ചുകൊണ്ട് ഉടമ്പടി ചെയ്തത് ബർറാഅ് ബ്നു മഅ്റൂർ رضي الله عنه ആയിരുന്നു. അതിനെ തുടർന്ന് മറ്റുള്ള ആളുകളും ഉടമ്പടി ചെയ്തു. മദീനക്കാർ നബിയുമായി ഉടമ്പടി നടത്തിയപ്പോൾ കഅ്ബയുടെ മുകൾഭാഗത്തുനിന്നും പിശാച് അലറി: 'അല്ലയോ മക്കക്കാരേ, ഇതാ നിങ്ങളുടെ നാശം. ഇവർ നിങ്ങൾക്കെതിരെ യുദ്ധത്തിന് ഒരുങ്ങിയിരിക്കുന്നു.'

നബിﷺ അവിടെ കൂടിയവരോട് പറഞ്ഞു: 'ഇത് അല്ലാഹുവിന്റെ ശത്രുവിന്റെ ശബ്ദമാണ്.' ശേഷം നബിﷺ പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ താമസ സ്ഥലങ്ങളിലേക്ക് പോയിക്കൊള്ളുക.'

ഈ സന്ദർഭത്തിൽ അബ്ബാസ് ഇബ്നു ഉബാദ رضي الله عنه പറഞ്ഞു: 'സത്യവുമായി നിങ്ങളെ നിയോഗിച്ചവൻ തന്നെയാണ് സത്യം! താങ്കൾ ഉദ്ദേശിക്കുന്ന പക്ഷം ഞങ്ങളുടെ വാളുകൾ കൊണ്ട് മിനായിൽ ഉള്ള ആളുകളെ ഒന്നിച്ച് ഞങ്ങൾ നേരിടാം.'

അപ്പോൾ നബിﷺ പറഞ്ഞു: 'അതിനുവേണ്ടി കൽപിക്കപ്പെട്ടവനല്ല ഞാൻ.'

അങ്ങനെ നബിﷺയുടെ അനുചരന്മാർ അവിടെ നിന്നും പോയി. നേരം പുലരുവോളം അവർ ഉറങ്ങി. നേരം പുലർന്നപ്പോൾ ക്വുറൈശികളിൽ പെട്ട ചില ആളുകൾ ഇവരുടെ താമസ സ്ഥലങ്ങളിലേക്ക് ചെന്നു കൊണ്ടു പറഞ്ഞു: 'അല്ലയോ ഖസ്റജ് ഗോത്രക്കാരേ, ഞങ്ങളുടെ നാട്ടുകാരനായ മുഹമ്മദിന്റെ അടുക്കലേക്ക് നിങ്ങൾ വരികയും എന്നിട്ട് ഞങ്ങൾക്കിടയിൽ നിന്ന് മുഹമ്മദിനെ നിങ്ങൾ കൊണ്ടുപോകുകയും ചെയ്യുകയാണെന്ന വിവരം ഞങ്ങൾക്ക് കിട്ടി. ഏത് പേരിലാണ് ഞങ്ങൾ മുഹമ്മദിനോട് യുദ്ധം ചെയ്തിരുന്നത്; ആ കാര്യത്തിൽ നിങ്ങൾ മുഹമ്മദിനോട് ഉടമ്പടി ചെയ്യുകയും ചെയ്തിരിക്കുന്നു എന്ന് ഞങ്ങൾ കേട്ടു' (അഹ്മദ്).

പക്ഷേ, മുശ്രിക്കുകളുടെ ഇത്തരം സംസാരങ്ങൾക്ക് ചെവികൊടുക്കാതെ അവർ ഏറ്റെടുത്ത തങ്ങളുടെ ദൗത്യവുമായി മുന്നോട്ടു പോകുവാൻ തന്നെ ശക്തമായ തീരുമാനത്തിലേക്ക് എത്തിയിരുന്നു. ഒന്നാമത്തെയും രണ്ടാമത്തെയും ഈ അക്വബ ഉടമ്പടി അൻസ്വാറുകളെ സംബന്ധിച്ചിടത്തോളം അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള വലിയ അനുഗ്രഹമായിരുന്നു.

അല്ലാഹു പറയുന്നത് കാണുക: "അതായത് സ്വന്തം വീടുകളിൽ നിന്നും സ്വത്തുക്കളിൽ നിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം). അവർ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു. അവർ തന്നെയാകുന്നു സത്യവാൻമാർ. അവരുടെ (മുഹാജിറുകളുടെ) വരവിനു മുമ്പായി വാസസ്ഥലവും വിശ്വാസവും സ്വീകരിച്ചുവെച്ചവർക്കും (അൻസ്വാറുകൾക്ക്). തങ്ങളുടെ അടുത്തേക്ക് സ്വദേശം വെടിഞ്ഞു വന്നവരെ അ

**നബിﷺയുടെ പ്രബോധനം അൻസ്വാറുകൾ സ്വീകരിച്ചതിലും നബിയെ സഹായിക്കാൻ അവർ തയ്യാറായതും അദ്ദേഹത്തിന്റെ ജനത ഇസ്‌ലാമിലേക്ക് കടന്നുവരുന്നതിൽ വൈകിയതിലും അല്ലാഹുവിന്റെ വലിയ യുക്തി ഉണ്ടായിരുന്നു. നബിﷺയുടെ കുടുംബക്കാരും സ്വന്തക്കാരും സമൂഹവും ഈമാനിലേക്ക് ആദ്യമായി കടന്നുവന്നിരുന്നെങ്കിൽ നേതൃത്വവും അഭിമാനവും ആഗ്രഹിക്കുന്ന ഒരാളെ ജനങ്ങൾ പിൻപറ്റി എന്ന് മറ്റുള്ളവർ പറയുന്ന സാഹചര്യം വന്നെത്തുമായിരുന്നു. എന്നാൽ അകലത്തിലുള്ള ആളുകൾ വിശ്വസിക്കുകയും ഇസ്‌ലാമിലേക്ക് കടന്നുവരികയും ചെയ്തപ്പോൾ അത് അവരുടെ ഈമാനിനോടുള്ള സത്യസന്ധതയും പ്രവാചകൻ കൊണ്ടുവന്ന ആദർശത്തോടുള്ള സ്നേഹവുമാണെന്ന് ബോധ്യപ്പെടുത്തി.**

**നബിﷺക്കും അൻസ്വാരികൾക്കും ഇടയിൽ രഹസ്യമായ ബന്ധങ്ങൾ നടന്നു. ഈ രഹസ്യ ബന്ധങ്ങളിലൂടെ അയ്യാമുത്തശ്‌രീക്വിന്റെ രാത്രിയിൽ രണ്ടു വിഭാഗവും ഒരു സ്ഥലത്ത് ഒരുമിച്ച് കൂടുവാനുള്ള തീരുമാനത്തിലെത്തി. മിനായിൽ നിന്നും വരുമ്പോൾ ഒന്നാമത്തെ ജംറയുടെ അടുത്തുള്ള മലയിടുക്ക് ആയിരുന്നു അത്. ഇസ്‌ലാമിക ചരിത്രത്തിലെ ഏറ്റവും മുഖ്യമായ ഒരു കരാർ അവിടെ വെച്ചു നടക്കാൻ പോവുകയാണ്. രാത്രിയിൽ പൂർണമായും രഹസ്യമായിക്കൊണ്ടായിരിക്കണം ഇത് ഉണ്ടായിരിക്കേണ്ടത് എന്നുള്ള തീരുമാനവും അവരിലുണ്ടായിരുന്നു. മദീനയിൽ നിന്നും വന്ന ആളുകളുടെ കൂടെ മുശ്‌രിക്കുകളും ഉണ്ടായിരുന്നു. അത്കൊണ്ടു തന്നെ അവർ ആരും കാണാതെ രാത്രിയുടെ അവസാന സമയമായപ്പോൾ അതീവ രഹസ്യമായി അക്വബയുടെ അടുക്കലേക്ക് പോയി. അവർ 70 പേരുണ്ടായിരുന്നു.**

വർ സ്നേഹിക്കുന്നു. അവർക്ക് (മുഹാജിറുകൾക്ക്) നൽകപ്പെട്ട ധനം സംബന്ധിച്ചു തങ്ങളുടെ മനസ്സുകളിൽ ഒരു ആവശ്യവും അവർ (അൻസ്വാറുകൾ) കണ്ടെടത്തുന്നുമില്ല. തങ്ങൾക്ക് ദാരിദ്ര്യമുണ്ടായാൽ പോലും സ്വദേഹങ്ങളെക്കാൾ മറ്റുള്ളവർക്ക് അവർ പ്രാധാന്യം നൽകുകയും ചെയ്യും. ഏതൊരാൾ തന്റെ മനസ്സിന്റെ പിശുക്കിൽ നിന്ന് കാത്തുരക്ഷിക്കപ്പെടുന്നുവോ അത്തരക്കാർ തന്നെയാകുന്നു വിജയം പ്രാപിച്ചവർ" (അൽഹശ്ർ:8,9).

ബർറാഅ്ﷺ പറയുന്നു: "നബിﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: 'വിശ്വാസിയല്ലാതെ അൻസ്വാറുകളെ സ്നേഹിക്കുകയില്ല. കപടവിശ്വാസിയല്ലാതെ അൻസ്വാറുകളെ വെറുക്കുകയില്ല. ആരെങ്കിലും അവരെ സ്നേഹിച്ചാൽ അല്ലാഹു അവനെ സ്നേഹിച്ചു. ആരെങ്കിലും അവരെ വെറുത്താൽ അല്ലാഹു അവനെ വെറുക്കും" (ബുഖാരി:3783, മുസ്‌ലിം:75).

നബിﷺ പറഞ്ഞതായി അനസ്ﷺ പറയുന്നു: "അൻസ്വാറുകളോടുള്ള സ്നേഹം ഈമാനിന്റെ അടയാളമാണ്. അൻസ്വാറുകളോടുള്ള വെറുപ്പ് കാപട്യത്തിന്റെ അടയാളമാണ്'' (ബുഖാരി:3784, മുസ്‌ലിം: 74).

അബൂഹുറയ്റﷺ നബിﷺയിൽ നിന്നും നിവേദനം ചെയ്യുന്നു: "അൻസ്വാറുകൾ ഒരു താഴ്‌വരയിലൂടെയും മറ്റുള്ള ആളുകൾ മറ്റൊരു താഴ്‌വരയിലൂടെയും പ്രവേശിച്ചാൽ അൻസ്വാറുകൾ പ്രവേശിച്ച താഴ്‌വരയിലൂടെ ഞാൻ പ്രവേശിക്കും. ഹിജ്റ ഇല്ലായിരുന്നെങ്കിൽ ഞാനും അൻസ്വാറുകളുടെ കൂട്ടത്തിലൊരാൾ ആകുമായിരുന്നു."

നബിﷺയുടെ പ്രബോധനം അൻസ്വാറുകൾ സ്വീകരിച്ചതിലും നബിയെ സഹായിക്കാൻ അവർ തയ്യാറായതും അദ്ദേഹത്തിന്റെ ജനത ഇസ്‌ലാമിലേക്ക് കടന്നുവരുന്നതിൽ വൈകിയതിലും എല്ലാം അറിയുന്ന അല്ലാഹുവിന്റെ വലിയ യുക്തി ഉണ്ടായിരുന്നു. നബിﷺയുടെ കുടുംബക്കാരും സ്വന്തക്കാരും സമൂഹവും ഈമാനിലേക്ക് ആദ്യമായി കടന്നുവന്നിരുന്നെങ്കിൽ നേതൃത്വവും അഭിമാനവും ആഗ്രഹിക്കുന്ന ഒരാളെ ജനങ്ങൾ പിൻപറ്റി എന്ന് മറ്റുള്ളവർ പറയുന്ന സാഹചര്യം വന്നെത്തുമായിരുന്നു. എന്നാൽ അകലത്തിലുള്ള ആളുകൾ വിശ്വസിക്കുകയും ഇസ്‌ലാമിലേക്ക് കടന്നുവരികയും ചെയ്തപ്പോൾ അത് അവരുടെ ഈമാനിനോടുള്ള സത്യസന്ധതയും പ്രവാചകൻ കൊണ്ടുവന്ന ആദർശത്തോടുള്ള സ്നേഹവുമാണെന്ന് ബോധ്യപ്പെടുത്തി. മാത്രവുമല്ല ആ പ്രവാചകനിൽ ആരൊക്കെ വിശ്വസിക്കുന്നുവോ അവർക്കെല്ലാം ഇതിലൂടെ അഭിമാനം ലഭിക്കുമെന്നുള്ള കാര്യവും യാഥാർഥ്യമായി. അല്ലാഹു തന്റെ കാരുണ്യം കൊണ്ട് താൻ ഉദ്ദേശിക്കുന്നവരെ തിരഞ്ഞെടുക്കുന്നു. രണ്ടാം അക്വബ ഉടമ്പടി ഇസ്‌ലാമിക ചരിത്രത്തിലെ ഒരു സുപ്രധാനമായ സംഭവമായിരുന്നു. കാരണം അതിലൂടെയാണ് നബിﷺയുടെ അനുചരന്മാർക്ക് മദീനയിലേക്ക് ഹിജ്റക്ക് വേണ്ടിയുള്ള പാത തുറക്കപ്പെട്ടത്. അങ്ങനെ മദീനയിൽ എത്തിയതോടുകൂടി ഇസ്‌ലാമിന്റെ നിയമങ്ങൾ പഠിപ്പിക്കപ്പെടുകയും ജിഹാദിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും ഇസ്‌ലാം പ്രചരിക്കുകയും വിജയിക്കുകയും ചെയ്തു. പല രാഷ്ട്രങ്ങളും ഇസ്‌ലാമിന്റെ കീഴിൽ വരികയും ചെയ്തു.

"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ" (അന്നൂർ: 55).

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com



# ആകാശത്ത് നിന്നും ഭക്ഷണത്തളിക

**ഈ**സാ നബി(അ) ജനങ്ങളെ തൗഹീദിലേക്ക് അഥവാ ഏകദൈവ വിശ്വാസത്തിലേക്ക് ക്ഷണിച്ചതിനുള്ള ഉദാഹരണം കൈകടത്തലുകൾക്ക് വിധേയമായ പുതിയ നിയമത്തിൽ നിന്നു തന്നെ നാം കാണുകയുണ്ടായി. അപ്രകാരം തന്നെ പരലോക വിശ്വാസത്തെ സംബന്ധിച്ചും അദ്ദേഹം ജനങ്ങളെ ഉത്ബോധിപ്പിച്ചതായി കാണാം. നരകാഗ്നിയിൽ നിന്ന് രക്ഷപ്പെട്ട് സ്വർഗത്തിൽ പ്രവേശിക്കുകയാണ് മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യമെന്ന് അദ്ദേഹം പഠിപ്പിച്ചു. നശ്വരമായ ഈ ലോകത്തിലെ സുഖഭോഗങ്ങളെക്കാൾ ഉദാത്തം അനശ്വരമായ സ്വർഗരാജ്യത്തിലെ ശാശ്വത വാസമാണെന്ന് ഈസാ നബി(അ) ജനങ്ങളെ പഠിപ്പിക്കുകയുണ്ടായി. എത്ര സുന്ദരമായ ഉദാഹരണങ്ങളിലൂടെയാണ് അദ്ദേഹം ഈ കാര്യങ്ങൾ ജനങ്ങളെ പഠിപ്പിച്ചതെന്ന് കാണുക: 'ഭൂമിയിൽ നിക്ഷേപം കരുതിവെക്കരുത്. തുരുമ്പും കീടങ്ങളും അത് നശിപ്പിക്കും. കള്ളന്മാർ തുരന്ന് നശിപ്പിക്കും. എന്നാൽ സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതിവെക്കുക. അവിടെ തുരുമ്പും കീടങ്ങളും അതു നശിപ്പിക്കുകയില്ല. കള്ളന്മാർ മോഷ്ടിക്കുകയില്ല' (മത്തായി 6:19-21).

ശരീരം മുഴുവൻ നരകാഗ്നിയിൽ പതിക്കുന്നതിനെക്കാൾ ഉത്തമം ഇവിടെ വെച്ച് പാപഹേതുവാകുന്ന അവയവങ്ങൾ ഛേദിച്ചു കളയുന്നതാണെന്ന് കർക്കശമായി പഠിപ്പിക്കുന്നു യേശുക്രിസ്തു. ഇഹലോകത്ത് ജീവൻ തന്നെ നഷ്ടപ്പെട്ടാലും പരലോകത്ത് നരകത്തിൽ നിന്ന് രക്ഷപ്പെടുന്നതാണ് ഉത്തമം എന്നും അദ്ദേഹം ജനങ്ങളെ ഉപദേശിച്ചതിൽ നമുക്ക് കാണാവുന്നതാണ്. 'നീ പാപം ചെയ്യാൻ നിന്റെ കൈ കാരണമാകുന്നുവെങ്കിൽ അത് വെട്ടിക്കളയുക. ഇരുകൈകളുമായി നരകത്തിൽ വീഴുന്നതിനെക്കാൾ നല്ലത് വികലാംഗനായി ജീവനിൽ പ്രവേശിക്കുന്നതാണ്. പാപം ചെയ്യാൻ നിന്റെ കാൽ കാരണമാകുന്നുവെങ്കിൽ അത് വെട്ടിക്കളയുക. രണ്ടു കാലുള്ളവനായി നരകത്തിൽ എറിയപ്പെടുന്നതിനെക്കാൾ നല്ലത് മുടന്തനായി ജീവനിൽ പ്രവേശിക്കുന്നതാണ്. നീ പാപം ചെയ്യാൻ നിന്റെ കണ്ണ് കാരണമാകുന്നുവെങ്കിൽ അത് ചൂഴ്ന്നെടുത്ത് കളയുക. ഇരു കണ്ണുകളുമായി നരകത്തിൽ പ്രവേശിക്കുന്നതിനെക്കാൾ നല്ലത് ഒറ്റക്കണ്ണുമായി ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതാണ്. ആ നരകത്തിൽ അവരുടെ പുഴുക്കൾ നശിക്കുന്നതല്ല. തീ കെടുന്നുമില്ല. കാരണം എല്ലാവരിലും തീ കൊണ്ട് ഉപ്പ് ചേർക്കും' (മാർക്കോസ് 9:43-50).

നന്മകൾ ചെയ്യുന്നിടത്ത് ആത്മാർഥതയാണ് വേണ്ടതെന്നും ജനങ്ങളെ കാണിപ്പിക്കരുതെന്നും ഈസാ(അ) ജനങ്ങളെ പഠിപ്പിച്ചു: 'മറ്റുള്ളവരെ കാണിക്കാൻ വേണ്ടി അവരുടെ മുന്നിൽ വെച്ച് നിങ്ങളുടെ സൽകർമങ്ങൾ അനുഷ്ഠിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. അല്ലെങ്കിൽ സ്വർഗസ്ഥനായ പിതാവിങ്കൽ നിങ്ങൾക്ക് പ്രതിഫലമില്ല' (മത്തായി 6:1).

'വലതുകൈ ചെയ്യുന്നത് ഇടതുകൈ അറിയാതിരിക്കട്ടെ. രഹസ്യങ്ങൾ അറിയുന്ന പിതാവ് നിനക്ക് പ്രതിഫലം നൽകും' (മത്തായി 6:4).

കൊല്ലരുതെന്നും വ്യഭിചരിക്കരുതെന്നും ഈസാ(അ) ജനങ്ങളെ അനുശാസിച്ചിരുന്നു: 'ആസക്തിയോടെ സ്ത്രീയെ നോക്കുന്നവൻ ഹൃദയത്തിൽ അവരുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു' (മത്തായി 5:27,28).

പലിശക്കെതിരിലും ഈസാ(അ) ശക്തമായി സംസാരിച്ചിട്ടുണ്ട്. അത് ഇന്ന് ക്രൈസ്തവർക്ക് അനുവദനീയമാണ് എന്നതാണ് വിചിത്രം!

സ്ത്രീ വേഷവിധാനത്തെ പറ്റി ഈസാ(അ) ജനങ്ങളോട് പറഞ്ഞത് കാണുക: 'സ്ത്രീ മൂടുപടമിടുന്നില്ലെങ്കിൽ മുടി കത്രിച്ചു കളയട്ടെ. കത്രിക്കുന്നതോ ക്ഷൗരം ചെയ്യിക്കുന്നതോ സ്ത്രീക്ക് ലജ്ജയെങ്കിൽ മൂടുപടം ഇട്ടുകൊള്ളട്ടെ' (1 കൊരിന്തിയർ 11:6).

'പുരുഷന്റെ വസ്ത്രം സ്ത്രീയും സ്ത്രീയുടെ വസ്ത്രം പുരുഷനും ധരിക്കരുത്. അങ്ങിനെ ചെയ്യുന്നവരൊക്കെയും നിന്റെ ദൈവമായ യഹോവക്ക് വെറുപ്പാകുന്നു' (ആവർത്തന പുസ്തകം 22:5).

അന്ത്യപ്രവാചകന്റെ വരവിനെക്കുറിച്ചും ഈസാ(അ) ജനങ്ങളെ അറിയിച്ചിരുന്നു. ഈ കാര്യങ്ങളെല്ലാം ഇന്നും ബൈബിളിൽ നിലനിൽക്കുന്നത് നമുക്ക് കാണാൻ കഴിയും. എന്നാൽ വേദ പുരോഹിതർ ആ സന്ദേശത്തെ ദുർവ്യാഖ്യാനിച്ച് നിഷേധിക്കുകയാണ് ചെയ്യുന്നത്. ഏത് കള്ളനും ചില

അടയാളങ്ങൾ ശേഷിപ്പിക്കുമെന്ന് പറയുന്നത് പോലെ പല സത്യങ്ങളും ഇന്നും അവയിൽ അവശേഷിച്ചു കൊണ്ടിരിക്കുന്നു.

'ഞാൻ പോകുന്നത് നിങ്ങളുടെ നന്മക്കാണ്. ഞാൻ പോകാതിരുന്നാൽ സഹായകൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഇനിയും പലകാര്യങ്ങൾ എനിക്ക് നിങ്ങളോട് പറയാനുണ്ട്. എന്നാൽ ഇപ്പോൾ നിങ്ങൾക്കത് താങ്ങാൻ സാധ്യമല്ല. സത്യാത്മാവ് വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യത്തിലേക്കും നയിക്കും. സ്വന്തം അധികാരത്തിൽ ഒന്നും അവൻ പറയുകയില്ല. എന്നാൽ താൻ കേൾക്കുന്നതെന്തും അവൻ പറയും. വരാനിരിക്കുന്ന കാര്യങ്ങൾ അവൻ നിങ്ങളോട് പ്രഖ്യാപിക്കും' (യോഹന്നാൻ: 16:12-14).

ഈസാ(അ) അന്ത്യപ്രവാചകന്റെ വരവിനെ പറ്റി അറിയിച്ചതിനെക്കുറിച്ച് ക്വുർആൻ ഇപ്രകാരം പറയുന്നു:

"മർയമിന്റെ മകൻ ഈസാ പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു:) ഇസ്രായീൽ സന്തതികളേ, എനിക്കു മുമ്പുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനായിക്കൊണ്ടും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്നു പേരുള്ള ഒരു ദൂതനെപ്പറ്റി സന്തോഷവാർത്ത അറിയിക്കുന്നവനായിക്കൊണ്ടും നിങ്ങളിലേക്ക് അല്ലാഹുവിന്റെ ദൂതനായി നിയോഗിക്കപ്പെട്ടവനാകുന്നു ഞാൻ. അങ്ങനെ അദ്ദേഹം വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവർ പറഞ്ഞു: ഇത് വ്യക്തമായ ജാലവിദ്യയാകുന്നു" (61:6).

ഈസാ നബി(അ)ക്ക് അല്ലാഹു നൽകിയ ഇഞ്ചീൽ പുരോഹിതന്മാർ അങ്ങേയറ്റം വികൃതമാക്കി. അതിനാൽ തന്നെ ഇന്ന് ക്രിസ്ത്യാനികളുടെ പക്കലുള്ള ബൈബിളിനെ ഒരു വേദഗ്രന്ഥത്തിന്റെ സ്ഥാനത്ത് നാം കണ്ടുകൂടാ.

ബൈബിളിൽ ക്വുർആനിനോടോ സുന്നത്തിനോടോ യോജിപ്പില്ലാത്ത ആശയങ്ങൾ കണ്ടാൽ ആ സന്ദേശം ദൈവികമാകാൻ സാധ്യതയുണ്ടെന്നും വിയോജിപ്പുള്ളവയാണെങ്കിൽ അത് തീർത്തും ദൈവിക ഗ്രന്ഥത്തിൽ നടത്തിയ കൈകടത്തലാണെന്നും ക്വുർആനിലും സുന്നത്തിലും ഉള്ളവക്ക് എതിരാകാതിരിക്കുകയോ അനുകൂലമാകാതിരിക്കുകയോ ചെയ്യുന്നതാണെങ്കിൽ അതിനെ പറ്റി മൗനം പാലിക്കുകയാണ് ചെയ്യേണ്ടത് എന്നുമാണ് ബൈബിളിനോട് മുസ്ലിം സ്വീകരിക്കേണ്ട സമീപനമെന്ന് പണ്ഡിതന്മാർ നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്.

ഓരോ മതക്കാർക്കും അവരുടെ വിശ്വാസം അനുസരിച്ച് ജീവിക്കാൻ ഈ ലോകത്ത് സ്വാതന്ത്ര്യമുണ്ട്. ഇതര മതക്കാരുടെ വിശ്വാസ ആചാരങ്ങളെ പഠന വിധേയമാക്കി സത്യത്തെയും അസത്യത്തെയും വേർതിരിക്കുന്നതിനും ഇവിടെ സ്വാതന്ത്ര്യമുണ്ട്. എന്നാൽ ഈ സ്വാതന്ത്ര്യം ഒരിക്കലും കയ്യേറ്റങ്ങൾക്കോ വൈകാരിക പ്രകടനങ്ങൾക്കോ ഇടയായിക്കൂടാ. ആശയങ്ങൾ തമ്മിൽ പരസ്പരം മാറ്റുരച്ച് വിശദീകരിക്കുക മാത്രമാണ് ഈ സ്വാതന്ത്ര്യത്തിൽ ഒതുങ്ങി നിന്ന് ചെയ്യേണ്ടത്. ഇപ്രകാരം മനുഷ്യർക്കിടയിൽ പഠനങ്ങളും വിമർശനങ്ങളും ഉണ്ടാകുമ്പോൾ ആളുകൾക്ക് തെറ്റും ശരിയും വേർതിരിച്ച് മനസ്സിലാക്കാനും പരസ്പരം അടുക്കാനും സാധിക്കും. ഇത്തരം ആശയ പ്രചാരണം നടക്കാതിരുന്നാൽ തെറ്റുധാരണകൾ വർധിക്കും. അത് മാനുഷികബന്ധങ്ങളെ സാരമായി ബാധിക്കും.

ഈസാ നബി(അ) ജനങ്ങളെ ശുദ്ധമായ തൗഹീദിലേക്ക് ക്ഷണിച്ചു. എന്നാൽ എല്ലാ പ്രവാചകന്മാർക്കും ശത്രുക്കൾ ഉണ്ടായത് പോലെ അദ്ദേഹത്തിനും സ്വന്തം സമൂഹത്തിൽ നിന്ന് ശത്രുക്കൾ ഉണ്ടായി. അദ്ദേഹത്തെ അവർ കൊല്ലാൻ തയ്യാറായി. അവർക്ക് അതിന് സാധിച്ചില്ല എന്നു മാത്രം. ആ കാര്യങ്ങൾ നാം വിശദീകരിച്ചു. ശത്രുത വർധിച്ചപ്പോഴും പ്രബോധന വീഥിയിൽ നിന്ന് അദ്ദേഹം പിന്മാറിയില്ല.

ശത്രുക്കളുടെ നിഷേധം നാൾക്കുനാൾ വർധിച്ചു. ഈസാ നബി(അ)ക്ക് അവരുടെ ചെയ്തികളിൽ നിന്ന് അത് മനസ്സിലായി. അപ്പോൾ അദ്ദേഹം തന്റെ സമൂഹത്തോട് ചോദിച്ചു: ആരുണ്ട് എന്റെ കൂടെ ഉറച്ച് നിൽക്കാൻ? ആ സന്ദർഭത്തെ ക്വുർആൻ ഇപ്രകാരം വിവരിക്കുന്നു.

"എന്നിട്ട് ഈസായ്ക്ക് അവരുടെ നിഷേധസ്വഭാവം ബോധ്യമായപ്പോൾ അദ്ദേഹം പറഞ്ഞു: അല്ലാഹുവിങ്കലേക്ക് എന്റെ സഹായികളായി ആരുണ്ട്? ഹവാരികൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന് താങ്കൾ സാക്ഷ്യം വഹിക്കുകയും ചെയ്യണം. (തുടർന്ന് അവർ പ്രാർഥിച്ചു:) ഞങ്ങളുടെ നാഥാ, നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും, (നിന്റെ) ദൂതനെ ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ സാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തേണമേ. അവർ (സത്യനിഷേധികൾ) തന്ത്രം പ്രയോഗിച്ചു. അല്ലാഹുവും തന്ത്രം പ്രയോഗിച്ചു. അല്ലാഹു നന്നായി തന്ത്രം പ്രയോഗിക്കുന്നവനാകുന്നു" (3:52-54).

ഈസാ(അ) ജനങ്ങളെ ധാരാളം ഉപദേശിച്ചു. എന്നാൽ അധിക പേരും അവിശ്വസിക്കുകയും അനുസരണക്കേട് കാണിക്കുകയും ചെയ്യുകയാണ് ഉണ്ടായത്. ഭൂരിപക്ഷം ജനങ്ങളുടെയും ഈ സമീപനം സ്വാഭാവികമായും ഈസാ(അ)നെ വിഷമിപ്പിച്ചു. ഈ ഘട്ടത്തിൽ ചോദിച്ച കാര്യങ്ങളാണ് മുകളിലെ സൂക്തങ്ങളിൽ നാം കണ്ടത്.

ഞാൻ നിങ്ങളോട് പറയുന്ന ദൈവിക സന്ദേശം കളങ്കമില്ലാതെ ജനങ്ങൾക്കിടയിൽ പ്രബോധനം നടത്താനും 'അല്ലാഹു അല്ലാതെ ആരാധനക്കർഹനില്ല; ഈസാ അല്ലാഹുവിന്റെ ദൂതനാകുന്നു' എന്ന മാർഗത്തിൽ ഉറച്ച് നിന്ന് എന്നെ സഹായിക്കാനും നിങ്ങളിൽ ആരാണ് തയ്യാറുള്ളവർ എന്ന് ഈസാﷺ ഇസ്രാഈല്യരോട് ചോദിച്ചു. ഈ ചോദ്യത്തിന് അവരിൽ കുറച്ച് പേർ ഉത്തരം നൽകി. അവരാണ് ഹവാരികൾ. 'ഹവാരിയ്യ്' എന്നതിന് സഹായി എന്നാണ് നമുക്ക് അർഥം നൽകാൻ കഴിയുക. അഥവാ, അല്ലാഹുവിന്റെ മതം പ്രചരിപ്പിക്കുകയും പ്രബോധനം ചെയ്യുകയും ചെയ്യുന്നതിൽ ഞങ്ങൾ ഞങ്ങൾക്ക് കഴിയുന്നതെല്ലാം ചെയ്യാം എന്ന് പറഞ്ഞ് മുന്നോട്ട് വന്നവർ. ഇവരാണ് ഈസാനബിﷺയുടെ ശിഷ്യന്മാരായി അറിയപ്പെട്ടത്. ഇവർ 'അപ്പോസ്തലന്മാർ' എന്ന പേരിലാണ് അറിയപ്പെടുന്നത്. ഈ അപ്പോസ്തലന്മാർ പന്ത്രണ്ട് പേരായിരുന്നു എന്നാണ് ചരിത്രത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. അല്ലാഹുവാണ് നന്നായി അറിയുന്നവൻ.

അല്ലാഹുവാണ് എല്ലാം പടച്ചവനെന്നും അല്ലാഹുവിന്റെ പ്രവർത്തനങ്ങളിലും നാമഗുണ വിശേഷണങ്ങളിലും അവൻ ഏകനാണെന്നും അവന് തുല്യനായി യാതൊരു വസ്തുവുമില്ല എന്ന് നിഷ്കളങ്കമായി ഞങ്ങൾ വിശ്വസിക്കുന്നു എന്നതായിരുന്നു അവരുടെ ആദ്യ പ്രഖ്യാപനം. ഞങ്ങൾ മുസ്‌ലിംകളാണെന്നും അല്ലാഹുവിന് വഴിപ്പെട്ട് ജീവിക്കാൻ ഞങ്ങൾ സന്നദ്ധരാണെന്നും അവർ അവിടെ വെച്ച് പരസ്യമാക്കി. അവർ ഇപ്രകാരം പ്രാർഥിക്കുകയും ചെയ്തു: 'ഞങ്ങളുടെ നാഥാ, നീ അവതരിപ്പിച്ചു തന്നതിൽ ഞങ്ങൾ വിശ്വസിക്കുകയും (നിന്റെ) ദൂതനെ ഞങ്ങൾ പിൻപറ്റുകയും ചെയ്തിരിക്കുന്നു. ആകയാൽ സാക്ഷ്യം വഹിച്ചവരോടൊപ്പം ഞങ്ങളെ നീ രേഖപ്പെടുത്തേണമേ.'

ഹവാരികൾ ആരാണെന്ന് നാം പറഞ്ഞുവല്ലോ. നബിﷺയും ഹവാരിയ്യ് എന്ന് പ്രയോഗിച്ചത് ഹദീഥിൽ വന്നിട്ടുണ്ട്.

ജാബിർؓവിൽ നിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: നബിﷺ പറഞ്ഞു: 'അഹ്സാബ് യുദ്ധത്തിന്റെ ദിവസം (ശത്രു)സംഘത്തിന്റെ വിവരങ്ങൾ ആരാണ് എനിക്ക് കൊണ്ടുവന്നു തരിക?' സുബൈർؓ പറഞ്ഞു: 'ഞാൻ.' പിന്നെയും നബിﷺ ചോദിച്ചു: '(ശത്രു)സംഘത്തിന്റെ വിവരങ്ങളുമായി ആരാണ് എനിക്ക് കൊണ്ടുവന്നു തരിക?' സുബൈർؓ പറഞ്ഞു: 'ഞാൻ.' അപ്പോൾ നബിﷺ പറഞ്ഞു: 'തീർച്ചയായും എല്ലാ പ്രവാചകനും ഒരു ഹവാരിയ്യ് ഉണ്ട്. എന്റെ ഹവാരിയ്യ് സുബൈറാകുന്നു' (ബുഖാരി, മുസ്‌ലിം).

വിവിധ കക്ഷികൾ ചേർന്ന് മുസ്‌ലിംകൾക്കെതിരിൽ പടക്കൊരുങ്ങിയ അപകടകരമായ ഒരു സന്ദർഭമായിരുന്നു അത്. ആ അവസരത്തിൽ നബിﷺ യുദ്ധ തന്ത്രത്തിന്റെ ഭാഗമായി ശത്രു പാളയത്തിന്റെ നീക്കങ്ങളെ കുറിച്ച് അറിയൽ അനിവാര്യമായിരുന്നു. ആ വിവരം തനിക്ക് അറിയിച്ചു തരാൻ ആരാണ് നിങ്ങളുടെ കൂട്ടത്തിൽ എന്നതായിരുന്നു മുഹമ്മദ് നബിﷺയുടെ ചോദ്യം. ആവർത്തിച്ച് ചോദിച്ചപ്പോഴും സുബൈർؓ ഞാനെന്ന് പറഞ്ഞ് മുന്നോട്ടു വന്നു. നബിﷺ ആ സന്ദർഭത്തിൽ പറഞ്ഞു: എല്ലാ പ്രവാചകനും ഒരു ഹവാരിയ്യ് ഉണ്ട്. എന്റെ ഹവാരിയ്യ് സുബൈറാകുന്നു. എന്ത് ത്യാഗം സഹിച്ചും സഹായിക്കാൻ സന്നദ്ധനാവുക എന്നതാണ് ഹവാരിയ്യ് എന്നതിന്റെ ഉദ്ദേശ്യം എന്ന് ഈ ഹദീഥും നമുക്ക് വ്യക്തമാക്കി തരുന്നുണ്ട്.

ഈസാﷺയുടെ ഹവാരിയ്യുകളെ ഉദാഹരിച്ച് കൊണ്ട് വിശ്വാസികളോട് അല്ലാഹുവിന്റെ സഹായികളാകാൻ ഉണർത്തിയത് ക്വുർആനിൽ നമുക്ക് കാണാവുന്നതാണ്.

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിന്റെ സഹായികളായിരിക്കുക. മർയമിന്റെ മകൻ ഈസാ അല്ലാഹുവിങ്കലേക്കുള്ള മാർഗത്തിൽ എന്റെ സഹായികളായി ആരുണ്ട് എന്ന് ഹവാരികളോട് ചോദിച്ചതു പോലെ. ഹവാരികൾ പറഞ്ഞു: ഞങ്ങൾ അല്ലാഹുവിന്റെ സഹായികളാകുന്നു. അപ്പോൾ ഇസ്രായീൽ സന്തതികളിൽ പെട്ട ഒരു വിഭാഗം വിശ്വസിക്കുകയും മറ്റൊരു വിഭാഗം അവിശ്വസിക്കുകയും ചെയ്തു. എന്നിട്ട് വിശ്വസിച്ചവർക്ക് അവരുടെ ശത്രുവിനെതിരിൽ നാം പിൻബലം നൽകുകയും അങ്ങനെ അവൻ മികവുറ്റവരായി ത്തീരുകയും ചെയ്തു" (61:14).

സത്യവിശ്വാസികളേ എന്ന് വിളിച്ചുകൊണ്ടാണല്ലോ ക്വുർആൻ ഈ കാര്യം നമ്മോട് ഉണർത്തുന്നത്. സത്യവിശ്വാസികളേ എന്ന് വിളിച്ചുള്ള ക്വുർആനിന്റെ അഭിസംബോധന വിശ്വാസികൾ കണ്ണും കാതും കൊടുത്ത് ശ്രദ്ധിച്ച് കേൾക്കണം എന്നാണ് പണ്ഡിതന്മാർ പറയുന്നത്.

അല്ലാഹുവിന്റെ മതത്തെ വികലമാക്കി അവതരിപ്പിക്കുന്ന, ഇസ്‌ലാമിന് പുറത്തും അകത്തും നിന്നുള്ള ശത്രുക്കളുടെ വികല വാദങ്ങൾക്ക് മറുപടി കൊടുക്കാൻ ഇസ്‌ലാമിക പ്രമാണങ്ങൾ പഠിച്ചും പഠിച്ചിട്ടുള്ളവ ജീവിതത്തിൽ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്നും മതം പ്രബോധനം ചെയ്തും അല്ലാഹുവിനെ സഹായിക്കാനാണ് ഈ സൂക്തത്തിലൂടെ ആഹ്വാനം ചെയ്യുന്നത്. എന്നാൽ ഈ ആഹ്വാനത്തെ സ്വീകരിക്കാനും തിരസ്കരിക്കാനും ആളുകൾ ഉണ്ടാകും. അല്ലാഹുവിന്റെ ആഹ്വാനത്തെ സ്വീകരിക്കുന്നവർക്കാണ് വിജയമെന്നും അല്ലാഹു ഈ ആഹ്വാനത്തിലൂടെ വിശ്വാസികളെ അറിയിക്കുകയാണ്.

ഹവാരിയ്യുകളെ പറ്റി ഇനിയും ക്വുർആൻ മറ്റൊരു ഭാഗത്ത് പ്രസ്താവിക്കുന്നത് കാണുക: "നിങ്ങൾ എന്നിലും എന്റെ ദൂതനിലും വിശ്വസിക്കൂ എന്ന് ഞാൻ ഹവാരികൾക്ക് ബോധനം നൽകിയ സന്ദർഭത്തിലും. അവർ പറഞ്ഞു: ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങൾ മുസ്‌ലിംകളാണെന്നതിന് നീ സാക്ഷ്യം വഹിച്ച് കൊള്ളുക" (5:111).

ഹവാരികൾക്ക് ഞാൻ വഹ്‌യ് നൽകി എന്നാണ് ക്വുർആൻ പ്രയോഗിച്ചത്. അല്ലാഹു വഹ്‌യ് നൽകുന്നത് പ്രവാചകന്മാർക്കാണല്ലോ. അപ്പോൾ ഹവാരികൾ പ്രവാചകന്മാരാണോ? അല്ല! വഹ്‌യ് നൽകുക എന്ന ക്വുർആനിലെ എല്ലാ പ്രയോഗവും പ്രവാചകന്മാർക്ക് ദിവ്യസന്ദേശം നൽകുക എന്ന അർഥത്തിലല്ല ഉള്ളത്. തോന്നിപ്പിക്കുക എന്ന അർഥത്തിൽ ധാരാളം സ്ഥലങ്ങളിൽ ഉപയോഗിച്ചത് പല തവണ നാം മനസ്സിലാക്കിയിട്ടുണ്ട്. ഈ അർഥത്തിൽ തന്നെയാണ് ഈ സൂക്തത്തിലും ഉപയോഗിച്ചിരിക്കുന്നത്.

ഹവാരികൾക്ക് അല്ലാഹുവിലും അവന്റെ റസൂലായ ഈസായിലും വിശ്വസിക്കാൻ തോന്നിപ്പിച്ചു. ഒരാൾ അല്ലാഹുവിൽ മാത്രം വിശ്വസിച്ചത് കൊണ്ട് അയാളുടെ വിശ്വാസം ശരിയാകുന്നതല്ല. അല്ലാഹു അയച്ചിട്ടുള്ള ദൂതന്മാരിലും വിശ്വസിക്കുമ്പോൾ മാത്രമെ അയാളുടെ വിശ്വാസം ശരിയാവുകയുള്ളൂ.

ഹവാരികൾ അല്ലാഹുവിന്റെ കൽപന സ്വീകരിച്ചു. അവർ അവരുടെ വിശ്വാസം പ്രഖ്യാപിക്കുകയും ചെയ്തു. ഞങ്ങൾ വിശ്വസിച്ചിരിക്കുന്നുവെന്നും അല്ലാഹുവിന്റെ എല്ലാ കൽപനകൾക്കും ഞങ്ങൾ കീഴ്പെട്ട് മുസ്‌ലിംകളായിരിക്കുന്നു എന്നും പ്രഖ്യാപിച്ചു.

ഈസാ(عليه السلام)യുടെ ശിഷ്യന്മാരായ ഹവാരികൾ ഒരിക്കൽ ഈസാ(عليه السلام)യോട് ഒരു കാര്യം ആവശ്യപ്പെട്ടു. അതിനെ പറ്റിയുള്ള ക്വുർആൻ വിശദീകരിക്കുന്നത് കാണുക:

"ഹവാരികൾ പറഞ്ഞ സന്ദർഭം ശ്രദ്ധിക്കുക: മർയമിന്റെ മകനായ ഈസാ, ആകാശത്തുനിന്ന് ഞങ്ങൾക്ക് ഒരു ഭക്ഷണത്തളിക ഇറക്കിത്തരുവാൻ നിന്റെ രക്ഷിതാവിന് സാധിക്കുമോ? അദ്ദേഹം പറഞ്ഞു: നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവെ സൂക്ഷിക്കുക. അവർ പറഞ്ഞു: ഞങ്ങൾക്കിതിൽ നിന്ന് ഭക്ഷിക്കുവാനും അങ്ങനെ ഞങ്ങൾക്ക് മനസ്സമാധാനമുണ്ടാകുവാനും താങ്കൾ ഞങ്ങളോട് പറഞ്ഞത് സത്യമാണെന്ന് ഞങ്ങൾക്ക് ബോധ്യമാകുവാനും ഞങ്ങൾ അതിന് ദൃക്സാക്ഷികളായിത്തീരുവാനുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. മർയമിന്റെ മകൻ ഈസാ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവായ അല്ലാഹുവേ, ഞങ്ങൾക്ക് നീ ആകാശത്ത് നിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തരേണമേ. ഞങ്ങൾക്ക് ഞങ്ങളിലെ ആദ്യത്തിലുള്ളവന്നും അവസാനത്തിലുള്ളവന്നും ഒരു പെരുന്നാളും നിന്റെ പക്കൽനിന്നുള്ള ഒരു ദൃഷ്ടാന്തവുമായിരിക്കണം അത്. ഞങ്ങൾക്ക് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. നീ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ. അല്ലാഹു പറഞ്ഞു: ഞാൻ നിങ്ങൾക്കത് ഇറക്കിത്തരാം. എന്നാൽ അതിന് ശേഷം നിങ്ങളിൽ ആരെങ്കിലും അവിശ്വസിക്കുന്ന പക്ഷം ലോകരിൽ ഒരാൾക്കും ഞാൻ നൽകാത്ത വിധമുള്ള (കടുത്ത) ശിക്ഷ അവന്ന് നൽകുന്നതാണ്" (5:112-115).


ഈസാനബി(عليه السلام)യോട് ഹവാരികൾ ആകാശത്തുനിന്ന് അത്ഭുതകരമായി ഒരു ഭക്ഷണത്തളിക ഇറക്കിത്തരാൻ അല്ലാഹുവിന് സാധിക്കുമോ എന്നാണ് ചോദിച്ചത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ സൂക്ഷിക്കുക എന്നാണ് അദ്ദേഹം ഉടൻ നൽകിയ മറുപടി. മുൻകാല പ്രവാചകന്മാരോട് വിശ്വാസികൾ അത്ഭുതകരമായ കാര്യങ്ങൾ ആവശ്യപ്പെടുകയും അത്ഭുതങ്ങൾക്ക് സാക്ഷികളായതിന് ശേഷം നന്ദികേട് കാണിക്കുകയും ചെയ്ത നിരവധി സംഭവങ്ങൾ കഴിഞ്ഞുപോയിട്ടുണ്ടല്ലോ. അതിനാലാകാം ഈസാ(عليه السلام) ശിഷ്യന്മാരോട് ഇപ്രകാരം മറുപടി പറഞ്ഞത്.

ശിഷ്യന്മാർ ഏറെ ആഗ്രഹത്തോടെ വീണ്ടും ആവശ്യപ്പെട്ടു. അത്ഭുതകരമായ ആ തളികയിൽ നിന്ന് ഭക്ഷിക്കാനും ആ അത്ഭുതം കാണുന്നതിലൂടെ ഞങ്ങൾക്ക് വിശ്വാസത്തിൽ കൂടുതൽ ഉറപ്പ് ലഭിച്ച് ആശ്വാസം ലഭിക്കുന്നതിനും താങ്കൾ ഞങ്ങളോട് പറഞ്ഞ കാര്യങ്ങളെല്ലാം സത്യമാണെന്ന് ഞങ്ങൾക്ക് ബോധ്യപ്പെടുന്നതിനും ആ അത്ഭുതത്തിന് ഞങ്ങൾ സാക്ഷികളാകുന്നതിന് വേണ്ടിയും അല്ലാഹുവിനോട് താങ്കൾ ആവശ്യപ്പെട്ടാൽ അത് സാധിക്കുമോ എന്ന് വീണ്ടും അവർ ഈസാ(عليه السلام)നോട് ആവശ്യപ്പെടുന്നു. അപ്പോൾ ഈസാ(عليه السلام) അല്ലാഹുവിനോട് അതിനായി തേടി.

ഭക്ഷണത്തളിക നിങ്ങൾക്ക് ഇറക്കിത്തരാമെന്ന് അല്ലാഹു ഉത്തരം നൽകി. എന്നാൽ ഈ അത്ഭുതം കണ്ടതിന് ശേഷം ആരെങ്കിലും നിഷേധിച്ചാൽ ഒരാൾക്കും ലഭിച്ചിട്ടില്ലാത്ത വിധം ശക്തമായ ശിക്ഷയും നൽകുന്നതാണെന്ന് അല്ലാഹു അവർക്ക് മുന്നറിയിപ്പ് നൽകി. തുടർന്ന് എന്താണ് സംഭവിച്ചതെന്ന് ക്വുർആൻ പറയുന്നില്ല. എന്നാൽ ക്വുർആൻ വ്യാഖ്യാതാക്കളിൽ ഭൂരിപക്ഷവും ഈ സൂക്തത്തിലെ പരാമർശത്തെ കണക്കിലെടുത്ത് കൊണ്ട് അല്ലാഹു അത് അവർക്ക് ഇറക്കിക്കൊടുത്തു എന്നാണ് അഭിപ്രായപ്പെടുന്നത്. മുജാഹിദ്(رحمه الله)വിനെ പോലെയുള്ള മഹാന്മാർ പറയുന്നത് അല്ലാഹു അവർക്ക് അത് ഇറക്കിയിട്ടില്ലെന്നാണ്. കാരണം, അവസാനത്തിലെ അല്ലാഹുവിന്റെ താക്കീത് അവരെ പേടിപ്പെടുത്തി എന്നാണ്. ഈ കാര്യത്തെ സംബന്ധിച്ച് ഖണ്ഡിതമായി നമുക്ക് ഉറപ്പിച്ച് പറയാൻ സാധ്യമല്ല. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

# നമസ്കാരം



അഞ്ച് സമയത്തെ നിസ്കാരത്തെ
അല്ലാഹു നിർബന്ധമാക്കിയല്ലോ
നിത്യമാം സ്വർഗത്തിലെത്തിടുവാൻ
നിത്യവും നിസ്കാരം വേണം ചേലിൽ
നന്നായ് ശരീരത്തെ വൃത്തിയാക്കാം
നമ്മുടെ വസ്ത്രവും ശുദ്ധമാക്കാം
നബിയുല്ല കാണിച്ചുതന്ന പോലെ
നമ്മൾക്ക് വുളു ചെയ്ത് തയ്യാറാകാം
മുത്ത് നബിയുടെ നിസ്കാരത്തിൻ
രൂപം നാം നന്നായ് പഠിച്ചിടേണം
നിൽപ്പത് റബ്ബിന്റെ മുമ്പിലെന്ന
ചിന്തയാൽ കർമങ്ങൾ ചെയ്തിടേണം
ഭക്തിയും വിനയവും വേണമുള്ളിൽ
ഭയവും പ്രതീക്ഷയും കൂടെ വേണം
ചിത്തത്തിൽ മറ്റുള്ള ചിന്ത വേണ്ടാ
ചന്തത്തിൽ നിസ്കാരം നിർവഹിക്കാം
നിൽപ്പും റുകൂഉം സുജൂദുമൊക്കെ
കൃത്യമായ് നന്നായി ചെയ്തിടേണം
അർഥമറിഞ്ഞു നാം പ്രാർഥിക്കണം
അല്ലാന്റെ കാരുണ്യം തേടിടേണം




WISDOM

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
27 APRIL 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

جامعة الهند الإسلامية
School Of Qur'an

# അഡ്മിഷൻ ആരംഭിച്ചു

“നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി”

# സ്കൂൾ ഓഫ് ഖുർആൻ

ക്ലാസുകൾ,
ഞായറാഴ്ചകളിലും
പൊതു അവധി ദിവസങ്ങളിലും
മാത്രം!

ജൂൺ ഒന്നിന് ആറര വയസ്
കവിയാത്ത, സ്കൂളിൽ
ഒന്നാം ക്ലാസിൽ ചേർന്ന
വിദ്യാർഥികൾക്ക്
പ്രവേശം

## സവിശേഷതകൾ:

- ഖുർആൻ പഠനത്തിന് പ്രത്യേക ഫോർമുല, പരിശീലനം സിദ്ധിച്ച അധ്യാപകർ
- ഹദീഥ്, അറബി, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം എന്നിവയിൽ പഠനം
- നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ, ഫോളോ അപ്പിനായി സ്റ്റഡി ട്രാക്കറുകൾ
- ഖുർആൻ പഠനത്തിന് മൊബൈൽ ആപ്ലിക്കേഷൻ, കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ...
- ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്, കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ
- രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- എല്ലാ മാസവും പാരന്റ്സ് ക്ലാസുകൾ, വീഡിയോ ലക്ചറിംഗ്, ഇവാലുവേഷൻ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ, നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- സാധാരണക്കാരെ പരിഗണിക്കുന്ന കുറഞ്ഞ ഫീസ് നിരക്കുകൾ

Kasaragode: 8089192273, 9447491125 | Kanhangad: 9544874747, 9847507310
Thaliparamb: 8606776770, 7012434230 | Kinavakkal: 9400083931, 9895794498
Kappad: 9846808230, 9037536150 | Vadakra: 9961037934, 9995494598 | Parappanagadi: 9544924596
Thottasheriyara: 8606600555 | Manjeri: 9605605808, 9846872999 | Mukkam: 8606788882
Kottakkal: 9447624148, 9747621124 | Tirur: 9633099992, 9037155151 | Maranjery: 7559955255
Vengidangu: 9048869220 | Edathanattukara: 9495467259, 9446157890 | Attingal: 9497714521, 7902513053
Kollam: 8089546729 | Alappuzha: 9895629378 | Coimbatore: 9080475224

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | www.schoolofquran.in | info@schoolofquran.in